November 2008 JEEVA MOZHIKAL RNI/KERBIL/-2003/21404 Regn No: KL/KTM/608/2006-08
www.jeevamozhikal.net WPP No. KL/KTM/WPP-212/2006-

# അവിശ്വാസത്തിന്റെ മൂടൽ മഞ്ഞ്

**വി**ശ്വാസവീരനായ ജോർജ് മുള്ളർ കപ്പലിൽ യാത്രചെയ്യുകയായിരുന്നു. ന്യൂഫൗണ്ട്ലാൻഡിൽനിന്ന് ക്യൂബക്കിലേക്ക് പോകുന്നതായിരുന്നു ആ കപ്പൽ. പക്ഷേ യാത്ര പുറപ്പെട്ട് അല്പദൂരം ചെന്നപ്പോൾ കനത്തമൂടൽമഞ്ഞ്. മുന്നോട്ടുപോകാൻ ഒരു നിവൃത്തിയുമില്ല. ബൈനോക്കുലറിലൂടെ മൂടൽമഞ്ഞിലേക്ക് തുറിച്ചുനോക്കി കപ്പലിന്റെ ഡെക്കിൽ നിസ്സഹായനായി ഇരിക്കുകയാണ് ക്യാപ്റ്റൻ.

ജോർജ് മുള്ളർ മേൽത്തട്ടിലേക്ക് കയറിച്ചെന്ന് ക്യാപ്റ്റനോടു പറഞ്ഞു:" ക്യാപ്റ്റൻ, എനിക്കു ശനിയാഴ്ച ഉച്ചകഴിയുമ്പോൾ ക്യൂബക്കിൽ ഒരു പ്രോഗ്രാം ഉണ്ട്. അപ്പോഴേക്കും കപ്പൽ അവിടെ എത്തുമല്ലോ". ക്യാപ്റ്റൻ പറഞ്ഞു:"അതൊരിക്കലും നടക്കുകയില്ല. ഈ മൂടൽമഞ്ഞിൽ എനിക്കൊരു ഇഞ്ചുപോലും മുന്നോട്ടു നീങ്ങാനാവുന്നില്ല. പിന്നല്ലേ ശനിയാഴ്ച ക്യൂബക്കിൽ എത്തുന്നത്?"

"കഴിഞ്ഞ അൻപത്തിയേഴ് വർഷമായി ഒരിക്കൽപോലും ഏറ്റ ഒരു പരിപാടി മുടക്കാൻ ദൈവം എനിക്കിടയാക്കിയിട്ടില്ല. ഇക്കുറിയും ദൈവം അത് അനുവദിക്കുകയില്ല. നമുക്ക് താഴെയുള്ള ചാർട്ടുമുറിയിലേക്ക് പോയി പ്രാർത്ഥിക്കാം" മുള്ളർ സംശയംകൂടാതെ പറഞ്ഞു. ക്യാപ്റ്റൻ അത്ഭുതത്തോടെ ചോദിച്ചു:"മിസ്റ്റർ മുള്ളർ, നിങ്ങൾ ഈ കനത്തമൂടൽമഞ്ഞ് കാണുന്നില്ലേ?" "ഇല്ല. എന്റെ ചുറ്റുപാടുകളിലേക്കോ, പരിത:സ്ഥിതിയിലേക്കോ അല്ല എന്റെ കണ്ണു പായുന്നത്. മറിച്ച്, അവയെ നിയന്ത്രിക്കുന്ന ദൈവത്തിലാണെന്റെ കണ്ണ്" മുള്ളറുടെ മറുപടി.

ക്യാപ്റ്റനു പിന്നെ പ്രതിവാദമില്ലാതായി. ഇരുവരും താഴെയുള്ള മുറിയിലേക്കു പോയി. മുള്ളർ മൂടൽമഞ്ഞുമാറാനും കൃത്യസമയത്തു ക്യൂബക്കിൽ എത്താനുംവേണ്ടി ലളിതമായി, ഹ്രസ്വമായി പ്രാർത്ഥിച്ചു. അദ്ദേഹം പ്രാർത്ഥിച്ചുകഴിഞ്ഞപ്പോൾ ക്യാപ്റ്റനും പ്രാർത്ഥിക്കാൻ മുതിർന്നു. അപ്പോൾ ജോർജ് മുള്ളർ സ്നേഹത്തോടെ ക്യാപ്റ്റന്റെ പുറത്തുതട്ടിക്കൊണ്ടു പറഞ്ഞു:"ക്യാപ്റ്റൻ, നിങ്ങൾ പ്രാർത്ഥിക്കണമെന്നില്ല, ഒന്നാമതു താങ്കൾ വിശ്വസിക്കുന്നില്ല. രണ്ടാമതു ദൈവം ഇതിനകം തന്നെ എന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു. പിന്നെ എന്തിനാണു വീണ്ടും പ്രാർത്ഥിക്കുന്നത്? എഴുന്നേറ്റ് വാതിൽ തുറന്നുനോക്കൂ. പ്രാർത്ഥനയുടെ മറുപടി നിങ്ങൾക്കു കാണാം". ക്യാപ്റ്റൻ എഴുന്നേറ്റു വാതിൽ തുറന്നു. അത്ഭുതം! മൂടൽമഞ്ഞുമാറിയിരിക്കുന്നു. മുള്ളർ ആഗ്രഹിച്ചതുപോലെ ശനിയാഴ്ച ഉച്ചയ്ക്കുമുമ്പുതന്നെ കപ്പൽ ക്യൂബക്കിൽ എത്തിച്ചേർന്നു.

*യാചിക്കുന്ന ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവനു തുറക്കും.* (മത്തായി 7:8)

## ഭാരം

**ആ**ഫ്രിക്കയിലെ ആളുകൾ വലിയ ഭാരം ചുമന്നുകൊണ്ടു പോകേണ്ടിവരുമ്പോൾ നീളമുള്ള ഒരു കമ്പെടുത്ത് അതിന്റെ ഒരറ്റത്ത് അതുകെട്ടിത്തൂക്കും. പിന്നീട് ആ ഭാരം ബാലൻസു ചെയ്യത്തക്കവണ്ണം മറ്റൊരുഭാരം ആ കമ്പിന്റെ മറ്റേ അറ്റത്തു കെട്ടിത്തൂക്കിയശേഷം അതു തോളിലേറ്റിക്കൊണ്ടു നടന്നുപോകും.

നമ്മുടേതായ ഭാരങ്ങൾ ബാലൻസു ചെയ്യുവാൻ മറ്റുള്ളവരുടെ ഭാരങ്ങൾകൂടി വഹിക്കുവാൻ നാം തയ്യാറാകണം. ഈ ലോകത്തിന്റെ ഭാരം ബാലൻസു ചെയ്യുവാൻ ക്രിസ്തുവിനു കുരിശു ചുമലിലേറ്റേണ്ടിവന്നുവല്ലോ. പക്ഷേ ആ കുരിശ് അവിടുത്തെ ജീവിതത്തിന് അന്ത്യം കുറിച്ചില്ല. അവിടുത്തെ ജീവൻ മരണത്തെ അതിജീവിച്ചു. ആ ജീവന്റെ പങ്കാളിത്തമാണ് മറ്റുള്ളവരുടെ ഭാരം വഹിക്കുമ്പോൾ ഒരു ക്രിസ്തുശിഷ്യനു ലഭിക്കുന്നത്. *-വില്യം ബാർക്ളേ*

Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Udaya Press, Chungom, Kottayam. Editor-Geoji. T. Samuel.

# ജീവമൊഴികൾ

വാല്യം 6 നവംബർ 2008 ലക്കം 11



## എഡിറ്റോറിയൽ | 'ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ...'



"**ആ**ഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം വെളുക്കുമ്പോൾ മഗ്ദലക്കാരത്തി മറിയയും മറ്റേമറിയയും കല്ലറ കാണ്മാൻ ചെന്നു"

യേശു മരണത്തിൽ നിന്ന് ഉയിർത്തെഴുന്നേറ്റ ദിവസത്തെ സംഭവങ്ങൾ മത്തായി വിവരിച്ചു തുടങ്ങുന്നതിങ്ങനെയാണ്.

അവർ കല്ലറയ്ക്കൽ ചെന്നപ്പോഴോ? സംഭ്രമജനകമായ സംഭവങ്ങളാണ് അവിടെ അവരെ കാത്തിരുന്നത്. സത്രീകൾ ഭയവിഹ്വലരായി കല്ലറവിട്ട് ഓടിപ്പോകുന്നു. അപ്പോഴിതാ യേശു അവരെ എതിരേറ്റു: നിങ്ങൾക്കു 'വന്ദനം' എന്നു പറഞ്ഞു (28:9) 'വന്ദനം' എന്ന ആ അഭിവാദനപദത്തിന്റെ അക്ഷരാർത്ഥം 'സന്തോഷിക്കുക' (Rejoice)എന്നാണത്രേ. അങ്ങനെയെങ്കിൽ ഇതു വളരെ അത്ഭുതകരമായ കാര്യമല്ലേ? മരണത്തിന്റെയും പരിഭ്രമത്തിന്റെയും സ്ഥലമായ കല്ലറയിൽ നിരാശയുടേയും ദുഃഖത്തിന്റേയും സ്വരമാണു നാം പ്രതീക്ഷിക്കുക. പകരം 'സന്തോഷിക്കുക' എന്ന ആഹ്ലാദത്തിന്റെ അഭിവാദനസ്വരം! ഉവ്വ്, ഈ കല്ലറയ്ക്ക് ഒരു പ്രത്യേകതയുണ്ട്-ഇത് യേശുവിന്റെ കല്ലറയാണ്. ഇത് അടഞ്ഞകല്ലറയല്ല മറിച്ച് തുറക്കപ്പെട്ടിരിക്കുന്നു. അതേ, യേശു ഉയിർത്തെഴുന്നേറ്റു!

ഉയിർത്തെഴുന്നേല്പ്-മരണത്തിന്റെ മേലുള്ള ജീവന്റെ ആഘോഷമാണത്.

മരണം എന്നാലെന്താണ്? അതിന്റെ ആക്ഷരികമായ അർത്ഥം നമുക്കറിയാം. അതിനപ്പുറത്ത് നിഷേധാത്മകമായ എല്ലാറ്റിന്റേയും ആകെത്തുകയാണു മരണം. മരണത്തിനു നേരേ എതിരാണു ജീവൻ. യേശു ജീവനായകനാണ് (പ്രവൃ. 3:14) തന്നിൽ മനുഷ്യരുടെ വെളിച്ചമായ ജീവനുണ്ടായിരുന്നു (യോഹ. 1:4). മറിച്ച് പിശാചിനെ 'മരണത്തിന്റെ അധികാരി' എന്നു ദൈവവചനം വിളിച്ചിരിക്കുന്നതു ശ്രദ്ധിക്കുക (എബ്രായർ 2:14). അപ്പോൾ പിശാചിൽ നിന്നുള്ളതെല്ലാം-അതു പാപമോ നിരാശയോ അധൈര്യമോ എന്തായാലും-മരണമാണ്. ഈ മരണത്തിന്റെ മേലെല്ലാം ഉള്ളവിജയമാണ് യേശു തന്റെ ഉയിർത്തെഴുന്നേല്പുമൂലം സാധിച്ചത്.

യേശുവിന്റെ മരണത്തിൽ മാത്രമല്ല ഉയിർത്തെഴുന്നേല്പിലും വിശ്വസിക്കുന്നവനാണു ക്രിസ്ത്യാനി. എന്നാൽ ഇന്നു പല വിശ്വാസികളുടേയും ജീവിതം കണ്ടാൽ യേശു ഉയിർത്തെഴുന്നേറ്റിട്ടില്ലെന്നു തോന്നിപ്പോകും. പാപം, നിരാശ, അധൈര്യം തുടങ്ങിയ നിഷേധാത്മകമായ കാര്യങ്ങളുടെമേലെല്ലാം ഉള്ള വിജയം അവർ ലക്ഷ്യം വയ്ക്കുന്നില്ല. മരണത്തിന്റെ ശക്തികൾക്കു മുൻപിൽ അവർ കീഴടങ്ങിപ്പോകുന്നു. എന്നാൽ പൗലോസ് അങ്ങനെയായിരുന്നില്ല. അതീവവിഷമകരമായ ഒരു സാഹചര്യത്തിൽ ജയിലിൽ കിടക്കുമ്പോഴും തനിക്കു പറയുവാനുള്ളത് 'എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ' എന്നാണ് (ഫിലിപ്യർ 4:4). ഇതല്ലേ മരണത്തിനു കീഴ്പ്പെടുത്തുവാൻ കഴിയാത്ത ജീവന്റെ തുടിപ്പ്? ഉയിർത്തെഴുന്നേല്പിന്റെ നേർസാക്ഷ്യം?

നിരാശയിലും അധൈര്യത്തിലും ഒരു ക്രിസ്തുശിഷ്യൻ വീണുപോകാവുന്ന ജീവിതത്തിലെ മൂന്നു രംഗങ്ങളെ ചൂണ്ടിക്കാണിച്ചിട്ട് അവിടെയൊന്നും 'അധൈര്യപ്പെടുന്നില്ലെ'ന്നു സ്വന്തം അനുഭവത്തിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ടു പൗലൊസ് പ്രഖ്യാപിക്കുന്നതു 2 കൊരിന്ത്യർ നാലാം അധ്യായത്തിൽ നമുക്കു കാണാം.

ആദ്യരംഗം നാലിന്റെ ഒന്നാം വാക്യമാണ്. 'അതുകൊണ്ട് കരുണയാൽ ഞങ്ങൾക്കു ലഭിച്ചിരിക്കുന്ന ഈ ശുശ്രൂഷയിൽ ഞങ്ങൾ അധൈര്യപ്പെടുന്നില്ല.' ഈ ശുശ്രൂഷയെന്തെന്ന് തൊട്ടു മുകളിലുള്ള വചനത്തിൽ വിശദീകരിച്ചിട്ടുണ്ട് (ഈ രണ്ടു വചനങ്ങളും-3:18, 4:1-'അതുകൊണ്ട്' എന്നൊരു ഘടകപദം കൊണ്ടു ബന്ധിച്ചിരിക്കുന്നതു ശ്രദ്ധിക്കുക) ഈ ശുശ്രൂഷ എന്താണ്? 'തേജസ്സിന്മേൽ തേജസ്സു പ്രാപിച്ച് കർത്താവിന്റെ സാദൃശ്യത്തിലേക്കു രൂപാന്തരപ്പെടുന്ന'താണത്. ക്രിസ്തുശിഷ്യരായ എല്ലാവരെയും യേശുക്രിസ്തുവിന്റെ സാദൃശ്യത്തോട് അനുരൂപരാകുവാനാണല്ലോ വിളിച്ചിരിക്കുന്നത് (റോമർ 8:29). ഈ പ്രക്രിയയിൽ പ്രതീക്ഷയ്ക്കൊത്ത പുരോഗതി ഉണ്ടാകാതിരിക്കുമ്പോൾ അധൈര്യപ്പെട്ടുപോകാനുള്ള സാധ്യതയുണ്ട്. അതുപോലെ ക്രിസ്തുവിന്റെ സ്വരൂപത്തോട് അനുരൂപപ്പെടുന്നതിനെക്കുറിച്ചു ബോധ്യമില്ലാത്ത, അതേ സമയം മറ്റുള്ളവരുടെ ദൃഷ്ടിയിൽ ബൃഹത്തായ 'ശുശ്രൂഷ' ചെയ്യുന്നവരോട് ഉള്ള താരതമ്യം മൂലവും നിരാശപ്പെട്ടു പോയേക്കാം. പക്ഷേ പൗലൊസ് പറയുന്നു: ഞങ്ങൾ അങ്ങനെ അധൈര്യപ്പെട്ടുപോകുന്നില്ല. കാരണം ലജ്ജാകരമായ രഹസ്യങ്ങളെ ത്യജിച്ചും, ഉപായങ്ങൾ വർജ്ജിച്ചും, ദൈവവചനത്തോടു കൂട്ടുചേർക്കുന്നത് ഉപേക്ഷിച്ചും അങ്ങനെ ചില കാര്യങ്ങളിൽ ഒരു വശത്തു ഞങ്ങൾ 'കുറഞ്ഞു'വരുമ്പോൾ മറുവശത്തു തേജസ്സിന്മേൽ തേജസ്സുപ്രാപിച്ച് കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിപ്പിക്കുന്നതിൽ 'വർദ്ധിച്ചു' വരുന്നത് ഞങ്ങളുടെ വിശ്വാസക്കണ്ണുകൾക്കു മറഞ്ഞിരിക്കുന്നില്ല. നോക്കുക: നിരാശപ്പെടാവുന്ന ഒരു രംഗത്ത് 'ഇരുട്ടിൽ നിന്നും വെളിച്ചം പ്രകാശിക്കേണം' (ഇത് മരണത്തിന്റെ മേലുള്ള ജീവന്റെ വിജയത്തെ അല്ലേ കുറിക്കുന്നത്?) എന്ന് അരുളിച്ചെയ്ത ദൈവത്താൽ അധൈര്യപ്പെടാതെ നില്ക്കുന്നു!

അധൈര്യപ്പെടാതെ നില്ക്കുന്ന അടുത്തരംഗം 7-11 വാക്യങ്ങളിലാണു കാണുന്നത്. 'ഞങ്ങൾ വിഷമിപ്പിക്കപ്പെടുന്നു എങ്കിലും അധൈര്യപ്പെടുന്നില്ല.....യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ പ്രത്യക്ഷമാകുന്നതിന് അവിടുത്തെ മരണം ഞങ്ങൾ എല്ലായ്പ്പോഴും ശരീരത്തിൽ സംവഹിക്കുന്നു....' വളരെ പ്രധാനപ്പെട്ട ഒരാത്മികസത്യമാണ് ഇവിടെ വിവരിക്കുന്നത്. പ്രായോഗികജീവിതസാഹചര്യങ്ങളിൽ യേശുവിനോടുള്ള സ്നേഹത്തെ പ്രതി നാം സ്വന്തഹിതത്തിനും, അഭിപ്രായത്തിനും, സ്വയമതിപ്പിനും പലവട്ടം മരിക്കേണ്ടിവരും. യേശുവിന്റെ സഹനത്തിലും മരണത്തിലുമുള്ള ഈ പങ്കുചേരലിനെയാണ് 'യേശുവിന്റെ മരണം ശരീരത്തിൽ വഹിക്കുന്നു' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. പക്ഷേ യേശുവിന്റെ മരണത്തിലുള്ള പങ്കാളിത്തം വർദ്ധിച്ചു വരുമ്പോൾ നമ്മിൽ സമാന്തരമായി മറ്റൊരു കാര്യം നടക്കുന്നുണ്ട്. അത് യേശുവിന്റെ ജീവന്റെ വർദ്ധിച്ചുവരുന്ന പ്രത്യക്ഷതയാണ്. സ്വയത്തിന്റെ മരണത്തിന് എപ്പോഴും ഏല്പ്പിച്ചുകൊടുക്കുന്നത് നമ്മെ അധൈര്യപ്പെടുത്താൻ സാധ്യതയുണ്ട്. എന്നാൽ മരണം വഹിക്കുന്നതിനനുസരിച്ച് ജീവനിലും വർദ്ധനയുണ്ടാകുന്നത് കാണുന്നതുകൊണ്ട് 'അധൈര്യപ്പെടുന്നില്ല' എന്നാണു പൗലൊസിന്റെ ഏറ്റുപറച്ചിൽ.


ഇനി അവസാനത്തെ രംഗം നോക്കാം. 'ഞങ്ങൾ അധൈര്യപ്പെടുന്നില്ല. ഞങ്ങളിലെ ബാഹ്യമനുഷ്യൻ ക്ഷയിച്ചുകൊണ്ടിരിക്കുകയാണെങ്കിലും ആന്തരികമനുഷ്യൻ അനുദിനം പുതുക്കം പ്രാപിക്കുന്നു'(4:16). ഇവിടെ ഒന്നു കുറയുമ്പോൾ മറ്റൊന്നു കൂടുകയാണ്.

**(ശേഷം പേജ് 42 ൽ)**

സന്ദേശം

# 'പ്രസംഗം വ്യർത്ഥം; വിശ്വാസവും'

**യേശു മരണത്തെ ജയിച്ച് ഉയർത്തെഴുന്നേറ്റു എന്ന സത്യത്തിന് ഇന്നു നമ്മുടെ ജീവിതത്തിൽ എന്താണു പ്രസക്തി? നമ്മുടെ ജീവിതം കണ്ടാൽ യേശു ഉയിർത്തെഴുന്നേറ്റു എന്നു ലോകത്തിനു തോന്നുമോ?**



"**ക്രി**സ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം; നിങ്ങളുടെ വിശ്വാസവും വ്യർത്ഥം"

1 കൊരിന്ത്യർ 15:14

അപ്പൊസ്തലനായ പൗലൊസ് കൊരിന്തിലുള്ളവർക്കു ലേഖനമെഴുതുമ്പോൾ യേശുക്രിസ്തുവിന്റെ പുനരുത്ഥാനമാണ് നമ്മുടെ വിശ്വാസത്തിന്റേയും പ്രസംഗത്തിന്റേയും അടിസ്ഥാന ശിലയെന്നു പ്രഖ്യാപിക്കുന്നു. എന്നാൽ വിശ്വാസികളായ നമ്മെ സംബന്ധിച്ചിടത്തോളം ഇന്ന് യേശുവിന്റെ ഉയിർത്തെഴുന്നേല്പ്, പൗലൊസ് പറയുന്നതുപോലെ, ഒരു നിർണായകമായ സത്യമായിത്തീർന്നിട്ടുണ്ടോ? യേശു മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റു എന്ന സത്യത്തിന് ഇന്നു നമ്മുടെ ജീവിതത്തിൽ എന്താണു പ്രസക്തി? നമ്മുടെ ജീവിതം കണ്ടാൽ യേശു ഉയിർത്തെഴുന്നേറ്റു എന്നു ലോകത്തിനു തോന്നുമോ?

സമകാലികക്രിസ്തീയസമൂഹത്തിന്റെ ഏറ്റവും വലിയ പ്രശ്നം അവർ ക്രിസ്തീയസത്യങ്ങളെയെല്ലാം ഒരു ഉപദേശത്തിന്റെ ഭാഗമായി മാത്രം

കാണുന്നു എന്നതാണ്. അവർ വിശ്വസിക്കുന്നവെന്നു പറയുന്ന ഈ ഉപദേശങ്ങൾക്ക് അവരുടെ ജീവിതത്തിൽ തൊട്ടറിയാൻ പാകത്തിൽ ഒരു ബന്ധമുള്ളതായി കാണുന്നില്ല. യേശുവിന്റെ ജീവിതവും മരണവും ഉയിർത്തെഴുന്നേല്പും ഈ നിലയിൽ ഇന്ന് അവർ തങ്ങളുടെ ഒരു ഉപദേശപ്രമാണത്തിന്റെ ഭാഗമാക്കി മാറ്റിയിരിക്കുകയാണ്. അതിനപ്പുറത്ത് യേശുവിന്റെ ജീവിതത്തിനോ മരണത്തിനോ ഉയിർത്തെഴുന്നേല്പിനോ അവരുടെ ദൈനംദിനജീവിതത്തിൽ എന്തെങ്കിലും പ്രസക്തിയുണ്ടോ? ഇല്ലെന്നു ദുഃഖത്തോടെ പറയേണ്ടിവരും. യേശുവിന്റെ ജീവിതവും മരണവും പുനരുത്ഥാനവുമൊക്കെ 'ഞങ്ങൾ വിശ്വസിക്കുന്ന 101 സത്യങ്ങൾ' എന്ന പട്ടികയിൽ ഉൾപ്പെടുത്തി തങ്ങളുടെ ഉപദേശരൂപത്തിന്റെ ഭാഗമായി പലരും വിശ്വസിക്കുന്നുണ്ടാവാം. പക്ഷേ ആ 'വിശ്വാസം' അവരുടെ ദൈനംദിന ജീവിതത്തെ സ്പർശിച്ചിട്ടില്ല; അതിനെ ഗുണപരമായി വ്യത്യാസപ്പെടുത്തിയിട്ടില്ല. ഇതാണ് ഇന്നത്തെ ക്രിസ്തീയതയ്ക്ക് സംഭവിച്ചിരിക്കുന്ന ഏറ്റവും വലിയ ദുരന്തം.

തന്റെ ജീവിതത്തെ സ്പർശിക്കാത്ത ഒരു കേവലസത്യത്തിൽ ഒരാൾക്കു വിശ്വസിക്കാൻ കഴിയുമോ എന്നു ചോദിച്ചേക്കാം. 'ഉവ്വ്' എന്നാണു മറുപടി. അല്ലെങ്കിൽ ഒരു ഉദാഹരണം നോക്കുക: ഈ ലോകത്ത് വളരെ നൂറ്റാണ്ടുകൾ ആളുകൾ വിശ്വസിച്ചിരുന്നത് ഈ ഭൂമി പരന്നതാണെന്നായിരുന്നു. എന്നാൽ പിന്നീട് ശാസ്ത്രജ്ഞർ ഭൂമി ഉരുണ്ടതാണെന്നു പ്രഖ്യാപിച്ചു. തുടർന്ന് എല്ലാവരും ഭൂമി ഉരുണ്ടതാണെന്നു 'വിശ്വസിക്കാൻ' തുടങ്ങി. എന്നാൽ സത്യത്തിൽ ഭൂമി പരന്നതാണെന്നു 'വിശ്വസിക്കാൻ' തുടങ്ങിയശേഷവും സാധാരണക്കാരന്റെ ദൈനംദിന ജീവി

**സമകാലികക്രിസ്തീയസമൂഹത്തിന്റെ ഏറ്റവും വലിയ പ്രശ്നം അവർ ക്രിസ്തീയസത്യങ്ങളെയെല്ലാം ഒരു ഉപദേശത്തിന്റെ ഭാഗമായി മാത്രം കാണുന്നു എന്നതാണ്. അവർ വിശ്വസിക്കുന്നവെന്നു പറയുന്ന ഈ ഉപദേശങ്ങൾക്ക് അവരുടെ ജീവിതത്തിൽ തൊട്ടറിയാൻ പാകത്തിൽ ഒരു ബന്ധമുള്ളതായി കാണുന്നില്ല. യേശുവിന്റെ ജീവിതവും മരണവും ഉയിർത്തെഴുന്നേല്പും ഈ നിലയിൽ ഇന്ന് അവർ തങ്ങളുടെ ഒരു ഉപദേശപ്രമാണത്തിന്റെ ഭാഗമാക്കി മാറ്റിയിരിക്കുകയാണ്.**

തത്തിൽ അതു മാറ്റമൊന്നും വരുത്തിയില്ല. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാനുള്ള അവന്റെ തത്രപ്പാടിനിടയിൽ ഭൂമി ഉരുണ്ടതാവട്ടെ, പരന്നതാവട്ടെ അതവനെ സംബന്ധിച്ചിടത്തോളം പ്രസക്തമായിരുന്നില്ല. എന്നിട്ടും ഭൂമി ഉരുണ്ടതാണെന്നു താൻ 'വിശ്വസിക്കു'ന്നെതെന്ന് അവൻ കരുതിപ്പോന്നു. നോക്കുക: ഭൂമി ഉരുണ്ടതാണെന്ന കേവലസത്യത്തിൽ അവൻ വിശ്വസിക്കുന്നു. എന്നാൽ ആ വിശ്വാസം അവന്റെ ദൈനംദിന ജീവിതത്തിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല.

എന്നാൽ ഭൂമി ഉരുണ്ടതാണെന്ന വിശ്വാസത്തെ തന്റെ കാഴ്ചപ്പാടിന്റെയും ജീവിതത്തിന്റേയും ഭാഗമാക്കിയ മറ്റൊരുവനുണ്ടായിരുന്നു–കൊളംബസ് എന്ന നാവികനായിരുന്നു അത്. അദ്ദേഹം കിഴക്കൻ നാടായ ഇന്ത്യയിലെത്താൻ വേണ്ടി കപ്പലോടിച്ചതു പടിഞ്ഞാറോട്ടാണ്. ഭൂമി ഉരുണ്ടതാണെന്ന് യഥാർത്ഥത്തിൽ വിശ്വസിച്ചതുകൊണ്ടാണല്ലോ പൗരസ്ത്യദിക്കിൽ എത്തിച്ചേരാൻ അദ്ദേഹം പടിഞ്ഞാറൻ ദിശയിലേക്കു കപ്പൽ ഇറക്കിയത്! ശ്രദ്ധിക്കുക: കൊളംബസിനു ഭൂമി ഉരുണ്ട





താണെന്നത് ഒരു കേവലസത്യം മാത്രമായിരുന്നില്ല. മറിച്ച് ആ സത്യത്തിന് അവന്റെ കാഴ്ചപ്പാടിലും ജീവിതത്തിലും ഒരു പ്രസക്തി ഉണ്ടായിരുന്നു.

ക്രിസ്തീയസത്യങ്ങളോടും നമുക്ക് ഇങ്ങനെ രണ്ടു വിധത്തിൽ അടുത്തുവരാൻ കഴിയും. ഒന്നുകിൽ കേവലസത്യം എന്ന നിലയിൽ ബുദ്ധികൊണ്ട് മാത്രം ഇതിൽ വിശ്വസിച്ച് ജീവിതത്തെ വ്യത്യാസപ്പെടുത്താതെ നില്ക്കാം. അല്ലെങ്കിൽ ദൈനംദിന ജീവിതത്തെയും കാഴ്ചപ്പാടുകളേയും നവീകരിക്കുന്ന നിലയിൽ ഈ സത്യത്തെ സ്വീകരിക്കാം.

യേശുക്രിസ്തുവിന്റെ ജീവിതത്തെയും മരണത്തേയും പുനരുത്ഥാനത്തേയും പൗലോസ് രണ്ടാമതു പറഞ്ഞതരത്തിലാണു വിശ്വസിച്ചത്. യേശുവിന്റെ ജീവിതത്തിനും മരണത്തിനും പുനരുത്ഥാനത്തിനും പൗലൊസിന്റെ ജീവിതത്തിൽ തൊട്ടറിയാവുന്ന മട്ടിലുള്ള ഒരു ബന്ധമുണ്ടായിരുന്നു. പൗലൊസിനെ സംബന്ധിച്ചിടത്തോളം 'ജീവിക്കുന്നതു ക്രിസ്തുവായിരുന്നു' (ഫിലിപ്യർ 1:21). അവൻ ക്രിസ്തുവിന്റെ ജീവിതത്തിന്റെ അനുകാരിയായിരുന്നതുകൊണ്ട് 'എല്ലാവരും തന്നെ അനുകരിക്കണ'മെന്നു പൗലൊസ് ആവശ്യപ്പെട്ടു (ഫിലിപ്യർ 3:17; 1 കൊരിന്ത്യർ 4:16). യേശുവിന്റെ ജീവിതത്തോട് അനുരൂപരാകുവാനാണ് നമ്മെ മുൻനിയമിച്ചിരിക്കുന്നതെന്നും പൗലൊസിന് ഉറപ്പുണ്ടായിരുന്നു (റോമർ 8:29).

യേശുവിന്റെ മരണത്തെ സംബന്ധിച്ചാണെങ്കിൽ 'അവിടുത്തെ മരണത്തോട് അനുരൂപപ്പെട്ടിട്ട്.... അവിടുത്തെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെ അനുഭവിച്ചറിയണം' എന്നതായിരുന്നു പൗലൊസിന്റെ വാഞ്ഛ (ഫിലിപ്യർ 3:10,11). 'യേശുവിന്റെ ജീവൻ ശരീരത്തിൽ വെളിപ്പെടേണ്ടതിന് യേശുവിന്റെ മരണം അവൻ എപ്പോഴും ശരീ

**ക്രിസ്തീയസത്യങ്ങളെ ഒന്നുകിൽ കേവല സത്യം എന്ന നിലയിൽ ബുദ്ധികൊണ്ട് മാത്രം വിശ്വസിച്ച് ജീവിതത്തെ വ്യത്യാസപ്പെടുത്താതെ നില്ക്കാം. അല്ലെങ്കിൽ ദൈനംദിന ജീവിതത്തെയും കാഴ്ചപ്പാടുകളേയും നവീകരിക്കുന്ന നിലയിൽ ഈ സത്യത്തെ സ്വീകരിക്കാം. യേശുക്രിസ്തുവിന്റെ ജീവിതത്തെയും മരണത്തേയും പുനരുത്ഥാനത്തേയും പൗലോസ് രണ്ടാമതു പറഞ്ഞതരത്തിലാണു വിശ്വസിച്ചത്.**

രത്തിൽ വഹിച്ചു' (2 കൊരിന്ത്യർ 4:10).

യേശുവിന്റെ പുനരുത്ഥാനമാകട്ടെ, എന്നോ സംഭവിച്ച ഒരു ചരിത്രസംഭവമെന്ന നിലയിലല്ല പൗലൊസ് കണ്ടത്. മറിച്ച് അതിനു തന്റെ ജീവിതത്തിലുള്ള പ്രസക്തി തിരിച്ചറിഞ്ഞ പൗലൊസ് 'ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു'വെന്നും (കൊലോസ്യർ 3:1) 'അവനോടു കൂടെ ഉയിർത്തെഴുന്നേല്പിച്ചു നമ്മെ സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു' വെന്നും (എഫേസ്യർ 2:7) ഉദ്ഘോഷിച്ചു. 'അവിടുത്തെ പുനരുത്ഥാനത്തിന്റെ ശക്തിയെ' ദൈനംദിന ജീവിതത്തിൽ 'അനുഭവിച്ചറിയാനും' പൗലോസ് ആഗ്രഹിച്ചു (ഫിലിപ്യർ 3:10,11).

നോക്കുക: പൗലൊസിനെ സംബന്ധിച്ചിടത്തോളം യേശുവിന്റെ ജീവിതവും മരണവും ഉയിർത്തെഴുന്നേല്പും വിശ്വസിക്കാൻ കൊള്ളാവുന്ന ചില സത്യങ്ങൾ മാത്രമായിരുന്നില്ല. മറിച്ച് അവന്റെ ജീവിതം അവയെല്ലാമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്ന ഒന്നായിരുന്നു.

നമ്മുടെ ജീവിതമോ?

യേശുവിനെ ജീവിതത്തിൽ രക്ഷകനായി സ്വീകരിക്കുന്നതിനോടുള്ള ബന്ധത്തിൽ യേശു രണ്ടായിരം വർഷങ്ങൾക്കു മുൻപു ജീവിച്ചിരുന്നെന്നും കാൽവറി ക്രൂശിൽ മരിച്ചെന്നും, അടക്കപ്പെട്ടു മൂന്നാം നാളിൽ ഉയിർത്തെഴുന്നേറ്റുവെന്നും നാം വിശ്വസിക്കുന്നു. സമ്മതിച്ചു. പക്ഷേ സുഹൃത്തേ, ഒന്നു ചോദിക്കട്ടെ, യേശുവിന്റെ ജീവിതത്തിനും അവിടുത്തെ മരണത്തിനും ഉയിർത്തെഴുന്നേല്പിനും ഇന്നു നിന്റെ ജീവിതത്തിലുള്ള പ്രസക്തി എന്താണ്? പൗലൊസിനെപ്പോലെ യേശുവിന്റെ ജീവിതത്തോട് ദൈനംദിന ജീവിതത്തിൽ അനുരൂപപ്പെടാനാണ് നിന്നെ വിളിച്ചിരിക്കുന്നതെന്ന ബോധ്യം നിനക്ക് എത്രത്തോളം ഉണ്ട്? അവിടുത്തെ ജീവൻ ശരീരത്തിൽ വെളിപ്പെടേണ്ടതിന് യേശുവിന്റെ മരണം എപ്പോഴും ശരീരത്തിൽ വഹിക്കുന്നുണ്ടോ? 'അവനോടുകൂടെ ഉയിർത്തെഴുന്നേല്പിച്ച് സ്വർഗ്ഗത്തിൽ ഇരുത്തിയിരിക്കുന്നു' എന്നതാണോ നിന്റെ അനുഭവം?

ഇതിൽ യേശുവിന്റെ ഉയിർത്തെഴുന്നേല്പിനു നമ്മുടെ ജീവിതത്തിൽ ഉണ്ടായിരിക്കേണ്ട പ്രസക്തിയെക്കുറിച്ചു മാത്രം തല്ക്കാലം ചിന്തിക്കാം. യേശു മരണത്തെ തോല്പിച്ചാണ് ഉയിർത്തെഴുന്നേറ്റത്. മരണം പാപം മൂലമാണു ലോകത്തിൽ കടന്നത് (റോമർ 5:12). പാപത്തിന്റെ ശമ്പളമാണു മരണം (6:23). പാപം, നിരാശ, അനാവശ്യമായ കുറ്റം വിധി, അസന്തുഷ്ടി എന്നിങ്ങനെയുള്ള എല്ലാ നിഷേധാത്മകമായ കാര്യങ്ങളുടേയും ആകെത്തുകയാണു മരണം. യേശു കീഴടക്കിയതു കേവലം അക്ഷരികമായ മരണത്തെ മാത്രമല്ല, നിഷേധാത്മകമായ എല്ലാറ്റിന്റേയും അധികാരിയായ പിശാചിനെയാണ് അവിടുന്നു തന്റെ മരണത്താൽ നീക്കിയത് (എബ്രായർ 2:14,15).

യേശുവിന്റെ ഉയിർത്തെഴുന്നേല്പിൽ നാം പങ്കാളികളാണെങ്കിൽ നമ്മുടെ ജീവിതത്തിലും ഈ വിജയം അനുഭവിക്കേണ്ടതല്ലേ? അവിടുത്തെ പുനരുത്ഥാനത്തിന്റെ ശക്തിയെ പ്രായോഗികജീവിതത്തിൽ പൗലൊസിനെപ്പോലെ അനുഭവിച്ചറിയുവാൻ നമുക്കും കഴിയേണ്ടതല്ലേ?

പൗലോസ് എഴുതുന്നു "നിങ്ങൾ ന്യായപ്രാമണത്തിനല്ല കൃപയ്ക്കത്രേ അധീനരാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ" (റോമർ 6:14). പാപത്തിന്റെ മേൽ ജയമുള്ള വിജയകരമായ ഒരു ക്രിസ്തീയ ജീവിതം നമുക്കു സാധ്യമാണെന്നതിലേക്കാണ് പൗലോസ് ഈ വചനത്തിലൂടെ വിരൽ ചൂണ്ടുന്നത്. പൗലോസ് സ്വന്ത അനുഭവം ഇങ്ങനെ വിവരിക്കുന്നു "ലഭിച്ചു കഴിഞ്ഞു എന്നോ തികഞ്ഞവനായി എന്നോ അല്ല... എനിക്കും അതു പിടിക്കാമോ എന്നുവെച്ചു പിന്തുടരുന്നതേയുള്ളു (..... pressing on to perfection) -ഫിലിപ്പ്യർ 3:12.

യേശുവിന്റെ ഉയിർത്തെഴുന്നേല്പ്, ദൈനംദിനജീവിതത്തിൽ പാപത്തിന്റെ മേൽജയമുള്ള വിജയകരമായ ഒരു ജീവിതത്തിന്റെ വെല്ലുവിളിയല്ലേ നമുക്കു നൽകുന്നത്? സ്വന്തശക്തിക്ക് അപ്പുറത്ത് അവിടുത്തെ പുനരുത്ഥാന ശക്തിയിൽ ആശ്രയിച്ച് അത്തരം വിജയകരമായ ഒരു ജീവിതത്തിലേക്കു ചുവടുവയ്ക്കാമെന്ന സാധ്യതയിലേക്കല്ലേ, മരണത്തിന്മേലുള്ള യേശുവിന്റെ വിജയം വിരൽ ചൂണ്ടുന്നത്?

ഇതാണ് യേശുവിന്റെ ഉയിർത്തെഴുന്നേല്പ്പിന് നമ്മുടെ ജീവിതത്തിൽ ഇന്നുള്ള പ്രസക്തി. ഇതു നാം കാണുന്നില്ലെങ്കിൽ തോൽവിയടഞ്ഞ ഇന്നത്തെ ലോകത്തിനു മുൻപിൽ നമ്മുടെ പ്രസംഗം വ്യർത്ഥമായിരിക്കും; നമ്മുടെ വിശ്വാസവും.

●



മൂകസന്ദേശം-11

# പല്ലി നൽകുന്ന പാഠം

സന്ദീപ് പുന്നൻ

**പ**ല്ലികളെ എനിക്ക് ഒട്ടും ഇഷ്ടമല്ല. കൊതുകുകളെയും മറ്റ് ഉപദ്രവകാരികളായ പ്രാണികളെയും ഭക്ഷിക്കുന്ന പല്ലികൾ ഉപകാരികളാണെങ്കിലും എനിക്ക് വെറുപ്പുളവാക്കുന്നവയാണ്. കുട്ടിക്കാലത്ത് പല്ലികളുമായുള്ള 'ദ്വന്ദ്വയുദ്ധങ്ങളിൽ' പലപ്പോഴും വാലിൽ പ്രഹരം ഏൽക്കുമ്പോൾ അവ വാൽ മുറിച്ചിട്ട് ഓടി രക്ഷപെടുന്നത് അത്ഭുതപരതന്ത്രനായി ഞാൻ നോക്കിനിന്നിട്ടുണ്ട്. എല്ലുകൾ തകരാതെ രക്തം പൊടിക്കാതെ വേർപെട്ട വാൽക്കഷണം ശത്രുവിന്റെ ശ്രദ്ധതിരിക്കാൻ കുറേനേരം ചലിക്കുന്നത് കണ്ടിട്ടില്ലേ? പല്ലി ഒരിക്കലും മുറിഞ്ഞുപോയ വാൽതേടി മടങ്ങി വരാറില്ല! പ്രത്യേകമായ ഒരു ക്ഷതവും ഏൽക്കാത്ത പല്ലിയുടെ വാൽകുറേ ദിവസങ്ങൾക്കുള്ളിൽ പൂർവ്വസ്ഥിതിയിലെത്തുന്നു. തികച്ചും അത്ഭുതകരം, അല്ലേ?

പാപത്തിനെതിരെയുള്ള നമ്മുടെ പോരാട്ടത്തിൽ ചില വിലപ്പെട്ട പാഠങ്ങൾ പല്ലിയിൽ നിന്നു പഠിക്കാനുണ്ട് എന്നാണെന്റെ ചിന്ത. മൃഗജന്തുക്കളെക്കുറിച്ച് പറയുമ്പോൾ അവയ്ക്ക് ഞാൻ നന്മയോ തിന്മയോ ആരോപിക്കുന്നില്ല എന്നകാര്യം ഇവിടെ വ്യക്തമാക്കട്ടെ. ഒരു പ്രത്യേക സത്യം വ്യക്തമാക്കാനായി അവയുടെ ചില പ്രത്യേക സ്വഭാവരീതികൾ ചൂണ്ടിക്കാണിക്കുന്നു എന്നേയുള്ളൂ. എന്റെ ആത്മീയനടപ്പിൽ നായുടെ അനുസരണം, സിംഹഗർജ്ജനം ഒക്കെ ചില ഭാവനാചിത്രങ്ങൾ നൽകുന്നതുപോലെ പല്ലിയുടെ മുറിഞ്ഞവാൽ നൽകുന്ന ചിന്ത എന്തെന്ന് നോക്കാം.

നാം ദൈവത്തിന്റെ വകയാണെന്ന് പറയുമ്പോൾ നമ്മുടെ ജീവിതത്തിൽ സാത്താന്റെ പരാജയം നാമും പങ്കാളിത്തത്തിലൂടെ അനുഭവിക്കേണ്ടതത്രേ. "സമാധാനത്തിന്റെ ദൈവമോ സാത്താനെ വേഗത്തിൽ നിങ്ങളുടെ കാൽക്കീഴേ ചതച്ചുകളയും" എന്ന് പൗലൊസ് റോമർ 16:20 ൽ പറയുന്നത് വളരെ പ്രധാനപ്പെട്ട ഒരു വചനമാണ്. 'നിങ്ങളുടെ' എന്ന പദം ശ്രദ്ധിക്കുമല്ലോ? യേശു സാത്താനെ കാൽക്കീഴെ മെതിച്ചുകളഞ്ഞതുപോലെ നാമും സാത്താനെ മെതിച്ചുകളയണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്.

യേശു എങ്ങനെയാണ് സാത്താനെ പരാജയപ്പെടുത്തിയത്? ഏദൻതോട്ടത്തിൽ ആദമും ഹൗവ്വയും പാപം ചെയ്തശേഷം ദൈവം പറഞ്ഞ വാക്കുകൾ യേശുവിനെയും സാത്താനെയും സൂചിപ്പിച്ചുകൊണ്ടായിരുന്നു:"അവൻ (യേശു) നിന്റെ (സാത്താന്റെ) തല തകർക്കും; നീ അവന്റെ കുതികാൽ തകർക്കും" -(ഉൽപത്തി 3:15). തലയ്ക്ക് പ്രഹരം ഏറ്റ ഏതൊരു ജീവിക്കും അത് മാരകമായിരിക്കുമല്ലോ. യേശു എങ്ങനെയാണ് സാത്താനെ തകർക്കുന്നത് എന്ന് സൂചിപ്പിക്കാനാണ് ദൈവം ഇവ്വണ്ണം സംസാരിച്ചത്. അവിടുത്തെ ആദ്യജാതനായ യേശു ഇഹലോകജീവിതത്തിലെ 33 വർഷവും പാപത്തിന്റെ

‘തല’ ആക്രമിക്കുകയായിരുന്നു. പുത്രനായ യേശു അവിടുത്തെ സഹോദരങ്ങളായ ഓരോരുത്തരും അവ്വണ്ണം ചെയ്യണം എന്നാണ് ആഗ്രഹിക്കുന്നത്.

ക്രിസ്ത്യാനികളായ നമുക്കറിയാം നാം പാപത്തിനെതിരെ പോരാടണം എന്ന്. നാം സദാപോരാടിക്കൊണ്ടിരിക്കയും ഒരിക്കലും വിജയിക്കാതിരിക്കയും ചെയ്യുകയല്ല അവിടുത്തെ ഹിതം. ഈ പാപങ്ങൾ നമ്മെ പിടിപ്പിച്ചുകൊണ്ട് സദാവാഴണം എന്ന് ആഗ്രഹിക്കുന്ന ക്രൂരനല്ല ദൈവം. പാപത്തെ കീഴടക്കി സ്വാതന്ത്ര്യത്തിൽ നാം ജീവിക്കാൻ പരിശുദ്ധാത്മാവിനെ ധാരാളമായി അവിടുന്ന് നൽകുന്നു. എങ്കിലും എന്തുകൊണ്ട് ചില മേഖലകളിൽ നാം ജയം അനുഭവിക്കാതിരിക്കുന്നു?

അതിന്റെ കാരണമായി ഞാൻ കരുതുന്നത് നാം മിക്കപ്പോഴും പാപത്തിന്റെ തലയ്ക്കല്ല, വാലിനാണ് പ്രഹരം ഏല്പ്പിക്കുന്നത് എന്നതാണ്. നാം പാപത്തോട് നമ്മുടെ ജീവിതത്തിൽ പോരാടുന്നവരാണ്. എന്നാൽ തലയ്ക്കു പകരം വാലിനാണ് പ്രഹരം ഏല്പ്പിക്കുന്നത്. സമയാസമയങ്ങളിൽ താത്ക്കാലികമായ ഒരു വിജയം ലഭിച്ചു എന്ന് നമുക്ക് തോന്നാറുണ്ട്. പക്ഷേ പല്ലിയുടെ വാൽ വീണ്ടും വളർന്ന് പൂർവ്വസ്ഥിതി പ്രാപിക്കുംപോലെ പാപം വീണ്ടും അതിന്റെ ശക്തി വെളിപ്പെടുത്തുന്നതായി നാം കാണുന്നു.

ചില പാപങ്ങൾ വേഗത്തിൽ ജയിക്കാൻ കഴിയുമ്പോൾ ചില മുറുകെപ്പറ്റുന്ന പാപങ്ങൾ നമ്മെ ബുദ്ധിമുട്ടിക്കുന്നു. ചിലർക്ക് ക്ഷിപ്രകോപമായിരിക്കാം, മറ്റുചിലർക്ക് ലൈംഗിക മോഹങ്ങളാവാം. മറ്റുചിലർക്ക് നാവിനെ നിയന്ത്രിക്കാൻ കഴിയാതെ വരുന്നു. ചെറുപ്പക്കാർക്ക് ആഴമായ ചില ചോദ്യങ്ങൾ അവരെ കുഴക്കുന്നു എന്നതാവാം പ്രശ്നം. വ്യക്തിത്വത്തെപ്പറ്റിയോ, മറ്റുള്ളവരുടെ മുമ്പിലുള്ള

**നാം മിക്കപ്പോഴും പാപത്തിന്റെ തലയ്ക്കല്ല, വാലിനാണ് പ്രഹരം ഏല്പ്പിക്കുന്നത്. നാം പാപത്തോട് നമ്മുടെ ജീവിതത്തിൽ പോരാടുന്നവരാണ്. എന്നാൽ തലയ്ക്കു പകരം വാലിനാണ് പ്രഹരം ഏല്പ്പിക്കുന്നത്. സമയാസമയങ്ങളിൽ താല് ക്കാലികമായ ഒരു വിജയം ലഭിച്ചു എന്ന് നമുക്ക് തോന്നാറുണ്ട്. പക്ഷേ പല്ലിയുടെ വാൽ വീണ്ടും വളർന്ന് പൂർവ്വസ്ഥിതി പ്രാപി ക്കുംപോലെ പാപം വീണ്ടും അതിന്റെ ശക്തി വെളിപ്പെടുത്തുന്നതായി നാം കാണുന്നു.**

പ്രതിഛായ സംബന്ധിച്ചോ ഒക്കെയാവാം ഈ ചോദ്യങ്ങൾ. നാം തലയല്ല, വാലാണ് ആക്രമിക്കുന്നതെന്ന് പറഞ്ഞല്ലോ? ലൈംഗിക മോഹങ്ങളുടെ കാര്യം തന്നെ ഉദാഹരണമായെടുക്കാം.

മിക്കചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളം, അവർ ചിന്താലോകത്തിൽ നിന്ന് അശ്ലീലചിത്രങ്ങളിലേക്കും, ശരിയല്ലാത്ത ലൈംഗികബന്ധങ്ങളിലേക്കും വേഗത്തിൽ നീങ്ങുന്നു. വിശ്വാസികൾ ആയതിനാൽ നമ്മെ പഠിപ്പിച്ചിരിക്കുന്നതിൻപടി നാം ഈ പാപത്തോട് പോരാടുന്നു. നമ്മെ വീഴിക്കുന്ന ചിത്രങ്ങൾ നോക്കാതെ, ഇന്റർനെറ്റിൽ അതീവജാഗ്രത പുലർത്തിയും ഒക്കെ മുമ്പോട്ടു പോകുന്നു. ഈ മേഖലയിൽ പാപത്തെ ജയിക്കുവാൻ ഈ വിധമായ ശിക്ഷണങ്ങൾ പ്രധാനമായിരിക്കുമ്പോൾ തന്നെ, തലയ്ക്ക് പ്രഹരം ഏല്പിക്കാതെ വാൽ ആക്രമിക്കുന്ന കാര്യങ്ങളായി മാത്രം തീർന്നുപോകുന്നു. എന്നെ തെറ്റിദ്ധരിക്കേണ്ട. ഈ വിധത്തിൽ പാപത്തോട് പോരാടുന്നത് തെറ്റല്ല. പാപത്തോടുള്ള ഫലപ്രദമായ, സമ്പൂർണ്ണമായ ആക്രമണത്തിൽ രണ്ടാമത്തെ ഘട്ടം മാത്ര





മാണ് മേൽപ്പറഞ്ഞ ശിക്ഷണ നടപടികൾ. എന്നാൽ പ്രാഥമികമായ പോരാട്ടം പാപത്തിന്റെ ‘തല’ തകർക്കുന്നതിലായിരിക്കണം. വാലിൽ ശ്രദ്ധകേന്ദ്രീകരിച്ചാൽ പല്ലിയുടെ കാര്യത്തിൽ എന്നവണ്ണം ‘വാൽ’ വീണ്ടും ശക്തിയോടെ പ്രത്യക്ഷപ്പെടുകതന്നെ ചെയ്യും.

പാപത്തിന്റെ ‘തല’ ആക്രമിക്കപ്പെടണം എന്ന് ഞാൻ പറയുമ്പോൾ ഞാൻ എന്താണ് അർത്ഥമാക്കുന്നത്? ആരാണ് നിയന്ത്രണം ഏറ്റെടുത്തിരിക്കുന്നത് എന്ന കാര്യം പരമപ്രധാനമത്രേ. യേശുവിനെ രക്ഷകനെന്നുവിളിക്കുകയും ഞായറാഴ്ചകളിൽ സഭയിൽ പോകയും, യേശുവിനോട് പ്രാർത്ഥിക്കയും ചെയ്യുമ്പോൾത്തന്നെ അവിടുന്ന് നമ്മുടെ ‘തല’ ആയിരിക്കണം എന്ന് നിർബ്ബന്ധമില്ല. യേശു യജമാനൻ ആയിരിക്കാതെ ‘നമ്മുടെ സ്വയവും, സ്വാർത്ഥചിന്തകളും തലയായിരിക്കാനാണ് സാദ്ധ്യത. നമ്മുടെ ജീവിതം സ്വയം നിയന്ത്രിക്കയും, സ്വാർത്ഥപരമായ മോഹങ്ങൾ നിവർത്തിക്കയും ചെയ്യുമ്പോൾ നാം തന്നെയാണ് ‘തല’. ഈ തലയെയാണ് നാം നിർദാക്ഷിണ്യം ആക്രമിക്കേണ്ടത്. നമ്മുടെ ജിവിതത്തിന്റെ നിയന്ത്രണം സ്വയം ഏറ്റെടുക്കുന്ന ഈ മനോഭാവത്തോട് നാം സന്ധിയില്ലാസമരം പ്രഖ്യാപിച്ചേ മതിയാകൂ. ആത്മീയജീവിതത്തിൽ ഈ പോരാട്ടം എത്ര നിർണ്ണായകമാണെന്ന് തിരിച്ചറിയണം. ലൂസിഫറിനുണ്ടായിരുന്ന ഈ മനോഭാവമായിരുന്നു അവനെ പിശാചാക്കിമാറ്റിയത്. കാര്യങ്ങളുടെ എല്ലാം നിയന്ത്രണം ഏറ്റെടുത്ത് ‘ദൈവം’ ആകാനാണ് അവൻ ആഗ്രഹിച്ചത്.

തല ആരായിരിക്കണം എന്ന് നിർണ്ണയിക്കുന്ന പോരാട്ടം നമ്മുടെ മനസ്സിൽ ശക്തമാകട്ടെ. സദാദൈവത്തിന്റെ അധികാരത്തിന് കീഴടങ്ങി സമർപ്പിക്കുമ്പോൾ നാം യഥാർത്ഥ താഴ്മ ധരിക്കുന്നു. അപ്പോൾ മാത്രമേ പാപത്തെ ജയിക്കാനുള്ള കൃപലഭ്യമാകൂ.

ജോർജുമുള്ളറുടെ ഒരു സാക്ഷ്യത്തോടുകൂടി ഞാൻ അവസാനിപ്പിക്കാം. പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന, പതിനായിരത്തിലധികം അനാഥബാലന്മാരെ സംരക്ഷിച്ച, അസാധാരണക്കാരനായിരുന്ന ഈ ദൈവമനുഷ്യന്റെ ശുശ്രൂഷ അനുകരിക്കാൻ പലർക്കും താത്പര്യമാണ്. ജോർജുമുള്ളറുടെ ശുശ്രൂഷയുടെ രഹസ്യം ശ്രദ്ധിക്കുക. തന്റെ മഹത്തായ ശുശ്രൂഷയുടെ രഹസ്യം ആരാഞ്ഞ ഒരാളോട് അദ്ദേഹം ഇപ്രകാരം പറഞ്ഞു: “ഞാൻ പൂർണ്ണമായി മരിച്ച ഒരു സന്ദർഭം ഉണ്ടായി.” (നിലത്തോളം കുനിഞ്ഞാണ് ഈ വാക്കുകൾ അദ്ദേഹം പറഞ്ഞത്) ജോർജുമുള്ളറുടെ അഭിപ്രായങ്ങൾ, താത്പര്യങ്ങൾ, രുചികൾ, ഇച്ഛ എല്ലാറ്റിനും മരിച്ചദിവസം. ലോകത്തിന്, (അതിന്റെ അംഗികാരത്തിനും വിമർശനത്തിനും) സ്നേഹിതരുടെയും സഹോദരങ്ങളുടേയും അംഗീകാരത്തിനും കുറ്റപ്പെടുത്തലിനും ഒക്കെ മരിച്ച ദിവസം. അന്നുമുതൽ ദൈവത്തിന്റെ അംഗീകാരത്തിനു വേണ്ടി മാത്രം ജീവിക്കുന്ന ഒരുവനാകാൻ ഞാൻ പരിശ്രമിച്ചു വരുന്നു.” 93-ാം വയസ്സിലാണ് ജോർജ്ജുമുള്ളർ അന്തരിച്ചത്. പക്ഷേ യൗവനകാലത്തുതന്നേ പാപത്തിന്റെ ‘തലയ്ക്ക്’ മാരകമായ പ്രഹരം ഏൽപ്പിക്കുവാൻ മേൽപ്പറഞ്ഞ നിലപാടിലൂടെ തനിക്ക് കഴിഞ്ഞു. സ്വയജീവന് പ്രഹരം ഏല്പ്പിക്കുന്ന അത്തരത്തിലുള്ള ജീവിതം നമുക്കും സാദ്ധ്യമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

●

# ആൻഡ്രൂ മുറേ:
# യഥാർത്ഥ ഉണർവ്വിന്റെ വക്താവ്

**മാത്യു ജോർജ്**

ഏകദേശം ഒൻപത് ദശകങ്ങൾ നീണ്ടുനിന്ന അനുഗൃഹീതമായ ഒരു ജീവിതത്തിന്റെ ഉടമയായിരുന്നു ആൻഡ്രൂ മുറേ. 240 ൽ ഏറെ ക്രിസ്തീയഗ്രന്ഥങ്ങളുടെ കർത്താവ്, സഭയുടെ വിശ്വസ്തനായ ഇടയൻ, ഉണർവ്വുസന്ദേശവാഹകൻ, പ്രാർത്ഥനാമനുഷ്യൻ-ഇതും ഇതിലേറെയുമായിരുന്നു അദ്ദേഹം. ക്ഷീണം അറിയാത്ത തന്റെ തൂലിക എണ്ണമറ്റ ഹൃദയങ്ങളിൽ ദൈവവചനത്തിന്റെ സമൃദ്ധമായ വിതനടത്തി. ഭൂലോകത്തിന്റെ ഏതുകോണിലും ഉള്ള അജ്ഞാതരായ വ്യക്തികൾ ആൻഡ്രൂമുറേ തങ്ങളുടെ ആത്മിക പിതാവാണെന്നു സാക്ഷ്യം പറയും. തങ്ങളുടെ ആത്മീയവളർച്ചയ്ക്ക് വഴിയൊരുക്കിയത് അദ്ദേഹത്തിന്റെ വിലതീരാത്തധ്യാനഗ്രന്ഥങ്ങളായിരുന്നു. ആൻഡ്രൂമുറേയ്ക്ക് അയച്ച ഒരു കത്തിൽ ന്യൂസൗത്ത് വെയിൽസിലെ ഒരു മാന്യവനിത ഇപ്രകാരം എഴുതി: “ഞാൻ അങ്ങയോട് എത്രമാത്രം കടമ്പെട്ടിരിക്കുന്നു എന്ന് നിത്യത മാത്രമേ തെളിയിക്കയുള്ളൂ.” ലോകത്തിന്റെ അഞ്ചുഭൂഖണ്ഡങ്ങളിൽ നിന്നും ആയിരങ്ങൾ ഇത്തരം സാക്ഷ്യങ്ങൾ പറയും. ദൈവരാജ്യത്തിലെ അമൂല്യസമ്പത്തായിരുന്ന ഈ ദൈവമനുഷ്യന്റെ ജീവിതത്തിലേക്ക് ഒരെത്തിനോട്ടം നടത്താൻ മാത്രമേ നമുക്കാവൂ. കാരണം, ക്രിസ്തുവിൽകേന്ദ്രീകൃതമായ ആ തൂലികയിൽ നിന്നും കർത്താവായ യേശുക്രിസ്തുവിനെപ്പറ്റി അനുസ്യൂതം ചിന്തകൾ ഒഴുകിയിരുന്നപ്പോഴും സ്വന്തം ജീവിതത്തെപ്പറ്റികാര്യമായി എന്തെങ്കിലും പറയാൻ എപ്പോഴും അദ്ദേഹം വിസമ്മതിച്ചി രുന്നു.

ആഴമായ ആത്മീയശക്തിയുടെ ഉടമയായിരുന്ന മുറേയുടെ ജീവിതത്തിൽ ദൈവം പ്രവർത്തിച്ച വഴികളെപ്പറ്റി അറിയാൻ മറ്റുള്ളവർ എപ്പോഴും ആഗ്രഹിച്ചിരുന്നു. തന്നോട് ഈ വിഷയത്തെപ്പറ്റി ആരാഞ്ഞ എല്ലാവരോടും അദ്ദേഹം നിഷേധാത്മകമായി പ്രതികരിച്ചു. “ആൻഡ്രൂമുറേ അല്ല യേശുക്രിസ്തുവാണ് ഉയർത്തപ്പെടേണ്ടത്” ഇതായിരുന്നു പതിവു മറുപടി. എന്നാൽ 1895 ഓഗസ്റ്റ് മാസം 25 ന് ഒരു കെസ്വിക് കോൺഫറൻസിൽ വച്ച് അനേകരുടെ അഭ്യർത്ഥനമാനിച്ച് അദ്ദേഹം ഒരു ലഘുസാക്ഷ്യം പ്രസ്താവിക്കുകയുണ്ടായി. തന്റെ മറഞ്ഞിരിക്കുന്ന ജീവിതത്തെപ്പറ്റി വെളിച്ചം നൽകുന്ന ഏകസ്രോതസ്സ്. ഒരു ക്രിസ്തീയമാസികയിൽ അച്ചടിച്ചു വന്ന ആ ഹ്രസ്വമായ സാക്ഷ്യം ഇന്നും ലഭ്യമാണ്. സ്വന്തഅനുഭവങ്ങൾ സന്ദർഭോചിതമായി സൂചിപ്പിച്ച അദ്ദേഹം, പരിശുദ്ധാത്മനിറവിന്റെ ആവശ്യമാണ് ഊന്നിപ്പറഞ്ഞത്.


ദക്ഷിണാഫ്രിക്കയിലെ ഗ്രാഫ് റീനെറ്റ് എന്ന സ്ഥലത്ത് 1828 മേയ് ഒമ്പതാം തീയതി പിറന്ന ആൻഡ്രൂമുറേക്ക് അനുഗൃഹീതമായ ഒരു ക്രിസ്തീയപൈതൃകം ലഭ്യമായി. ഡച്ച് റിഫോംഡ് സഭയുടെ ഒരു പട്ടക്കാ





രനായിരുന്ന പിതാവ് ആഴ്ചയിൽ ഒരിക്കൽ എങ്കിലും ആത്മീയ ഉണർവ്വുകളെപ്പറ്റിയുള്ള വൃത്താന്തങ്ങൾ കുടുംബാംഗങ്ങളെ വായിച്ചു കേൾപ്പിക്കയും മുടങ്ങാതെ ദക്ഷിണാഫ്രിക്കയുടെ ആത്മീയ ഉണർവ്വിനായി പ്രാർത്ഥിക്കയും ചെയ്യുന്ന വ്യക്തിയായിരുന്നു. ഡേവിഡ് ലിവിങ്സ്റ്റൻ ഉൾപ്പെടെയുള്ള നിരവധി മിഷനറിമാർ മുറേ കുടുംബത്തിലെ സന്ദർശകരായിരുന്നു.

1838 ൽ ആൻഡ്രൂ പത്തുവയസ്സുള്ള ബാലനായിരുന്നപ്പോൾ സഹോദരനായ ജോണിനോടൊപ്പം പഠനത്തിനായി സ്കോട്ട്ലന്റിലേക്ക് പോയി. അമ്മാവനായിരുന്ന റവറന്റ് ജോൺ മുറേയോടൊപ്പം പരിശീലനം ലഭിക്കുന്നതിനുംകൂടെയാണ് പിതാവ് അവരെ അയച്ചത്. 1840 ലെ വസന്തകാലത്ത് ഉണർവ്വുപ്രസംഗകനായ വില്യം സി. ബേൺസ് സ്കോട്ട്ലന്റിലെ അബെർഡീനിൽ, ആൻഡ്രൂ താമസിച്ചിരുന്ന സ്ഥലത്ത് പ്രസംഗിക്കാനിടയായി. അദ്ദേഹം ആൻഡ്രുവിന്റെ അമ്മാവന്റെ വീട്ടിൽ താമസിച്ചിരുന്നതിനാൽ ചില സായാഹ്നങ്ങളിൽ ദീർഘനേരം ദൈവവേലയെക്കുറിച്ച് സംസാരിക്കാൻ അവസരം കിട്ടി. 1839 ൽ വലിയൊരു ഉണർവ്വിന് ദൈവം ഉപയോഗിച്ച ഉപകരണമായിരുന്ന ബേൺസ് ആൻഡ്രുമുറേയിൽ ആഴമായ സ്വാധീനം ചെലുത്തി എന്നതാണ് സത്യം. വില്യം ബേൺസ് നഷ്ടപ്പെട്ട സഹജീവികളെ ഓർത്ത് ഹൃദയവേദനയോടെ ദീർഘമണിക്കൂറുകൾ പ്രാർത്ഥിക്കുന്നത് ബാലനായ ആൻഡ്രു ശ്രദ്ധിച്ചിരു ന്നു. ബേൺസ് ദൈവവചനം പ്രസംഗിക്കുന്നത് അത്ഭുതാദരങ്ങളോടെ ശ്രദ്ധിച്ചിരുന്ന ആൻഡ്രൂ പിൽക്കാലത്ത് താൻ ആരായിത്തീ രണം എന്നതിന്റെ ഒരു ‘മുന്നോടിയെ’ ബേൺസിൽ കണ്ടെത്തുകയായിരുന്നു.



*ക്രിസ്തുകേന്ദ്രീകൃതമായ തൂലികയുടെ ഉടമ:*
ആൻഡ്രൂ മുറേ.

ആൻഡ്രുവും ജോണും മരിസ്ച്ചൽ കോളജിൽ നിന്നും 1844 ൽ എം.എ. ബിരുദം എടുത്തു. ഇരുവരും തുടർന്ന് ഹോളണ്ടിലെ യുട്രെക്റ്റ് സർവ്വകലാശാലയിൽ വേദശാസ്ത്രപഠനത്തിനായി ചേർന്നു. ഇരുവരും ഡച്ച് ഭാഷയിൽ ‘വചനം ഓർക്കുക’ എന്നർത്ഥം വരുന്ന സെക്കോർ ദാബാർ എന്ന ഒരു തീക്ഷ്ണതയുള്ള സമൂഹത്തിൽ അംഗങ്ങളായി. ദൈവവചനത്തിനായും നഷ്ടപ്പെട്ട ആത്മാക്കൾക്കായും അടങ്ങാത്ത ദാഹം ഉള്ള മറ്റുള്ളവരെ അവർ ഈ കൂട്ടത്തിൽ കണ്ടെത്തി. ജൊഹാർ ബ്ലംഹാർട്ട് എന്ന ആളിന്റെ നേതൃത്വത്തിൽ ജർമ്മനിയിലെ മോട്ടിങൻ എന്ന സ്ഥലത്തുനടന്ന ആത്മീയഉണർവ്വിനെപ്പറ്റി അവർ അറിയാനിടയായി. ആൻഡ്രുവും ജോണും അവിടേയ്ക്കു പോയി ഉണർവ്വിന്റെ നേതാവിനെ സന്ധിക്കയും അത്ഭുതങ്ങളാലും അടയാളങ്ങളാലും ദൈവം തന്റെ വചനത്തെ ഉറപ്പിക്കുന്നതും അനേകർ വിടുതൽ പ്രാപിക്കുന്നതും നേരിൽ കാണാൻ ഇടയാകയും ചെയ്തു.

1848 ൽ സഹോദരന്മാർ ഇരുവരും ശുശ്രൂഷകസ്ഥാനത്തേക്ക് വേർതിരിക്കപ്പെടുകയും അവർ ജനിച്ചുവളർന്ന ദക്ഷിണാഫ്രിക്കയിലേക്ക് മടങ്ങിപ്പോ

കയും ചെയ്തു. ആൻഡ്രുവിന് സഞ്ചാരസുവിശേഷീകരണത്തിനായിരുന്നു ദൈവവിളി. കുതിരപ്പുറത്ത് ആഴ്ചകളോളം വിവിധസ്ഥലങ്ങളിൽ യാത്ര ചെയ്തു ഡച്ച് ഭാഷ സംസാരിക്കുന്ന കർഷകരായ ദക്ഷിണാഫ്രിക്കക്കാർക്കായി അദ്ദേഹം സമ്മേളനങ്ങൾ നടത്തുമായിരുന്നു. സുവിശേഷത്തിനായും പ്രാർത്ഥനയ്ക്കായും തീക്ഷ്ണമായ ഒരു ദാഹം ജീവിതത്തിൽ ഉളവാകത്ത ക്കവണ്ണം ആഴമായ ആത്മപരിശോധനയുടെ കാലഘട്ടമായിരുന്നു അത്. എമ്മാ റൂതർഫോർഡ് എന്ന യുവതിയെ 1856 ജൂലൈ രണ്ടിനു കേപ്ടൗണിൽവച്ചു അദ്ദേഹം വിവാഹം കഴിച്ചു. ഇംഗ്ലീഷുകാരനായ ഒരു സഭാശുശ്രൂ ഷകന്റെ മകളായിരുന്നു എമ്മാ. 1860 ൽ വൊഴ്സെഡ്റ്റർ എന്ന സ്ഥലത്തുള്ള ഒരു ഇടവകയിൽ ശുശ്രൂഷ ഏറ്റെടുക്കാൻ ആൻഡ്രുമുറേ തയ്യാറായി. ഉണർവ്വ്, മിഷനറിപ്രവർത്തനം എന്നീ വിഷയങ്ങളെപ്പറ്റി നേരത്തെ തീരുമാനിച്ചിരുന്ന ഒരു സമ്മേളനസമയത്തായിരുന്നു അദ്ദേഹം ഈ സഭയിൽ എത്തിയത്. വടക്കേ അമേരിക്കയിലും യൂറോപ്പിലും ഉള്ള ആത്മീയ ഉണർവ്വുകളെപ്പറ്റിയും സമ്മേളനത്തിൽ കേൾക്കാൻ ഇടയായി. സമ്മേളനത്തിൽ സംബന്ധിച്ചശുശ്രൂഷകരുടെ എല്ലാം ഹൃദയത്തിന്റെ കരച്ചിൽ ദക്ഷിണാഫ്രി ക്കയിൽ ഒരു ഉണർവിനുവേണ്ടി യായിരുന്നു!

ഉണർവ്വ് പൊട്ടിപ്പുറപ്പെടുക തന്നെ ചെയ്തു. പക്ഷേ ആൻഡ്രു മുറേ പ്രതീക്ഷിച്ച രീതിയിൽ ആയിരുന്നില്ല എന്നുമാത്രം! ക്രമം തെറ്റിയുള്ള കാര്യങ്ങളാണെന്ന് അദ്ദേഹത്തിനു തോന്നി എങ്കിലും അത് തികച്ചും ദൈവപ്രവൃത്തിയാണെന്ന ബോദ്ധ്യം ദൈവം നൽകി. ആ കാലത്തെ അനുഭവങ്ങൾ ഉണർവ്വിനെപ്പറ്റിയുള്ള ആൻഡ്രു മുറേയുടെ വീക്ഷണത്തെ പൂർണ്ണമായും മാറ്റിക്കളഞ്ഞു. 1877 ൽ അദ്ദേഹം അമേരിക്കൻ ഐക്യനാടുകൾ സന്ദർശിക്കുകയും അനേകം ഇടങ്ങളിൽ മഹായോഗങ്ങളിൽ വിശുദ്ധിയെപ്പറ്റി പ്രസംഗിക്കുകയും ചെയ്തു. നിലനിൽക്കുന്ന ഉണർവ്വിന്റെ രഹസ്യം ആയിരങ്ങൾ ദൈവത്തിന്റെ അഭിഷിക്തനായ ഈ മനുഷ്യനിലൂടെ ശ്രവിക്കുകയായിരുന്നു.

**പഴയകാല പ്രവാചകന്മാരുടെ ദർശനവും ആത്മീയാധികാരവും കൈയാളിയിരുന്ന ക്രിസ്തീയഎഴുത്തുകാരനായിരുന്നു ആൻഡ്രൂ മുറേ. സഭയുടെ നിർണ്ണായകമായ ദശാസന്ധികളിൽ യഥാർത്ഥപ്രശ്നങ്ങൾക്കുവേണ്ടി ശബ്ദം ഉയർത്തുവാൻ അദ്ദേഹം മടിച്ചില്ല. തക്കസമയത്ത് വാമൊഴിയായോ വരമൊഴിയായോ, കൃത്യമായ വാക്കുകൾ ഉപയോഗിക്കാൻ അദ്ദേഹത്തിന് പ്രത്യേക കഴിവുണ്ടായിരുന്നു.**

ദക്ഷിണാഫ്രിക്കയിലെ വൊഴ്സെസ്റ്റർ കൂടാതെ ബ്ലോംഫൊന്റേൻ, കേപ്ടൗൺ, വെല്ലിംങ്ടൺ എന്നീ ഇടവകകളിലും ആൻഡ്രൂ മുറേ ശുശ്രൂഷ ചെയ്തു. നാലു ആൺകുട്ടികളും നാലു പെൺകുട്ടികളും അടങ്ങുന്ന വലിയൊരു കുടുംബമായിരുന്നു ആൻഡ്രൂ-എമ്മാ ദമ്പതികളുടേത്.

പ്രസംഗവും അദ്ധ്യയനവും ആയിരുന്നു മുറേയുടെ ജീവിതം എന്നുപറയാം. ആദ്യകാലങ്ങളിൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ കുഞ്ഞുങ്ങളെ ദൈവഭക്തിയുടെ മാർഗ്ഗത്തിൽ അഭ്യസിപ്പിക്കുന്നതിനെപ്പറ്റിയായിരുന്നു. ധാരാളം കുട്ടികളുള്ള കുടുംബങ്ങളിൽ അമ്മമാരുടെ ജോലി ഏറെ ശ്രമകരമായതിനാൽ യേശുവിന്റെ ജിവിതത്തെ ആധാരമാക്കി കുഞ്ഞുങ്ങൾക്കു ഗ്രഹിക്കാൻ പാകത്തിൽ 'കുട്ടികളുടെ സ്നേഹിതനായ യേശു' എന്ന ആദ്യ





പുസ്തകം ഡച്ചുഭാഷയിലാണ് പ്രസിദ്ധീകരിച്ചത്. തുടർന്ന് ആഴമായ ക്രിസ്തീയജീവിതത്തെപ്പറ്റിയുള്ള ഗ്രന്ഥങ്ങളുടെ അനർഗ്ഗളപ്രവാഹമായിരുന്നു. പഴയകാല പ്രവാചകന്മാരുടെ ദർശനവും ആത്മീയാധി കാരവും കൈയാളിയിരുന്ന ക്രിസ്തീയ എഴുത്തുകാരനായിരുന്നു ആൻഡ്രൂ മുറേ. സഭയുടെ നിർണ്ണായകമായ ദശാസന്ധികളിൽ യഥാർത്ഥപ്രശ്നങ്ങൾക്കുവേണ്ടി ശബ്ദം ഉയർത്തുവാൻ അദ്ദേഹം മടിച്ചില്ല. തക്കസമയത്ത് വാമൊഴിയായോ വരമൊഴിയായോ, കൃത്യമായ വാക്കുകൾ ഉപയോഗി ക്കാൻ അദ്ദേഹത്തിന് പ്രത്യേക കഴിവുണ്ടായിരുന്നു. കഴിഞ്ഞ ദശകങ്ങളിൽ നിരവധി ആത്മീയനേതാക്കളെ സ്വാധീനിക്കാൻ ആൻഡ്രൂ മുറേയ്ക്ക് കഴിഞ്ഞു. 1904-1905 കാലഘട്ടത്തിൽ വെയിൽസിലെ ഉണർവ്വിന് നേതൃത്വം കൊടുത്ത ജെസ്സിപെൻലൂയിസും ആ കൂട്ടത്തിൽ പെടും.

1879 ൽ ആൻഡ്രൂ മുറേയുടെ ജീവിതത്തിൽ ദുരന്തം കടന്നുവന്നു. രോഗിയായിത്തീർന്ന അദ്ദേഹത്തിന്റെ തൊണ്ടയ്ക്ക് കേടുസംഭവിച്ചു. ശബ്ദം തീരെ നഷ്ടമായ അദ്ദേഹത്തിന്റെ 'നിശ്ശബ്ദനാളുകൾ' രണ്ടുവർഷം നീണ്ടു. ഈ കാലഘട്ടം മുറേ എന്ന ദൈവമനുഷ്യനെ ഒരു പുതിയ നിലയിൽ രൂപപ്പെടുത്തി. എല്ലാം ദൈവമുമ്പാകെ സമർപ്പിക്കാൻ താൻ തയ്യാറായി. ദൈവത്തോടും മറ്റുള്ളവരോടും താഴ്മയും സ്നേഹവും നിറഞ്ഞ ഒരിടത്തേക്ക് താൻ കടന്നു വന്നു. രോഗസൗഖ്യത്തിന്റെ വേദശാസ്ത്രം ആഴത്തിൽ ഗ്രഹിക്കുവാൻ ഓട്ടോ സ്റ്റോക്ക് മെയർ എന്ന വ്യക്തി സഹായിച്ചു. 1881 ൽ ഡബ്ലിയു. ഈ. ബോർഡ്മാൻ നടത്തിയിരുന്ന ലണ്ടനിലെ ഒരു അത്ഭുതരോഗശാന്തി ശുശ്രൂഷയിൽ സംബന്ധിച്ച ആൻഡ്രൂ മുറേയുടെ ശബ്ദം മടക്കികിട്ടുകയും തൊണ്ടയുടെ അസുഖം പൂർണ്ണമായും മാറുകയും ചെയ്തു. പിന്നീടൊരിക്കലും ആ രോഗം അദ്ദേഹത്തെ ബുദ്ധിമുട്ടിച്ചില്ല. ആ സമയം മുതൽ ദൈവികവരങ്ങൾ ഇന്നും വിശ്വസിക്കുന്നവർക്കുവേണ്ടിയുള്ളതാണെന്ന് തിരിച്ചറിഞ്ഞ അദ്ദേഹം അത് പഠിപ്പിക്കയും അതിനെപ്പറ്റി എഴുതുകയും ചെയ്യാൻ തുടങ്ങി. 1882 ൽ കെസ്വിക് കൺവൻഷനിൽ ആദ്യമാ യി അദ്ദേഹം സംബന്ധിച്ചു. 'വിശുദ്ധി' 'ആഴമായ ക്രിസ്തീയജീവിതം' എന്നീ വിഷയങ്ങളായിരുന്നു കെസ്വിക് സമ്മേളനങ്ങളുടെ പ്രത്യേകത. 1895 മുതൽ തുടർച്ചയായി അദ്ദേഹം കെസ്വിക് സമ്മേളനങ്ങളിൽ പ്രസംഗകനായിരുന്നു.

തുടർന്നുള്ള നാളുകൾ ദീർഘയാത്രകളുടേയും പ്രസംഗത്തിന്റെയും കാലമായിരുന്നു. രണ്ടുപ്രാവശ്യം മോട്ടോർ അപകടങ്ങളിൽ നിന്നും അദ്ദേഹം രക്ഷപെട്ടെങ്കിലും ഒരു കാലിൽ ചെറിയ മുടന്ത് ബാക്കിയായി. ധാരാളം ഗ്രന്ഥങ്ങൾ എഴുതിയ കാലഘട്ടമായിരുന്നു അത്. തന്റെ ഗ്രന്ഥങ്ങൾ പതിനായിരങ്ങളെ സ്പർശിച്ചുകൊണ്ടിരിക്കുന്നു. 240 ൽ അധികം ഗ്രന്ഥങ്ങളിൽ പലതും ഇന്നും ലഭ്യമാണ്. 1917 ജനുവരി 18 -ാം തീയതി ദൈവത്തെ സ്തുതിച്ചു കൊണ്ട് ആൻഡ്രൂ മുറേ നിത്യതയിലേക്ക് പ്രവേശിച്ചു.

അറിയപ്പെടുന്ന ഒരു മിഷനറിനേതാവായിരുന്നു മുറേ. ദക്ഷിണാഫ്രിക്കയിലെ മിഷനറിവേലയ്ക്ക് ശക്ത മായ നേതൃത്വം കൊടുത്ത അദ്ദേഹം ഡച്ച് റിഫോംഡ് സഭയുടെ ട്രാൻസ്വാളിലും, മലാവിയിലുമുള്ള കറുത്തവർഗ്ഗക്കാരുടെ ഇടയിലെ മിഷനറി വേലയ്ക്ക് നേതൃത്വം നൽകി. കാലത്തിന് മായിച്ചുകളയാൻ കഴിയാത്ത മുദ്ര ജനഹൃദയങ്ങളിൽ പതിപ്പിച്ച ആൻഡ്രൂ മുറേയുടെ പിൻഗാമി കൾക്കായി നമുക്ക് കാതോർക്കാം.

●

മുന്നോട്ട്

# ദൈവം ജയാളികളെ അന്വേഷിക്കുന്നു

വാച്ച് മാൻ നീ

**യി**സ്രയേലിനെക്കുറിച്ചുള്ള ദൈവികോദ്ദേശ്യം അവർ തനിക്ക് ഒരു പുരോഹിതരാജ്യം ആകുക എന്നതായിരുന്നു (പുറ.19:6). യിസ്രായേല്യരൊക്കെയും പുരോഹിതന്മാരായി ദൈവത്തെ സേവിക്കുകയെന്നാണ് അതിനർത്ഥം. എന്നാൽ കാളക്കുട്ടിയെ വണങ്ങുകനിമിത്തം ഈ പദവി അവർക്കു നഷ്ടപ്പെട്ടു. ദൈവത്തിന്റെ പക്ഷത്തുള്ളവർ മാറി നിൽക്കുവാനുള്ള മോശയുടെ ആഹ്വാനത്തിൽ ലേവിപുത്രന്മാർ എല്ലാവരും മാറിനിന്നു. അവർ മോശയുടെ കല്പനപ്രകാരം പാളയത്തിലുടനീളം ചെന്ന് വിഗ്രഹാരാധനയ്ക്കു ശിക്ഷ വിധിച്ചു. സഹോദരന്മാരെന്നും, സ്നേഹിതന്മാരെന്നും, അയൽക്കാരെന്നും പരിഗണന കാട്ടാതെ, വൈകാരികവും, മാനുഷികവുമായ ബന്ധങ്ങൾക്കതീതമായി ദൈവത്തെ സേവിപ്പാൻ അവർ മനസ്സുള്ളവരായിരുന്നതിനാൽ, ദൈവത്തിനു പുരോഹിതന്മാരായിത്തീരുവാനുള്ള അർഹത അവർക്കു ലഭിച്ചു. യിസ്രയേൽ തങ്ങളുടെ വിളി നഷ്ടമാക്കിയെങ്കിലും, അവരുടെ സ്ഥാനത്തു നിൽക്കേണ്ടതിന്, അവരിൽനിന്നും തന്നെ ദൈവം ഒരു ചെറിയ കൂട്ടത്തെ തിരഞ്ഞെടുത്തു. ആ ചെറിയ കൂട്ടമാണ് ജയാളികൾ.

ലേവിപുത്രന്മാർ മാത്രമേ പുരോഹിതന്മാരായുണ്ടായിരുന്നുള്ളൂവെങ്കിലും, അവരുടെ ശുശ്രൂഷയുടെ ഫലം സർവ്വയിസ്രായേലിനും വേണ്ടിയുള്ളതായിരുന്നു. ഇവ്വണ്ണംതന്നെ ജയാളികളുടെ ജീവിതത്തിന്റെ ഫലം സർവ്വസഭയ്ക്കും വേണ്ടിയുള്ളതാണ്. അവരുടെ ജയത്തിന്റെയും അനുഗ്രഹത്തിന്റേയും പങ്ക് സർവ്വസഭയ്ക്കുമുള്ളതാണ്. അവരുടെ മഹത്വം, സഭയുടെ മഹത്വമാണ്. ന്യായാധിപന്മാരുടെ കാലത്ത് യിസ്രായേൽ, മിദ്യാന്യരാൽ വളരെ ദണ്ഡിപ്പിക്കപ്പെട്ടു. ശത്രുവിനെ തോല്പിക്കേണ്ടതിനായി ഒരു ചെറിയ കൂട്ടത്തെ നയിപ്പാൻ ദൈവം ഗിദെയോനെ എഴുന്നേല്പിച്ചു. ഇവർ മുഖാന്തരം മുഴുവൻ യിസ്രായേലും സ്വാതന്ത്ര്യം അനുഭവിച്ചു. ഉത്തരവാദിത്വം സർവ്വയിസ്രായേലിന്റേതുമായിരുന്നുവെങ്കിൽതന്നെയും, ചിലർ ഭീരുക്കളും, മറ്റു ചിലർ മടിയന്മാരുമായിരുന്നു. വിലകൊടുപ്പാൻ ഒരുകൂട്ടർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ സ്വാതന്ത്ര്യം എന്ന ഫലം എല്ലാവരും അനുഭവിച്ചു.

പ്രവാസത്തിൽനിന്നു മടങ്ങിവന്ന യിസ്രയേലിന്റെ കാര്യത്തിലും ഇതേ പ്രമാണം നാം കാണുന്നു. എഴുപതു സംവത്സരത്തിനു ശേഷം യിസ്രയേൽജനം തങ്ങളുടെ ദേശത്തേക്കു മടങ്ങും എന്ന് ദൈവം മുമ്പുകൂട്ടി വാഗ്ദത്തം ചെയ്തിരുന്നു. എന്നിരുന്നാലും എല്ലാവരും മടങ്ങിവന്നില്ല. എസ്രാ, നെഹെമ്യാവ്, സെരുബ്ബാബേൽ, യോശുവ എന്നിവരാൽ നയിക്കപ്പെട്ട ഒരു ചെറിയകൂട്ടം മാത്രം യെരുശലേം നഗരവും ആലയവും പണിയുവാൻ മടങ്ങിവന്നു. ദൈവ

(ശേഷം പേജ് 32 ൽ)



മാതാപിതാക്കളും മക്കളും-4

# വീഴ്ചകളിൽ നിരാശപ്പെടരുത്

ജോസ് മാത്യു, തിരുവനന്തപുരം

**മാ**തൃകായോഗ്യമായ ജീവിതം നയിച്ചുകൊണ്ട് മക്കളോടുള്ള ഉത്തരവാദിത്വം ഫലപ്രദമായി നിർവ്വഹിച്ച ചില മാതാപിതാക്കളുടെ ദൃഷ്ടാന്തങ്ങൾ നാം ശ്രദ്ധിച്ചുകഴിഞ്ഞു. എന്നാൽ എല്ലാ മാതാപിതാക്കളും ഇക്കാര്യത്തിൽ വിജയം കണ്ടെത്തിയില്ല എന്നതാണ് സത്യം. മക്കളെ സംബന്ധിച്ച തങ്ങളുടെ ഉത്തരവാദിത്വത്തെ കാര്യമായെടുക്കാതിരുന്നവരെയും അവഗണിച്ചവരെയും തിരുവെഴുത്തുകളിൽ കാണാൻ കഴിയും. വീഴ്ച വരുത്തിയ മാതാപിതാക്കളുടെ ദൃഷ്ടാന്തങ്ങൾ നാമൊരു മുന്നറിയിപ്പായി സ്വീകരിക്കുകയാണ് വേണ്ടത്. "ഇത് ദൃഷ്ടാന്തമായിട്ട് അവർക്കു സംഭവിച്ചു, ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്കു ബുദ്ധിയുപദേശത്തിനായി എഴുതിയുമിരിക്കുന്നു"[1]

ദൈവത്തിനായി വൻകാര്യങ്ങൾ ചെയ്തവരും പ്രഗല്ഭരുമായ ചില ബൈബിൾ-വ്യക്തികൾക്കു പോലും ഈ വിഷയത്തിൽ വീഴ്ചകൾ വന്നിട്ടുണ്ട്. ആകയാൽ മാതാപിതാക്കളായ നമുക്ക് വളരെ ദൈവഭയത്തോടും കരുതലോടും കൂടെ മുമ്പോട്ടു നീങ്ങാം; അപരന്മാരുടെ തെറ്റുകൾ ആവർത്തിക്കാതെ അവയിൽ നിന്ന് പാഠങ്ങൾ പഠിച്ചുകൊണ്ട് നമ്മുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ ഉത്സാഹിക്കാം.

**ലോത്തും കുടുംബവും**: നന്നായി ജീവിതം ആരംഭിച്ചെങ്കിലും ദയനീയമായി അവസാനിച്ച ഒരു ജീവിതമായിരുന്നു ലോത്തിന്റേത്. ദൈവഭക്തനായിരുന്ന അബ്രഹാമിന്റെ സഹോദരപുത്രനായിരുന്നു ലോത്ത്. കൽദയപട്ടണമായ ഊരിൽ നിന്ന് ദൈവികദർശനം പ്രാപിച്ച് അബ്രഹാം പുറപ്പെട്ടപ്പോൾ ലോത്തും ഒപ്പം യാത്രതിരിച്ചു. ചില വർഷങ്ങൾ അവർ ഒന്നിച്ച് ജീവിക്കുകയും യാത്ര തുടരുകയും ചെയ്തു.

എന്നാൽ ഒരു നിർണ്ണായകഘട്ടത്തിൽ ലോത്ത് അബ്രാഹാമിനോടുള്ള ബന്ധങ്ങൾ വിഛേദിച്ച് വഴിപിരിയുന്നതായി ഉൽപത്തിപ്പുസ്തകം 13-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. തന്റെ സ്വാർത്ഥലക്ഷ്യങ്ങളായിരുന്നു ലോത്തിനെ മുമ്പോട്ടു നയിച്ചത്; ഈ ലോകത്തിന്റെ നേട്ടങ്ങൾ, സുഖസൗകര്യങ്ങൾ, മാന്യത എന്നിത്യാദികളായിരുന്നു അയാളുടെ ഉന്നം." ഇങ്ങനെ ലോത്ത് കിഴക്കോട്ടു യാത്രയായി; അവർ തമ്മിൽ പിരിഞ്ഞു. അബ്രാം കനാൻ ദേശത്തു പാർത്തു; ലോത്ത് ആ പ്രദേശങ്ങളിലെ പട്ടണങ്ങളിൽ പാർത്ത് സോദോം വരെ കൂടാരം നീക്കി നീക്കി അടിച്ചു; സോദോം നിവാസികൾ ദുഷ്ടന്മാരും യഹോവയുടെ മുമ്പാകെ മഹാപാപികളും ആയിരുന്നു."[2]

ധാർമ്മികമായി ഏറ്റവും അധഃപതിച്ചതും കുത്തഴിഞ്ഞതുമായ ഒരു പട്ടണമായിരുന്നു അയാൾ സകുടുംബം പാർക്കുന്നതിനായി തെരഞ്ഞെടുത്തത്. സോദോം പട്ടണത്തിൽ നിലനിന്നിരുന്ന തിന്മകളുടെയും ലൈംഗിക അരാജകത്വത്തിന്റെയും ദുസ്സ്വാധീനം

ലോത്തിന്റെ കുടുംബത്തെ നശിപ്പിച്ചെന്നു പറയാം.

വീടും വസ്ത്രങ്ങളും ആഭരണങ്ങളും ധനവുമെല്ലാം ലോത്തിന്റെ ഭാര്യയ്ക്ക് ഏറെ വിലപ്പെട്ടവയായിരുന്നു; തന്നിമിത്തം 'ജീവരക്ഷയ്ക്കായി ഓടിപ്പോകുക, പുറകോട്ടു നോക്കരുത്' [3] എന്ന ദൈവികനിർദ്ദേശം അവഗണിച്ച് അവൾ തിരിഞ്ഞുനോക്കുകയും ഉപ്പുതൂണായിത്തീരുകയും ചെയ്തു.

സോദോം ഗൊമോറ പട്ടണങ്ങൾ അഗ്നിക്കിരയായശേഷം ലോത്തും തന്റെ രണ്ടുപെൺമക്കളും പർവ്വതത്തിലുള്ള ഒരു ഗുഹയിൽചെന്നു പാർത്തു. അത്യധികം അപമാനകരമായ വഷളത്തമാണ് അയാളുടെ പുത്രിമാർ അവിടെ ചെയ്തത്. സ്വന്തം പിതാവിനെ വീഞ്ഞുകുടിപ്പിച്ച് മത്തനാക്കിയിട്ട് അയാളോടൊപ്പം ശയിച്ച് അവർ ഇരുവരും ഗർഭംധരിച്ച് മക്കളെ പ്രസവിച്ചു! എത്ര പരിതാപകരം!!

എന്തുകൊണ്ട് ലോത്തിന്റെ ഭവനത്തിൽ ഈ ദുരന്തങ്ങൾ സംഭവിച്ചു? നാം ഗൗരവമായി ചിന്തിക്കേണ്ട വിഷയമത്രേ ഇത്. മക്കൾക്ക് ദൈവികമൂല്യങ്ങൾ യഥാസമയം പകർന്നു നൽകുന്ന കാര്യത്തിൽ ആ മാതാപിതാക്കൾ പരാജയപ്പെട്ടു അത്രതന്നെ. ഭൗതികനേട്ടങ്ങളിലും സുഖസൗകര്യങ്ങളിലും സമൂഹത്തിന്റെ മാന്യതയിലും മാത്രമായിരുന്നു അവരുടെ ദൃഷ്ടി.

പാപപൂരിതമായിരുന്ന ആ ദുഷ്ടതലമുറയുടെ ദോഷകരമായ സ്വാധീനതകളാൽ ലോത്തിന്റെ പുത്രിമാർ പിടിക്കപ്പെട്ടു! അപ്പനായ ലോത്തും ഒടുവിൽ 'കളിപറയുന്ന' ഒരു തമാശക്കാരനായി മാറിയിരുന്നു! ദൈവം നൽകിയ മുന്നറിയിപ്പുകളെ അവഗണിച്ചുകൊണ്ട് ലോത്ത് സോദോം പട്ടണത്തിൽ തുടർന്നു ജീവിക്കാൻ തീരുമാനിക്കുകയായിരുന്നു. അയാളുടെ പിതാമഹനായ നോഹ (പത്താംതലമുറ) തന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായി ഒരു പെട്ടകം പണിതുവെങ്കിൽ ലോത്ത് തന്റെ കുടുംബത്തിന്റെ ആത്മീയാരോഗ്യം അവഗണിക്കുക വഴി അതിനെ നശിപ്പിക്കുകയാണ് ചെയ്തത്. എത്ര ദയനീയം! നമുക്കു ജാഗ്രതയായിരിക്കാം.

**ഏലിപുരോഹിതനും മക്കളും**: ദൈവം നൽകിയ രണ്ട് ആൺമക്കളുടെ ഉത്തരവാദിത്വം സംബന്ധിച്ച് തികഞ്ഞ അനാസ്ഥ പുലർത്തിയ പിതാവായിരുന്നു ഏലിപുരോഹിതൻ. അതിനുള്ള ശിക്ഷയും അദ്ദേഹത്തിന് ഏറ്റുവാങ്ങേണ്ടിവന്നു.

യിസ്രായേലിൽ രാജാവില്ലാതിരുന്ന അക്കാലത്ത് ഓരോരുത്തൻ തനിക്കു ബോധിച്ചതുപോലെ ജീവിച്ചുപോന്നു.[4] അന്ന് യഹോവയുടെ വചനം തീരെ ദുർല്ലഭവുമായിരുന്നു. ശീലോവിലുള്ള ദൈവാലയത്തിലെ പ്രധാനപുരോഹിതനും ജനത്തിന്റെ ആത്മീയാചാര്യനുമായിരുന്നു ഏലി. യിസ്രായേൽ ജനതയുടെ ആത്മീയഉത്തരവാദിത്വവും അക്കാലത്ത് ഏലിപുരോഹിതനായിരുന്നു വഹിച്ചിരുന്നത്.

എന്നാൽ തന്റെ സ്വന്തം മക്കളെ സംബന്ധിച്ച ഉത്തരവാദിത്വം അവഗണിക്കുകവഴി അദ്ദേഹം കഠിനമായ ദൈവശിക്ഷയ്ക്കു പാത്രമായെന്നു നാം കാണുന്നു.

"ഏലിയുടെ പുത്രന്മാർ നീചന്മാരും യഹോവയെ ഓർക്കാത്തവരും ആയിരുന്നു...ഇങ്ങനെ ആ യൗവ്വനക്കാർ യഹോവയുടെ വഴിപാട് നിന്ദിച്ചതുകൊണ്ട് അവരുടെ പാപം യഹോവയുടെ സന്നിധിയിൽ ഏറ്റവും വലിയതായിരുന്നു"[5] ഏലിയുടെ മക്കൾ പിടിച്ചുപറിക്കാരും ദൈവാലയത്തിൽ വ്യഭിചാരം നടത്തുന്നവരുമായിരുന്നു.

തന്റെ മക്കളുടെ ദുഷ്ചെയ്തികളെ സംബന്ധിച്ച് ദൈവം ഏലിക്ക് കർശനമായ മുന്നറിയിപ്പുകൾ നൽകിയെങ്കിലും വൃദ്ധനായ അയാൾ ഇന്ന് മക്കളുടെ കാര്യത്തിൽ നിസ്സഹായനാണ്. ദൈവം ചോദിക്കുന്നു: "...എല്ലാ വഴിപാടുകളിലും പ്രധാനഭാഗം കൊണ്ട് നിങ്ങളെത്തന്നെ കൊഴുപ്പിപ്പാൻ തക്കവണ്ണം നീ നിന്റെ പുത്രന്മാരെ എന്നെക്കാൾ ബഹുമാനിക്കുകയും ചെയ്യുന്നത് എന്ത്?"[6]





ദൈവവചനവും അതിന്റെ മൂല്യങ്ങളുമാണോ അതോ നിങ്ങളുടെ മക്കളാണോ നിങ്ങൾക്കു വിലപ്പെട്ടത്? മക്കളിൽ തിന്മകൾ കാണുമ്പോൾ അവരെ ശിക്ഷിക്കാൻ നിങ്ങൾ മടിക്കുന്നുവോ? മക്കളെ വാസ്തവമായും നിങ്ങൾ സ്നേഹിക്കുന്നുവെങ്കിൽ നിങ്ങൾ അവരെ ബാല്യം മുതലേ ശിക്ഷിച്ചുവളർത്തും. ഓർമ്മിക്കുക: അടയ്ക്കാ മാത്രമേ മടിയിലൊതുങ്ങൂ; അടയ്ക്കാമരം മടിയിലൊതുങ്ങുകയില്ല.

ഒടുവിൽ ഏലിപുരോഹിതന്റെ കുടുംബത്തിന് ദൈവം കഠിനമായ ശിക്ഷവിധിച്ചു:"അവന്റെ പുത്രന്മാർ ദൈവദൂഷണം പറയുന്ന അകൃത്യം അവൻ അറിഞ്ഞിട്ടും അവരെ ശാസിച്ചമർത്തായ്കകൊണ്ട് ഞാൻ അവന്റെ ഭവനത്തിന് എന്നേക്കും ശിക്ഷ വിധിക്കും എന്നു ഞാൻ അവനോടു കല്പിച്ചിരിക്കുന്നു. ഏലിയുടെ ഭവനത്തിന്റെ അകൃത്യത്തിന് യാഗത്താലും വഴിപാടിനാലും ഒരു നാളും പരിഹാരം വരികയില്ല എന്നു ഞാൻ സത്യം ചെയ്തിരിക്കുന്നു"[7]

ഏറെത്താമസിയാതെ ഏലിയുടെ ഭവനത്തിൽ ഈ ശിക്ഷാവിധി നിറവേറുകയും ചെയ്തു. ഫെലിസ്ത്യരോടുള്ള യുദ്ധത്തിൽ ഹൊഫ്നിയും ഫിനെഹാസും കൊല്ലപ്പെട്ടു; ഈ വർത്തമാനങ്ങൾ കേട്ട് 98 വയസ്സുള്ള ഏലിപുരോഹിതൻ ഇരിപ്പിടത്തിൽ നിന്ന് പിറകോട്ടുവീണ് കഴുത്തൊടിഞ്ഞു മരിച്ചു. തികച്ചും ദാരുണമായ അന്ത്യം!!

ഏലിയുടെയും മക്കളുടെയും ദുരന്തം വിശ്വാസികളായ മാതാപിതാക്കൾക്ക് ഒരു പാഠമാകേണ്ടതാണ്. മക്കളെ സംബന്ധിച്ച ഉത്തരവാദിത്വം യഥാസമയം നിർവ്വഹിക്കാതിരുന്നാൽ ഒടുവിൽ നാം വിലപിക്കേണ്ടിവരും. ആകയാൽ ഉണരാം–ഇപ്പോഴാകുന്നു സുപ്രസാദകാലം.

**ദൈവവചനവും അതിന്റെ മൂല്യങ്ങളുമാണോ അതോ നിങ്ങളുടെ മക്കളാണോ നിങ്ങൾക്കു വിലപ്പെട്ടത്? മക്കളിൽ തിന്മകൾ കാണുമ്പോൾ അവരെ ശിക്ഷിക്കാൻ നിങ്ങൾ മടിക്കുന്നുവോ? മക്കളെ വാസ്തവമായും നിങ്ങൾ സ്നേഹിക്കുന്നുവെങ്കിൽ നിങ്ങൾ അവരെ ബാല്യം മുതലേ ശിക്ഷിച്ചുവളർത്തും. ഓർമ്മിക്കുക: അടയ്ക്കാ മാത്രമേ മടിയിലൊതുങ്ങൂ; അടയ്ക്കാമരം മടിയിലൊതുങ്ങുകയില്ല.**

**ശമുവേലിന്റെ മക്കൾ**: യഹോവയുടെ വചനങ്ങളും ദർശനവും തീരെ ദുർല്ലഭമായിരുന്ന ഒരു കാലഘട്ടത്തിൽ അവിടുത്തെ വചനങ്ങൾ പ്രാപിച്ച് ജനത്തിനു നൽകിയ ഒരു ദൈവപുരുഷനായിരുന്നു ശമൂവേൽ. അദ്ദേഹം ഒരു പ്രവാചകനും പുരോഹിതനും ന്യായാധിപനുമായിരുന്നു. അതീവദൈവഭക്തനായിരുന്ന അദ്ദേഹത്തിന്റെ പൊതുജീവിതവും കളങ്കമേശാത്ത, സുതാര്യമായ ഒന്നായിരുന്നുവെന്നു കാണാൻ കഴിയും.[8]

യിസ്രായേൽ ജനതയുടെ ആദ്യത്തെ രണ്ടു രാജാക്കന്മാരെ അഭിഷേകം ചെയ്യാനുള്ള ഭാഗ്യവും ശമൂവേലിനാണ് കൈവന്നത്. എങ്കിലും തന്റെ രണ്ട് ആൺമക്കളായ യോവേൽ, അബീയാവ് എന്നിവരെപ്പറ്റി മോശമായ വസ്തുതകളാണ് തിരുവെഴുത്തിൽ നാം കാണുന്നത്. "അവന്റെ പുത്രന്മാർ അവന്റെ വഴിയിൽ നടക്കാതെ ദുരാഗ്രഹികളായി കൈക്കൂലി വാങ്ങി ന്യായം മറിച്ചുവന്നു".[9]

ശ്രേഷ്ഠദൈവപുരുഷനായിരുന്ന ശമൂവേലിനെ ഇക്കാര്യത്തിൽ നാം കുറ്റപ്പെ

ടുത്തുകയോ അപമാനിക്കുകയോ ചെയ്യാൻ മുതിരരുത്; അതൊക്കെ ദൈവത്തിന്റെ അധികാരപരിധിയിൽപ്പെട്ട കാര്യങ്ങളാണല്ലോ. വർഷത്തിൽ ഒമ്പതുമാസങ്ങളെങ്കിലും ജനത്തിന് ന്യായപാലനം ചെയ്യാനായി വിവിധസ്ഥലങ്ങളിൽ ചുറ്റിസഞ്ചരിച്ചു വന്ന ശമൂവേലിന് സ്വന്തം മക്കളെ ശ്രദ്ധിക്കാൻ സമയം ലഭിച്ചില്ല എന്നു വരാം. തന്നിമിത്തം സമൂഹത്തിലെ മറ്റു ചെറുപ്പക്കാരുടെ തെറ്റായ ജീവിതശൈലിയും മൂല്യങ്ങളും ശമൂവേലിന്റെ പുത്രന്മാർ സ്വായത്തമാക്കിയിരിക്കാമെന്ന് ന്യായമായും നമുക്കു കരുതാം. എന്നാൽ ക്രിസ്തുവിലൂടെ സ്ഥാപിക്കപ്പെട്ട പുതിയ ഉടമ്പടിക്കു കീഴിലുള്ള നമുക്കിന്ന് ശമൂവേലിന് ലഭ്യമായിരുന്നതിന്റെ അനേകമടങ്ങ് സാധ്യതകളാണ് ലഭ്യമായിട്ടുള്ളത് എന്നോർക്കണം. ദൈവകൃപ, പരിശുദ്ധാത്മനിറവും നടത്തിപ്പും, ആത്മീയ സഹോദരങ്ങളുടെ കൂട്ടായ്മയും സംരക്ഷണവും, ദൈവഭക്തരായ നേതാക്കന്മാരുടെ ഉപദേശങ്ങൾ-ഇങ്ങനെ എത്രയെത്ര അനുഗ്രഹങ്ങൾ! എത്ര തിരക്കുള്ള ദൈവവേലക്കാർക്കും വിശ്വാസികൾക്കും തങ്ങളുടെ മക്കളുടെ മുമ്പിൽ മാതൃകാപരമായി ജീവിക്കാനും അവരെ ബൈബിളിന്റെ മൂല്യങ്ങളും ദർശനവും ഉള്ളവരായി വളർത്തിക്കൊണ്ടുവരാനും ഇന്നു സാധ്യമാണ്. ആകയാൽ നിരാശപ്പെടേണ്ട, പാഠങ്ങൾ ഉൾക്കൊള്ളുകമാത്രം ചെയ്യുക.

**ദാവീദ് രാജാവിന്റെ കുടുംബം:**

സുദീർഘമായ 40 വർഷങ്ങൾ യിസ്രായേൽ ജനതയുടെ നായകനായിരുന്ന മഹാരാജാവായിരുന്നു ദാവീദ്. 'എന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ' എന്ന അസൂയാവഹമായ പ്രത്യേകവിശേഷണം നൽകി ദൈവം അദ്ദേഹത്തെ ആദരിച്ചു. പുതിയനിയമത്തിലും "ദാവീദ് തന്റെ തലമുറയിൽ ദൈവത്തിന്റെ ആലോചനയ്ക്കു ശുശ്രൂഷ

**ചില മക്കളോട് ചിലപ്പോൾ മാതാപിതാക്കൾ കൂടുതൽ ഇഷ്ടം, സ്നേഹം, കരുതൽ ഒക്കെ പ്രകടിപ്പിക്കാറുണ്ട്. ഭവനത്തിലുള്ള മറ്റുമക്കൾക്ക് ഇതുനിമിത്തം മനസ്സിൽ മുറിവും ദുഃഖവും അസൂയയുമെല്ലാം ഉളവാകും. എല്ലാ മക്കൾക്കും തുല്യമായ അളവിൽ നാം സ്നേഹവും കരുതലും അവസരങ്ങളും നൽകേണ്ടതാണ്. യാതൊരു കാരണവശാലും നമ്മുടെ മക്കളിൽ ചിലരെ നാം 'രണ്ടാം തരം പൗരന്മാരായി' കണക്കാക്കാൻ പാടില്ല.**

ചെയ്തശേഷം നിദ്രപ്രാപിച്ചു"[10] എന്നാണ് തന്നെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്നത്.

എല്ലാം തികഞ്ഞ ഒരു വ്യക്തിയായിരുന്നില്ല ദാവീദ്. അത്യന്തം ഗൗരവാവഹങ്ങളായ ചില തെറ്റുകളിൽ അദ്ദേഹം അകപ്പെടുകയുണ്ടായി. എന്നാൽ ദാവീദ് അവയെ മൂടിവെക്കാതെ ഏറ്റുപറഞ്ഞുപേക്ഷിക്കുകയും ദൈവത്തിൽനിന്ന് പാപക്ഷമ നേടുകയും ചെയ്തു. ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും ആശ്രയവും ദാവീദിന്റെ കൈമുതലായിരുന്നു. ഫെലിസ്ത്യമല്ലനായ ഗൊല്യാത്തിനെ ഒരു ചെറുകല്ലും കവിണയുമായി നേരിട്ട അദ്ദേഹത്തിന്റെ ധൈര്യവും വിശ്വാസവും അപാരംതന്നെ എന്നുപറയാം. എങ്കിലും തന്റെ മക്കളെ ദൈവികശിക്ഷണത്തിൽ വളർത്തിക്കൊണ്ടുവരാൻ 'യിസ്രായേലിന്റെ മധുരഗായക'നായ ഈ ദൈവദാസന് കഴിഞ്ഞില്ല. പല ഭാര്യമാരിലായി ദാവീദിന് നിരവധി മക്കൾ ജനിച്ചിരുന്നു. എന്നാൽ മക്കളെ ദൈവഭയത്തിൽ വളർത്തുന്ന കാര്യത്തിൽ അദ്ദേഹം പരാജയപ്പെട്ടു!

തന്റെ പുത്രന്മാരായ അമ്നോൻ, അബ്ശാലോം, അദോനീയാവ് എന്നി

(ശേഷം പേജ് 29 ൽ)



ചിന്തയ്ക്ക്

# തനിയേ നടക്കുന്ന വിശുദ്ധൻ

എ. ഡബ്ല്യു. ടോസർ

**ലോക**ത്തെ മഹദ്വ്യക്തികളിൽ മിക്കവരും ഏകാന്ത പഥികരായിരുന്നു. ഒരു വിശുദ്ധൻ തന്റെ വിശുദ്ധജീവിതത്തിനായി നൽകേണ്ട വിലകളിൽ ഒന്ന് ഈ ഏകാന്തതയാണെന്ന് തോന്നിപ്പോകുന്നു.

ഭക്തനായ ഹാനോക്ക്-അവൻ ദൈവത്തോടുകൂടെ നടന്നു: ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി; വളരെ വാക്കുകളിൽ വിവരിച്ചിട്ടില്ലെങ്കിലും തന്റെ കാലഘട്ടത്തിൽ ജീവിച്ചവരിൽ നിന്നും തികച്ചും വ്യത്യസ്തനായിരുന്നു ഹാനോക്ക് എന്ന് അതിശയോക്തിയെന്യേ അനുമാനിക്കാം.

തന്റെ കാലഘട്ടത്തിൽ നോഹ മാത്രമാണ് ദൈവപ്രീതിക്ക് പാത്രനായത്. അവനും തനിയേനടക്കുന്നവനായിരുന്നു. ആൾക്കൂട്ടത്തിന്റെ നടുവിലും ഒരു ഏകാന്തജീവിതത്തിന് ഉടമയായിരുന്നു നോഹ എന്ന വസ്തുതയിലേക്കാണ് എല്ലാ തെളിവുകളും വിരൽ ചൂണ്ടുന്നത്.

അബ്രാഹാമിന്റെ ചരിത്രവും വ്യത്യസ്തമല്ല. സാറയും ലോത്തും അനേകം ഇടയന്മാരും കൂടെയുള്ളപ്പോഴും ദൈവത്തോടൊപ്പം തനിച്ചു പാർക്കുവാൻ വെമ്പുന്ന ഹൃദയത്തിനുടമയായിരുന്നു അവൻ. നമുക്കറിയാവുന്നിടത്തോളം മറ്റുള്ളവരുടെ നടുവിൽ വച്ച് ഒറ്റ വാക്കുപോലും ദൈവം അബ്രഹാമിനോട് സംസാരിച്ചിട്ടില്ല. മുഖം പൊടിയിലമർത്തിക്കൊണ്ട് രഹസ്യമായി ദൈവത്തെ ആരാധിക്കുന്നവനായിരുന്നു അബ്രഹാം. ഉന്നതനായ ദൈവത്തോടുള്ള ഈ ഹൃദയസംസർഗ്ഗം മറ്റുള്ളവരുടെ മുമ്പിൽ വച്ച് പ്രകടിപ്പിക്കുവാൻ തന്റെ മാന്യത അബ്രഹാമിനെ അനുവദിച്ചിരുന്നില്ല. യാഗം കഴിച്ച ആ രാത്രിയിൽ പിളർന്ന യാഗഭാഗങ്ങളുടെ നടുവേ ജ്വലിക്കുന്ന പന്തം കടന്നുപോയത് തന്റെ കൺമുൻപിലൂടെയാണ്-എത്ര മനോഹരവും ഉദാത്തവുമായിരുന്നു, ആ രംഗം! ഭീതിയും അന്ധതമസ്സും തന്റെ മേൽ വീണപ്പോൾ അവിടെ, തനിയേ ദൈവികശബ്ദം കേട്ട്, തന്റെ മേലുള്ള സ്വർഗ്ഗീയകടാക്ഷം ഉറപ്പാക്കുകയായിരുന്നു അബ്രഹാം.

മോശയും വേറിട്ടുചരിച്ച മനുഷ്യനായിരുന്നു. ഫറവോന്റെ കൊട്ടാരത്തിൽ ആയിരിക്കുമ്പോൾ തന്നെ, അവൻ ദീർഘദൂരം തനിയെ നടക്കുമായിരുന്നു. പുരുഷാരത്തിൽ നിന്നും ഏറെമാറി ഇങ്ങനെയുള്ള ഒരു നടപ്പിലാണ് മിസ്രയീമ്യൻ എബ്രായനെ അടിക്കുന്നത് കണ്ടതും സ്വജാതിക്കാരന്റെ രക്ഷയ്ക്കായി മോശ മുന്നിട്ടിറങ്ങിയതും. തത്ഫലമായി മിസ്രയീമിനോട് വിടപറയേണ്ടിവന്ന മോശ മിക്കവാറും സമയവും മരുഭൂമിയിൽ ഏകാകിയായി വസിച്ചു.

അവിടെ തന്റെ ആടുകളെ മേയിച്ച് തനിയേ ഇരുന്നപ്പോഴാണ്, കത്തുന്ന മുൾപ്പടർപ്പിന്റെ അത്ഭുതകരമായ കാഴ്ച താൻ കണ്ടത്. പിന്നീട് സീനായി മലമുകളിലേക്ക് തനിയെ കയറിച്ചെന്ന മോശയ്ക്ക് അഗ്നിയിലും മേഘത്തിലു മായി തന്റെ സാന്നിധ്യം ദൈവം വെളിപ്പെടുത്തിക്കൊടുത്തു.

ക്രിസ്തുവിനു മുൻപുണ്ടായിരുന്ന പ്രവാചകൻമാരെല്ലാം തികച്ചും വ്യത്യസ്തരായിരുന്നെങ്കിലും അവരെല്ലാം ഒരുപോലെ ബോധപൂർവ്വം ഏകാന്തത തിരഞ്ഞെടു ത്തവരായിരുന്നു. സ്വജനത്തെ സ്നേഹിച്ചവരും പിതാക്കന്മാരുടെ ആത്മിയതയിൽ പുകഴുന്നവരും ആയിരുന്നെങ്കിലും അബ്രഹാമിന്റെയും യിസഹാക്കിന്റേയും യാക്കോബിന്റേയും ദൈവത്തോടുള്ള വിധേയത്വവും യിസ്രായേലിന്റെ ഉന്നമനത്തിനായുള്ള എരിവും അവർക്കുണ്ടായിരുന്നു. ഇത് ആൾക്കൂട്ടത്തിൽ നിന്നും വേറിട്ടു ഹൃദയഭാരത്തോടെ ദൈവസന്നിധിയിൽ ദീർഘസമയങ്ങൾ ചെലവഴിക്കുവാൻ ഈ പ്രവാചകൻമാരിൽ തീവ്രമായ ഉൾപ്രേരണയുളവാക്കി. ‘എന്റെ സഹോദരൻമാർക്കു ഞാൻ പരദേശിയും എന്റെ അമ്മയുടെ മക്കൾക്കു അന്യനും ആയിത്തീർന്നിരിക്കുന്നു’’ എന്നത് അവരിൽ പലരുടേയും കരച്ചിൽ ആയിരുന്നു.

കാൽവറിമലയിലേക്ക് ഏകനായി നടന്നു കയറുന്ന നമ്മുടെ കർത്താവിനെ ശ്രദ്ധിക്കുക. പുരുഷാരത്തിന്റെ സാന്നിധ്യം അവിടുത്തെ ആഴമായ ഏകാന്തതയ്ക്കു തരിമ്പും ആശ്വാസം നൽകിയില്ല. ആ അന്ധകാരത്തിൽ മനുഷ്യദൃഷ്ടിക്കു മറഞ്ഞ് ഏകാന്തതയിൽ അവിടുന്നു പ്രാണനെ വെടിഞ്ഞു. കല്ലറയെ ഭേദിച്ച് അവിടുന്നു ജയിച്ചെഴുന്നേറ്റ കാഴ്ച കാണുവാനും ആരും ഇല്ലായിരുന്നു (പിന്നീടു പലരും അവിടുത്തെ കാണുകയും പുനരുത്ഥാനത്തിനു സാക്ഷികളായിത്തീരുകയും ചെയ്തെങ്കിലും).ദൈവത്തിനല്ലാതെ മറ്റാർക്കും ദർശിക്കുവാൻ കഴിയാത്തവണ്ണം പാവനമായ ചിലകാര്യങ്ങളുണ്ട്. ദൈവപാദത്തിൽ ഏകാകിയായി ആരാധനാഹൃദയത്തോടെ കാത്തിരിക്കുന്ന ആത്മാവിനെ സഹായിക്കുവാനുള്ള നമ്മുടെ മാനുഷികമായ ആകാംക്ഷയും തിടുക്കവും ദൈവത്തിന്റെ വ്യക്തിപരമായ സന്ദേശം ആ ഹൃദയത്തിലേക്ക് കൈമാറപ്പെടുന്നതിനു തടസ്സമായിത്തീരാൻ സാധ്യ തയുണ്ട്.

**ഒരു കൂട്ടത്തോടൊപ്പം കുരിശു ചുമക്കുവാൻ കഴിയില്ല എന്ന് എപ്പോഴും ഓർത്തിരിക്കുക. ഒരു മനുഷ്യനുചുറ്റും ഒരു വലിയ പുരുഷാരം ഉണ്ടെങ്കിലും അവന്റെ കുരിശ് അവന്റേത് മാത്രമാണ്. അവൻ അത് ചുമക്കുവാൻ തുടങ്ങുമ്പോൾ അവൻ കൂട്ടത്തിൽ നിന്നും വേറിട്ടവനാകുന്നു. സമൂഹം അവനെതിരേ തിരിയുന്നു. അല്ലെങ്കിൽ അവൻ കുരിശുചുമക്കുവാൻ തുടങ്ങി യിട്ടില്ല. കുരിശുമേന്തി യാത്ര ചെയ്യുന്നവന് സുഹൃത്തുക്കളില്ല. “എല്ലാവരും അവനെ വിട്ട് ഓടിപ്പോയി”.**

സുപരിചിതമല്ലാത്ത ഇങ്ങനെയുള്ള സത്യങ്ങൾ ആദ്യമായി കേൾക്കുമ്പോൾ ചിലരുടെ പ്രതികരണം ഇപ്രകാരമാണ്:“ഓ, ഞാൻ ഒരിക്കലും ഏകാകിയല്ല. ‘ഞാൻ നിങ്ങളെ ഒരു നാളും കൈവിടുകയില്ല ഉപേക്ഷിക്കുകയുമില്ല’, ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട്. എന്നീ ക്രിസ്തുവിന്റെ വാക്കുകൾ നിങ്ങൾക്കറിയില്ലേ? യേശു എന്റെ കൂടെയുള്ളപ്പോൾ ഞാൻ തനിച്ചാകുന്നതെങ്ങിനെയാണ്?







**ദൈവിക മൂല്യങ്ങളെ വിലമതിക്കാത്ത ഈ ലോകത്തിൽ ദൈവത്തോടൊപ്പം നടക്കുന്നതിന്റെ ഫലമാണ് ക്രിസ്ത്യാനി അനുഭവിക്കുന്ന ഏകാന്തത. ദൈവത്തോടൊപ്പമുള്ള ഈ നടപ്പ് ലോകത്തോടുള്ള സഖിത്വത്തിൽ നിന്ന് അവനെ വേറിട്ടവനാക്കിത്തീർക്കുന്നു.**

ഒരു തരം മതപരവും പാരമ്പര്യാധിഷ്ഠിതവുമായ ‘വിധേയത്വം’, ശരിയായ വാക്കുകളും വാക്യങ്ങളും യാന്ത്രികമായി ഉരുവിടുവാൻ അവരെ പ്രേരിപ്പിക്കുന്നെങ്കിലും ദൈവവഴിയിലുള്ള അനുഭവത്തിന്റെ ആഴക്കുറവ് വളരെ പ്രകടമാണ്. പലപ്പോഴും അവർ യഥാർത്ഥത്തിലുള്ള വികാരങ്ങളെ മൂടിവയ്ക്കുകയാണ്.

ഒരു ക്രിസ്തുശിഷ്യന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുവാൻ ഞാൻ മുതിർന്നെങ്കിലും യാഥാർത്ഥ്യത്തിനു നിരക്കാത്തവണ്ണം വെടിപ്പുള്ളതാണ് മേൽ പ്രസ്താവിച്ച സാക്ഷ്യം. അനുഭവത്തിന്റെ വെളിച്ചത്തിലല്ല ഈ വ്യക്തി സംസാരിക്കുന്നത് എന്ന് വളരെ വ്യക്തമാണ്. ശരിയെക്കു റിച്ചുള്ള തന്റെ ധാരണ പ്രസ്താവി ക്കുകയാണ് അദ്ദേഹം ചെയ്തത്. തന്റെ ജീവിതത്തിലെ ഏകാന്തതയെ നിഷേധിക്കുന്നതിലൂടെ, സമൂഹ ത്തിന്റെ താങ്ങും തണലുമില്ലാതെ ഏകാന്തതയിൽ ദൈവത്തോടൊപ്പം താൻ ഇതുവരെ വന്നിട്ടില്ല എന്നും കൂടി അവൻ വെളിപ്പെടുത്തുകയാണ്. സുഹൃത്തുക്കളുടെ സാന്നിധ്യം നൽകുന്ന സഖിത്വബോധം ക്രിസ്തുവിന്റെ സാന്നിധ്യം നൽകുന്ന സുരക്ഷിതത്വമാണ് എന്ന് തെറ്റിദ്ധരിക്കുകയാണ്. ഒരു കൂട്ടത്തോടൊപ്പം കുരിശുചുമക്കുവാൻ കഴിയില്ല എന്ന് എപ്പോഴും ഓർത്തിരിക്കുക. ഒരു മനുഷ്യനുചുറ്റും ഒരു വലിയ പുരുഷാരം ഉണ്ടെങ്കിലും അവന്റെ കുരിശ് അവന്റേത് മാത്രമാണ്. അവൻ അത് ചുമക്കുവാൻ തുടങ്ങുമ്പോൾ അവൻ കൂട്ടത്തിൽ നിന്നും വേറിട്ടവനാകുന്നു. സമൂഹം അവനെതിരേ തിരിയുന്നു. അല്ലെങ്കിൽ അവൻ കുരിശുചുമക്കുവാൻ തുടങ്ങിയിട്ടില്ല. കുരിശുമേന്തി യാത്ര ചെയ്യുന്നവന് സുഹൃത്തുക്കളില്ല. “എല്ലാവരും അവനെ വിട്ട് ഓടിപ്പോയി”.

ഏകാന്തതയുടെ വേദന നമ്മുടെ പ്രകൃതത്തിന്റെ ഭാഗമാണ്. അന്യോന്യമുള്ള കൂട്ടായ്മയ്ക്കും, സഹായ

ത്തിനുമായിട്ടാണ് ദൈവം നമ്മെ സൃഷ്ടിച്ചത്. അതുകൊണ്ടുതന്നെ മാനുഷികസഖിത്വത്തിനായുള്ള വാഞ്ഛ സ്വാഭാവികമാണ്. ദൈവിക മൂല്യങ്ങളെ വിലമതിക്കാത്ത ഈ ലോകത്തിൽ ദൈവത്തോടൊപ്പം നടക്കുന്നതിന്റെ ഫലമാണ് ക്രിസ്ത്യാനി അനുഭവിക്കുന്ന ഏകാന്തത. ദൈവത്തോടൊപ്പമുള്ള ഈ നടപ്പ് ലോകത്തോടുള്ള സഖിത്വത്തിൽ നിന്നും തന്നെ വേറിട്ടവനാക്കിത്തീർക്കുന്നതോടൊപ്പം പലപ്പോഴും പല നല്ല ക്രിസ്ത്യാനികളോടുള്ള കൂട്ടായ്മയും തന്റെ വഴിക്ക് തടസ്സമായിത്തീരുന്നു. അവന്റെ ഹൃദയാഭിലാഷങ്ങളെയും, അവന്റെ ലക്ഷ്യങ്ങളെയും ക്രിസ്തുവിനോടുള്ള അവന്റെ ആഴമായ സ്നേഹത്തെയും മനസ്സിലാക്കുന്നവരോട് സഖിത്വത്തിനും കൂട്ടായ്മയ്ക്കുമായുള്ള ആന്തരികപ്രേരണ ദൈവം അവന് നൽകുന്നു. അവന്റെ സുഹൃദ്വലയത്തിൽ ആന്തരികമായ ദൈവിക അനുഭവങ്ങൾ ഉള്ളവർ തുലോം കുറവായതിനാൽ അവൻ തനിയെ നടക്കുവാൻ നിർബന്ധിക്കപ്പെടുന്നു. മറ്റുള്ളവർ തങ്ങളെ മനസ്സിലാക്കാത്ത സാഹചര്യവുമായി പൊരുത്തപ്പെടാതെ പരാതിയോടെ നെടുവീർപ്പിട്ട പല പ്രവാചകന്മാരെയും പഴയനിയമത്തിൽ കാണാം. ക്രൂശിന്റെ മാർഗ്ഗത്തിലുള്ള നമ്മുടെ കർത്താവിന്റെ യാത്രപോലും തനിച്ചായിരുന്നു.

നിജമായ ആന്തരിക അനുഭവത്തോടെ ദൈവികസാന്നിധ്യത്തിലേക്ക് പ്രവേശിച്ച ഒരുവനെ മനസ്സിലാക്കുന്ന പലരെയും കണ്ടെത്തുവാൻ അവന് കഴിയുകയില്ല. സഭയുടെ കൂടിവരവുകളിൽ പങ്കെടുക്കുമ്പോൾ മതാനുസാരികളായ വ്യക്തികളുമായി ഒരു തരം മാനുഷികകൂട്ടായ്മ അവന് ലഭിക്കുന്നു എങ്കിലും യഥാർത്ഥത്തിലുള്ള ആത്മികകൂട്ടായ്മ കണ്ടെത്തുന്ന

**തന്റെ പ്രേമകാന്തനെക്കുറിച്ചും അവിടുത്തെ ഇഷ്ടങ്ങളെക്കുറിച്ചും സംസാരിക്കുവാൻ താത്പര്യമുള്ളവരെ കാണാത്തതിനാൽ ശബ്ദമുഖരിതമായ മതസംവാദ ങ്ങളിൽ നിശ്ശബ്ദനായി തന്റെ ലോകത്തിലാണ് അവൻ ഒതുങ്ങുന്നത്. അതുകൊണ്ടുതന്നെ, 'തണുപ്പനും ഗൗരവക്കാരനു'മെന്ന ഒരു പേര് അവന് ലഭിക്കുന്നു. മറ്റുള്ളവർ അവനെ അവഗണിക്കുകയും സമൂഹവും അവനും തമ്മിലുള്ള അകലം കൂടുകയും ചെയ്യുന്നു.**

ത് കഠിനമാണ്. മറിച്ചുള്ള പ്രതീക്ഷകളും അർത്ഥശൂന്യമാണ്. എന്തൊക്കെയായാലും അവൻ അന്യനും പരദേശിയും ആണല്ലോ. അവന്റെ യാത്രയും ബാഹ്യപാദങ്ങൾ കൊണ്ടല്ല-അത് ഒരു ഹൃദയസഞ്ചാരമാണ്. ദൈവ ത്തോടൊപ്പം തന്റെ ആത്മാവിന്റെ തോട്ടത്തിൽ അവൻ നടക്കുന്നു. ആ തോട്ടത്തിൽ ദൈവത്തിനല്ലാതെ മറ്റാർക്ക് അവനോടൊപ്പം നടക്കുവാൻ കഴിയും? കർത്താവിന്റെ ആലയത്തിൽ കയറിയിറങ്ങുന്ന പുരുഷാരത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ ആത്മാവിന് ഉടമയാണ് അവൻ. അവർ കേൾക്കുകമാത്രം ചെയ്ത കാര്യങ്ങളെ അവൻ കണ്ടിരിക്കുന്നു. അവരൊ ടൊപ്പം നടക്കുന്നെങ്കിലും ആലയത്തിൽ ദൈവിക സാന്നിധ്യം അനുഭവിച്ച് പുറത്തേക്കിറങ്ങിയ സെഖര്യാവിനെപ്പോലെയാണ് അവൻ.

യഥാർത്ഥ ആത്മികൻ ഒരു അപൂർവ്വമനുഷ്യൻ തന്നെയാണ്. അവൻ തനിക്കായി ജീവിക്കുന്നവനല്ല, എന്നാൽ 'മറ്റൊരുവന്റെ' അഭിഷ്ടങ്ങളുടെ





അഭിവൃദ്ധിക്കായി അദ്ധ്വാനിക്കുന്നവനാണ്. തന്റെ കർത്താവിന്റെ പാദത്തിൽ സർവ്വവും അർപ്പിക്കുവാൻ ജനങ്ങളെ അവൻ പ്രേരിപ്പിക്കുന്നു-എന്നാൽ തനിക്കായി ഒരു പങ്കോ, ഭാഗമോ ചോദിക്കുന്നില്ല. തന്റെ പേര് ഉയരുന്നതിലല്ല, മറിച്ച് തന്റെ രക്ഷകൻ സർവ്വരുടേയും മുമ്പിൽ മഹത്വപ്പെടുന്നത് കാണുന്നതിലാണ് അവന്റെ പ്രമോദം. തന്റെ കർത്താവ് ഉയർത്തപ്പെടുന്നതിലും താൻ അവഗണിക്കപ്പെടുന്നതിലുമാണ് അവന്റെ സന്തോഷം. തന്റെ പ്രേമകാന്തനെക്കുറിച്ചും അവിടുത്തെ ഇഷ്ടങ്ങളെക്കുറിച്ചും സംസാരിക്കുവാൻ താത്പര്യമുള്ളവരെ കാണാത്തതിനാൽ ശബ്ദമുഖരിതമായ മതസംവാദങ്ങളിൽ നിശ്ശബ്ദനായി തന്റെ ലോകത്തിലാണ് അവൻ ഒതുങ്ങുന്നത്. അതുകൊണ്ടുതന്നെ, 'തണുപ്പനും ഗൗരവക്കാരനു'മെന്ന ഒരു പേര് അവന് ലഭിക്കുന്നു. മറ്റുള്ളവർ അവനെ അവഗണിക്കുകയും സമൂഹവും അവനും തമ്മിലുള്ള അകലം കൂടുകയും ചെയ്യുന്നു. വസ്ത്രങ്ങളിൽ, മൂറും ചന്ദനവും ലവംഗവും കൊണ്ടുള്ള സുഗന്ധം പേറുന്ന സുഹൃത്തുക്കളെ അവൻ തേടുന്നെങ്കിലും ആരെയും കാണാത്തതിനാൽ മറിയയെപ്പോലെ അവൻ എല്ലാം ഹൃദയത്തിൽ സംഗ്രഹിക്കുന്നു.

ഈ ഏകാന്തത തന്നെയാണ് അവനെ വീണ്ടും ദൈവത്തിങ്കലേക്ക് അടുപ്പിക്കുന്നത്. "എന്റെ അപ്പനും അമ്മയും എന്നെ ഉപേക്ഷിച്ചിരിക്കുന്നു; എങ്കിലും യഹോവ എന്നെ ചേർത്തുകൊള്ളും." മാനുഷിക സഖിത്വം കണ്ടെത്തുവാൻ കഴിയാഞ്ഞതിനാൽ മറ്റെവിടെയും ലഭിക്കാത്ത കൂട്ടായ്മയ്ക്കായുള്ള തീവ്രമായ വാഞ്ഛയോടെ അവൻ ദൈവത്തെ അന്വേഷിക്കുന്നു. ആൾക്കൂട്ടത്തിനിടയിൽ വച്ച് പഠിക്കുവാൻ സാധ്യ

**ഏകാന്തത തന്നെയാണ് അവനെ വീണ്ടും ദൈവത്തിങ്കലേക്ക് അടുപ്പിക്കുന്നത്. "എന്റെ അപ്പനും അമ്മയും എന്നെ ഉപേക്ഷിച്ചിരിക്കുന്നു; എങ്കിലും യഹോവ എന്നെ ചേർത്തുകൊള്ളും." മാനുഷിക സഖിത്വം കണ്ടെത്തുവാൻ കഴിയാഞ്ഞതിനാൽ മറ്റെവിടെയും ലഭിക്കാത്ത കൂട്ടായ്മയ്ക്കായുള്ള തീവ്രമായവാഞ്ഛയോടെ അവൻ ദൈവത്തെ അന്വേഷിക്കുന്നു. ആൾക്കൂട്ടത്തിനിടയിൽ വച്ച് പഠിക്കുവാൻ സാധ്യമല്ലാതിരുന്ന കാര്യങ്ങൾ ആത്മാവിന്റെ ആന്തരികമായ ഏകാന്തതയിൽ അവൻ പഠിക്കുന്നു**

മല്ലാതിരുന്ന കാര്യങ്ങൾ ആത്മാവിന്റെ ആന്തരികമായ ഏകാന്തതയിൽ അവൻ പഠിക്കുന്നു-'ദൈവം സകലത്തിലും സകലവും ആകുന്നു'; 'ക്രിസ്തു നമുക്ക് ദൈവത്തിങ്കൽ നിന്നുള്ള ജ്ഞാനവും നീതിയും ശുദ്ധീകരണവും, വീണ്ടെടുപ്പുമായിത്തീർന്നു' ദൈവത്തിലാണ് നാം ജീവിക്കുകയും ചരിക്കുകയും ഇരിക്കുകയും ചെയ്യുന്നത്.' ജീവിതത്തിൽ എല്ലാറ്റിന്റേയും ഉറവിടം അവിടുന്ന് തന്നെയാണ്.

രണ്ട് കാര്യങ്ങൾകൂടി പറയുവാനുണ്ട്. ഒന്നാമതായി നാം പ്രതിപാദിക്കുന്ന ഈ ഏകാന്തത മനുഷ്യൻ നിഗളിയോ, 'ഞാൻ നിന്നേക്കാൾ പരിശുദ്ധൻ' എന്ന മനോഭാവമുള്ള പരീശനോ അല്ല. സകലമനുഷ്യരിലും താൻ ചെറിയവനാണെന്നു ചിന്തിക്കുന്നവനാണ് അവൻ. തന്റെ ഏകാന്തതയുടെ കാരണം കണ്ടെത്തുവാനും തന്നിലേക്കുതന്നെ ആണ് അവൻ നോക്കുന്നത്. സമാനചിന്താഗതിക്കാരനും തന്നെ മനസ്സിലാക്കുന്നവനുമായ ഒരു വ്യക്തിയോട് തന്റെ ചിന്തകളും വികാരങ്ങളും പങ്കുവയ്

ക്കുവാൻ അവൻ ആഗ്രഹിക്കുന്നെങ്കിലും ചുറ്റുമുള്ള ആത്മിക അന്തരീക്ഷം അതിന് അനുയോജ്യമല്ല എന്ന് അവൻ മനസ്സിലാക്കുന്നു. നിശ്ശബ്ദനായി തന്റെ ദുഃഖങ്ങളെ ദൈവത്തോടു മാത്രം പങ്കുവയ്ക്കുന്നു.

സ്വർഗ്ഗത്തിലേക്ക് കണ്ണും നട്ട് ധ്യാനനിമഗ്നനായി മാനുഷികവ്യഥയ്ക്കും വേദനയ്ക്കും മുഖം തിരിക്കുകയും ഉൾവലിയുകയും ചെയ്യുന്ന കഠിനഹൃദയനല്ല ഈ ഏകാന്ത പാഥികൻ എന്നതാണ് രണ്ടാമത്തെ കാര്യം. സത്യത്തിൽ ഇതിൽനിന്നും തികച്ചും വിപരീതസ്വഭാവമുള്ളവനാണ് അവൻ. തകർന്ന ഹൃദയമുള്ളവരെയും, വീണുകിടക്കുന്നവരെയും പാപത്തിൽ മുറിവേൽപ്പിക്കപ്പെട്ടവരെയും സഹാനുഭൂതിയോടെ സമീപിക്കുവാൻ തന്റെ ഏകാന്തത സഹായകരമാവുകയാണ്. ലോകത്തിൽ നിന്നും വേർപെട്ടവനാകയാൽ ലോകത്തെ സഹായിക്കുവാൻ കൂടുതൽ സാധ്യതയുള്ളതും അവനുതന്നെയാണ്.

മെയ്സ്റ്റർ ഈക്കാർട്ട് തന്റെ അനുയായികളെ പഠിപ്പിച്ചത് ഇപ്രകാരമാണ്. "നിങ്ങൾ പ്രാർത്ഥനാനിരതരായി ഇരിക്കുമ്പോൾ ഒരു സാധുവിധവയ്ക്ക് ഭക്ഷണം ആവശ്യമുണ്ടെന്നു ഓർമ്മ വരികയാണെങ്കിൽ, അപ്പോൾ തന്നെ പ്രാർത്ഥന നിർത്തി എഴുന്നേറ്റുപോയി ആ വിധവയെ ശുശ്രൂഷിക്കുക. അതിനാൽ നിങ്ങൾക്ക് ഒന്നും നഷ്ടപ്പെടുവാൻ ദൈവം അനുവദിക്കുകയില്ല. തിരികെവന്ന് നിങ്ങൾക്ക് വീണ്ടും പ്രാർത്ഥിക്കാമല്ലോ." പൗലൊസ് മുതൽ ഈ കാലം വരെയുള്ള മിസ്റ്റിക്കുകളുടെയും ആന്തരിക ജീവിതത്തിൽ വളരെ മുന്നേറിയ ദൈവ ഭക്തന്മാരുടേയും പ്രതികരണവും ഇപ്രകാരം തന്നെയായിരുന്നു.

അനേകം ആധുനികക്രിസ്ത്യാ

**മെയ്സ്റ്റർ ഈക്കാർട്ട് തന്റെ അനുയായികളെ പഠിപ്പിച്ചത് ഇപ്രകാരമാണ്. "നിങ്ങൾ പ്രാർത്ഥനാനിരതരായി ഇരിക്കുമ്പോൾ ഒരു സാധുവിധവയ്ക്ക് ഭക്ഷണം ആവശ്യമുണ്ടെന്നു ഓർമ്മവരികയാണെങ്കിൽ, അപ്പോൾ തന്നെ പ്രാർത്ഥന നിർത്തി എഴുന്നേറ്റുപോയി ആ വിധവയെ ശുശ്രൂഷി ക്കുക. അതിനാൽ നിങ്ങൾക്ക് ഒന്നും നഷ്ടപ്പെടുവാൻ ദൈവം അനുവദിക്കു കയില്ല. തിരികെ വന്ന് നിങ്ങൾക്ക് വീണ്ടും പ്രാർത്ഥിക്കാമല്ലോ."**

നികളുടെ ബലഹീനത ഈ ലോകത്തിൽ അവർ ഏറെ സന്തോഷവും സംതൃപ്തിയും കണ്ടെത്തുന്നു എന്നതാണ്. നവീകരിക്കപ്പെടാത്ത സമൂഹത്തോട് ഒത്തുപോകുവാനുള്ള തത്രപ്പാടിൽ സിയോൻസഞ്ചാരിയുടെ സ്വഭാവവൈശിഷ്ട്യങ്ങളെ അവർ നഷ്ടപ്പെടുത്തിയിരിക്കുകയാണ്. ഏതു സമൂഹത്തിന്റെ അധാർമ്മികതയ്ക്കെതിരെ പ്രതികരിക്കുവാനായി ദൈവം അവനെ അയച്ചോ, അതേ സമൂഹത്തിന്റെ ധാർമ്മികഅധഃപതനത്തിന്റെ ഭാഗമായി അവരും മാറിയിരിക്കുന്നു. അവരെ ശരിക്കും മനസ്സിലാക്കിയ ലോകം അവരെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. അവരെക്കുറിച്ചു പറയാവുന്ന ഏറ്റവും ദുഃഖകരമായ കാര്യം ഇതാണ് അവർ ഏകാകികളല്ല, എന്നാൽ അവർ ദൈവത്തോടൊപ്പം നടക്കുന്ന വിശുദ്ധരുമല്ല.

(എ.ഡബ്ല്യു. ടോസറിന്റെ 'മനുഷ്യൻ ദൈവത്തിന്റെ വാസ സ്ഥലം' എന്ന പുസ്തകത്തിൽ നിന്നും)

**മൊഴിമാറ്റം:സന്തോഷ് മാത്യു.**



വഴികാട്ടി

## സഹോദരൻ സ്നേഹിതനയച്ചകത്തുകൾ–2

# ദൈവസാന്നിധ്യബോധം എങ്ങനെ നിലനിർത്താം?

പ്രിയ സുഹൃത്തേ,

സത്യം പറഞ്ഞാൽ താങ്കളുടെ ആവശ്യം പ്രയാസമുള്ള ഒന്നായിട്ടാണ് എനിക്കു തോന്നുന്നത്. ഒരു വശത്ത് താങ്കൾ ക്രിസ്തീയജീവിതത്തിൽ വളരണമെന്നും ക്രിസ്തുവിനെ രുചിച്ചറിയണമെന്നും ഞാൻ ആഗ്രഹിക്കുന്നു. മറുവശത്ത് ദൈവം എനിക്കുതന്ന അനുഭവങ്ങൾ വിലയേറിയതും വ്യക്തിപരവുമായതിനാൽ അതേപ്പറ്റി സംസാരിക്കാ ൻ എനിക്കു മടിയുണ്ട്. ആത്മീയനിഗളമെന്നത് വളരെ വൃത്തികെട്ടതും അപകടകരവുമാണ്. അതെന്നോടു വളരെ അടുത്താണെന്നു മിക്കപ്പോഴും എനിക്കു തോന്നാറുമുണ്ട് (അതുകൊണ്ടാണ് സ്വന്തഅനുഭവങ്ങൾ പങ്കുവയ്ക്കാൻ ഞാൻ പലപ്പോഴും മടിക്കുന്നത്). അതേസമയം താങ്കളുടെ ആവശ്യം നിഷേധിക്കാൻ എങ്ങനെ കഴിയും? ദൈവത്തിന്റെ നിരന്തരമായ സാന്നിദ്ധ്യം അനുഭവിക്കാൻ താങ്കൾ കൊതിക്കുന്നത് അങ്ങേയറ്റം സ്വാഭാവികവും താങ്കൾക്ക് അവകാശപ്പെട്ടതുമാണ്. ഒരു ദൈവപൈതൽ എന്ന നിലയിൽ അതു താങ്കളുടെ ജന്മാവകാശമാണ്. ഇക്കാര്യത്തിൽ അങ്ങേയറ്റം വാഞ്ഛയുള്ളവനായതുകൊണ്ടാണല്ലോ താങ്കൾ ഇക്കാര്യം സംബന്ധിച്ച് എനിക്കു നിരന്തരം കത്തുകൾ എഴുതിയതും ദൈവ സാന്നിധ്യത്തിൽ എപ്പോഴും വസി ക്കാൻ സഹായിക്കുന്ന മാർഗ്ഗം (അങ്ങനെയാണ് താങ്കൾ അതിനെ വിളിച്ചത്) ദൈവകരുണയാൽ ഞാൻ മനസ്സിലാക്കിയിട്ടുള്ളത്, താങ്കളുമായി പങ്കിടണമെന്നു നിർബന്ധിച്ചതും.

അതുകൊണ്ട് ഞാൻ മനസ്സിലാക്കിയിട്ടുള്ളതും എന്റെ അനുഭവങ്ങളും അല്പമായി പങ്കിടാമെന്നു ഞാൻ കരുതുന്നു. ഇതു താങ്കൾക്കു കുറച്ചെങ്കിലും സഹായകരമാകുമെങ്കിൽ ഞാൻ കൃതാർത്ഥനായി. ഞാൻ വിശ്വാസത്തിലേക്കു വന്നുകഴിഞ്ഞപ്പോൾ പലരും ക്രിസ്തീയജീവിതം, വ്യക്തിപരമായ ധ്യാനം, പ്രാർത്ഥന തുടങ്ങിയവയെക്കുറിച്ചു പ്രതിപാദിക്കുന്ന ധാരാളം പുസ്തകങ്ങളും ലേഖനങ്ങളും-ദൈവസാന്നിധ്യം അനുഭവിക്കുന്നതു സംബന്ധിച്ചു മാർഗ്ഗനിർദ്ദേശം നൽകുന്ന ഇവയിൽ ചിലത് പരസ്പരവിരുദ്ധവുമായിരുന്നു- എനിക്കു തന്നു. ദൈവത്തിങ്കലേക്കു ചെല്ലാനുള്ള വഴികളെക്കുറിച്ച് ഉദ്ബോധിപ്പിക്കുന്ന ഇവയെല്ലാം വായിച്ചുകഴിഞ്ഞശേഷം അവയൊന്നും പിൻതുടരാതിരിക്കാനാണു ഞാൻ തീരുമാനിച്ചത്. കാരണം, അവയെല്ലാം വളരെ കൃത്യവും ലളിതവുമായ ഒരു കാര്യത്തെ സങ്കീർണ്ണമാക്കുകയാണെന്ന് എനിക്കു തോന്നി. ഞാൻ ആകെ അറിയാൻ ആഗ്രഹിച്ചത് ഇതാണ്:

എങ്ങനെ എനിക്ക് എന്നെത്തന്നെ പൂർണമായി ദൈവകരങ്ങളിൽ അർപ്പിക്കാം?

എന്റെ മനസ്സിലേക്ക് ഒരു പ്രയോഗം കൂടെക്കൂടെ വരുന്നുണ്ടായിരുന്നു -'എല്ലാമായവന് എല്ലാം നൽകുക'. പുസ്തകങ്ങളിലെ പ്രബോധനങ്ങളെക്കാൾ ഒരു ആശയം എന്ന നിലയിൽ ഇതുകൂടുതൽ വ്യക്തമായിരുന്നു. എല്ലാം തരുന്നവന്-അല്ല, ഇതിനകം തന്നു കഴിഞ്ഞവന്-മുഴുവനും നൽകുന്നതിൽ കുറഞ്ഞ് എന്തെങ്കിലും ചെയ്യുന്നത് ദൈവദൂഷണമായി എനിക്കു തോന്നി. അതുകൊണ്ട് അവിടെ അപ്പോൾ തന്നെ ഞാൻ എന്നെ ദൈവമുൻപാകെ പൂർണമായി അർപ്പിച്ചു. ദൈവത്തിൽ നിന്ന് അന്യമായതെല്ലാം അവിടുത്തോടുള്ള സ്നേഹത്തിൽ, ഞാൻ ഉപേക്ഷിച്ചു. ആ നിമിഷം മുതൽ ഈ മുഴുലോകത്തിലും ഞാനും ദൈവവുമല്ലാതെ മറ്റാരുമില്ല എന്ന മട്ടിൽ ജീവിക്കാനും തുടങ്ങി.

ചിലപ്പോൾ ഞാൻ കോടതിയിൽ നിന്നുകൊണ്ട് ന്യായാധിപനെ നോക്കുന്ന കുറ്റവാളിയെപ്പോലെ എന്നെത്തന്നെ ദൈവമുൻപാകെ കാണും. മറ്റു സമയത്ത് ഞാൻ എന്നെത്തന്നെ അവിടുത്തെ പ്രിയമകന്റെ സ്ഥാനത്തു നിർത്തി സ്നേഹവാനായ സ്വർഗ്ഗീയപിതാവിന്റെ കണ്ണുകളിലേക്ക് ഉറ്റുനോക്കും. സാധിക്കുമ്പോഴെല്ലാം ഞാൻ നന്ദിയും ആരാധനയും അവിടുത്തേക്ക് അർപ്പിക്കും. ഞാൻ ബോധപൂർവ്വം എന്റെ മനസ്സിനെ അവിടുത്തെ സന്നിധിയിൽ തന്നെ നിർത്തും. എപ്പോഴെങ്കിലും അതു മറ്റെന്തിലേക്കെങ്കിലും മേഞ്ഞ് അകന്നുപോയാൽ ഞാൻ അതിനെ തിരികെ വിളിക്കും.

ഇത് എളുപ്പമായിരുന്നില്ല. പക്ഷേ ഞാനതിൽ ഉറച്ചുനിന്നു. പക്ഷേ ഒരു കാര്യം ഞാൻ വ്യക്തമാക്കട്ടെ: എന്റെ

**ചിലപ്പോൾ ഞാൻ കുറ്റവാളിയെപ്പോലെ എന്നെത്തന്നെ ദൈവമുൻപാകെ കാണും. മറ്റു സമയത്ത് ഞാൻ എന്നെത്തന്നെ അവിടുത്തെ പ്രിയമകന്റെ സ്ഥാനത്തു നിർത്തി സ്നേഹവാനായ സ്വർഗ്ഗീയ പിതാവിന്റെ കണ്ണുകളിലേക്ക് ഉറ്റുനോക്കും. സാധിക്കുമ്പോഴെല്ലാം ഞാൻ നന്ദിയും ആരാധനയും അവിടുത്തേക്ക് അർപ്പിക്കും. ഞാൻ ബോധപൂർവ്വം എന്റെ മനസ്സിനെ അവിടുത്തെ സന്നിധിയിൽ തന്നെ നിർത്തും. എപ്പോഴെങ്കിലും അതു മറ്റെന്തിലേക്കെങ്കിലും മേഞ്ഞ് അകന്നു പോയാൽ ഞാൻ അതിനെ തിരികെ വിളിക്കും.**

ഈ മനോഭാവം ഭയത്തിലോ അച്ചടക്കത്തിലോ അല്ല അധിഷ്ഠിതമായിരുന്നത്. മറിച്ച് അതു സ്നേഹത്തിൽനിന്ന് ഉത്ഭവിച്ചതായിരുന്നു. മനസ്സ് അലഞ്ഞുതിരിഞ്ഞാൽ, അല്ലെങ്കിൽ 'ലോകകാര്യങ്ങളി'ലേക്ക് അതു വഴുതിപ്പോയാൽ ഞാൻ അതികഠിനമായ ദുഃഖത്തിലൊന്നും മുങ്ങിപ്പോവുകയില്ല. മറിച്ച് ഞാൻ ശാന്തമായി എന്റെ ചിന്തകളെ തിരിക്കും. ഞാൻ ഇതെപ്പോഴും അഭ്യസിക്കുന്നു-ദൈവത്തെക്കുറിച്ചു ചിന്തിക്കുക, അവിടുത്തെ നന്മ, സ്നേഹം, വിശുദ്ധി എന്നിവയെക്കുറിച്ച് സ്വയം ഓർമിപ്പിക്കുക, ജോലി ചെയ്യുമ്പോഴും പോകുമ്പോഴും വരുമ്പോഴുമെല്ലാം. പ്രാർത്ഥിക്കുന്ന സമയം, പ്രാർത്ഥിക്കാതിരിക്കുന്ന സമയം എന്നിങ്ങനെ സമയത്തെ വേർതിരിക്കുന്നതുപോലെ അത്രപ്രയാസമുള്ളതല്ല ഇത്.

ഈ നിലയിലായിരുന്നു എന്നെ സംബന്ധിച്ചിടത്തോളം കഴിഞ്ഞനാളുകൾ. അപൂർണതകളുണ്ടായിരുന്നെ

(ശേഷം പേജ് 42 ൽ)





## വീഴ്ചകളിൽ നിരാശപ്പെടരുത് *പേജ് 20 ൽ നിന്ന്*

വരെ നിയന്ത്രിക്കുന്നതിൽ ദാവീദിന് ദയനീയമായ പരാജയം സംഭവിച്ചു. തൽഫലമായി തനിക്കും തന്റെ കുടുംബാംഗങ്ങൾക്കും ദേശത്തിനും വിനാശവും അപമാനവും കൈവന്നു.

ദാവീദിന്റെ വ്യക്തിപരമായ ജീവിതത്തിലുണ്ടായ പാളിച്ചകൾ-വ്യഭിചാരം, ഗൂഢാലോചന, കൊലപാതകം-തന്റെ കുടുംബജീവിതത്തിന്റെ താളുകളിൽ മായാത്ത കരിമ്പാടുകൾ വീഴ്ത്തിയെന്നു പറയാം. വഞ്ചന, കാമാസക്തി, പ്രതികാരം, തന്ത്രങ്ങൾ, കൗശലമാർഗ്ഗങ്ങൾ എന്നിവയിലൂടെ ദാവീദിന്റെ മക്കൾ ഭവനാന്തരീക്ഷത്തെ കലുഷിതമാക്കി. മകൾ താമാറിനെ സഹോദരൻ ബലാൽസംഗം ചെയ്തു; പ്രിയപുത്രനായ അബ്ശാലോം അപ്പന്റെ കാൽച്ചുവടുകളെ പിന്തുടർന്ന് ഗൂഢാലോചനയും കൊലപാതകവും നടത്തുകയും ഒടുവിൽ സ്വയം രാജാവായി പ്രഖ്യാപിച്ച് പിതാവിനെ നാടുവിട്ടോടുവാൻ ഇടവരുത്തുകയും ചെയ്തു; അദോനീയാവും തന്ത്രപരമായ നീക്കങ്ങളിലൂടെ സ്വയം രാജാവായി അവരോധിക്കപ്പെടാൻ ഒരു ശ്രമം നടത്തി.

ഒരു പിതാവെന്ന നിലയിൽ ദാവീദിന്റെ ഭാഗത്തുണ്ടായ വീഴ്ചയെ തിരുവെഴുത്തും മറച്ചുവെക്കുന്നില്ല: "അനന്തരം ഹഗ്ഗീത്തിന്റെ മകനായ അദോനീയാവു നിഗളിച്ചുംകൊണ്ട് 'ഞാൻ രാജാവാകു'മെന്നു പറഞ്ഞു രഥങ്ങളെയും കുതിരച്ചേവകരെയും തനിക്കു മുമ്പായി ഓടുവാൻ 50 അകമ്പടികളെയും സമ്പാദിച്ചു. അവന്റെ അപ്പൻ അവനെ മുഷിപ്പിക്കരുതെന്നുവെച്ച് അവന്റെ ജീവികാലത്തൊരിക്കലും 'നീ ഇങ്ങനെ ചെയ്തത് എന്ത്?' എന്ന് അവനോടു ചോദിച്ചിരുന്നില്ല"[11]

പ്രിയ മാതാപിതാക്കളേ, നിങ്ങളുടെ മക്കളെ സംബന്ധിച്ച ഉത്തരവാദിത്വം നന്നായി നിർവ്വഹിക്കുവാൻ നിങ്ങൾ പ്രതിജ്ഞാബദ്ധരാണെങ്കിൽ ദാവീദ്രാജാവിനെക്കുറിച്ച് പ്രസ്താവിച്ചിരിക്കുന്ന നിലപാട് നിങ്ങൾ ഒരിക്കലും സ്വീകരിക്കരുത്. അത് അദ്ദേഹത്തിന് സംഭവിച്ച ഒരു കൈപ്പിഴ എന്നുമാത്രം കരുതിയാൽ മതി. ദൈവം ഒരു ദിവസം അദ്ദേഹത്തോട് കണക്കുകൾ തീർത്തുകൊള്ളും -നാം വിധിക്കാതിരിക്കുക.

തന്റെ മക്കളെ ദൈവഭയത്തിൽ വളർത്താൻ കഴിയാഞ്ഞതുകാരണം ദാവീദിന് പിൽക്കാലത്ത് വളരെ വേദനകളും ദുഃഖങ്ങളുമുണ്ടായി. അബ്ശാലോം കുമാരൻ അതിദാരുണമാം വിധം കൊല്ലപ്പെട്ട വർത്തമാനം കേട്ട് ദാവീദ് അതിദുഃഖത്തോടെ വിലപിക്കുന്നതു കേൾക്കുക:"എന്റെ മകനേ, അബ്ശാലോമേ, എന്റെ മകനേ, എന്റെ മകനേ, അബ്ശാലോമേ, ഞാൻ നിനക്കുപകരം മരിച്ചെങ്കിൽ കൊള്ളാമായിരുന്നു; അബ്ശാലോമേ, എന്റെ മകനേ, എന്റെ മകനേ..."[12]

തുടർന്ന് ദാവീദിന്റെ പുത്രൻ ശലോമോൻ വളർന്നുവന്നപ്പോൾ മക്കളെ ശിക്ഷണത്തിൽ വളർത്തുന്നതു സംബന്ധിച്ച് പല നല്ല ഉപദേശങ്ങളും ഉൾക്കൊള്ളുകയും രേഖപ്പെടുത്തുകയും ചെയ്തു. തന്റെ അപ്പൻ സ്വീകരിച്ച അയഞ്ഞ നിലപാടുകളുടെ തിക്തഫലം ശലോമോനും രുചിച്ചറിയുകയുകയുണ്ടായല്ലോ. അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കുക:"വടി ഉപയോഗിക്കാത്തവൻ തന്റെ മകനെ പകെക്കുന്നു; അവനെ സ്നേഹിക്കുന്നവനോ ചെറുപ്പത്തിലെ അവനെ ശിക്ഷിക്കുന്നു."[13] "ബാലന്റെ ഹൃദയത്തോട് ഭോഷത്തം പറ്റിയിരിക്കുന്നു; ശിക്ഷയ്ക്കുള്ള വടി അതിനെ അവനിൽനിന്നും അകറ്റിക്കളയും"[14].

**പക്ഷപാതം അരുത്!** ചില മക്കളോട് ചിലപ്പോൾ മാതാപിതാക്കൾ കൂടുതൽ ഇഷ്ടം, സ്നേഹം, കരുതൽ ഒക്കെ പ്രകടിപ്പിക്കാറുണ്ട്. ഭവനത്തിലുള്ള മറ്റുമ

ക്കൾക്ക് ഇതുനിമിത്തം മനസ്സിൽ മുറിവും ദുഃഖവും അസൂയയുമെല്ലാം ഉളവാകും. എല്ലാ മക്കൾക്കും തുല്യമായ അളവിൽ നാം സ്നേഹവും കരുതലും അവസരങ്ങളും നൽകേണ്ടതാണ്. ചില ഭവനങ്ങളിൽ ആൺമക്കൾക്ക് പ്രത്യേക പരിഗണനയും സ്ഥാനവുമാണ്-ഒറ്റമകനാണെങ്കിൽ പറയുകയും വേണ്ട. ക്രിസ്തുവിനെ അനുഗമിക്കുന്നവരായ നാം പുതിയ സൃഷ്ടികളാണെന്നോർക്കുക. യാതൊരു കാരണവശാലും നമ്മുടെ മക്കളിൽ ചിലരെ നാം 'രണ്ടാം തരം പൗരന്മാരായി' കണക്കാക്കാൻ പാടില്ല.

എന്നാൽ ഒരു ഭവനത്തിൽ നാലുമക്കളാണുള്ളതെങ്കിൽ വൈകാരികമായും ബുദ്ധിപരമായും മാനസികമായും ആരോഗ്യപരമായും പ്രത്യേകതാലന്തുകൾ സംബന്ധിച്ചുമെല്ലാം അവർ നാല് ഭിന്ന തലങ്ങളിലായിരിക്കും നിൽക്കുന്നത്. അതുകൊണ്ട് തന്നെ ഓരോരുത്തർക്കും യോജിച്ച ദിശയിൽ-വിദ്യാഭ്യാസം, പരിശീലനം, ആരോഗ്യശ്രദ്ധ-വ്യത്യസ്തമായി അവർ നയിക്കപ്പെടേണ്ടതുണ്ട്.

യിസ്ഹാക്കിന്റെ ഭവനത്തിൽ മക്കളോടുണ്ടായിരുന്ന പക്ഷപാതപരമായ സമീപനം നിരവധി സംഘർഷങ്ങൾക്കും വേദനകൾക്കും വഴിതെളിച്ചതായിക്കാണാം. "ഏശാവിന്റെ വേട്ടയിറച്ചിയിൽ രുചി പിടിച്ചിരുന്നതുകൊണ്ട് യിസ്ഹാക്ക് അവനെ സ്നേഹിച്ചു; റിബേക്കയോ യാക്കോബിനെ സ്നേഹിച്ചു"[15] ഇതേത്തുടർന്ന് യാക്കോബിന്റെ ഭവനത്തിലും ഈ പ്രശ്നം ആവർത്തിക്കുന്നതു കാണുക: "യോസേഫ് വാർദ്ധക്യത്തിലെ മകനാകകൊണ്ട് യിസ്രായേൽ എല്ലാ മക്കളിലും വെച്ച് അവനെ അധികം സ്നേഹിച്ചു; ഒരു നിലയങ്കി അവന് ഉണ്ടാക്കിച്ചു കൊടുത്തു. അപ്പൻ തങ്ങളെ എല്ലാവരേക്കാളും അവനെ അധികം സ്നേഹിക്കുന്നു എന്ന് അവന്റെ സഹോദരന്മാർ കണ്ടിട്ട് അവനെ പകെച്ചു; അവനോട് സമാധാനമായി സംസാരിപ്പാൻ അവർക്കു കഴിഞ്ഞില്ല"[16]

നോക്കുക: മാതാപിതാക്കളുടെ ഭൗതിക തലത്തിലുള്ള ചില ഇഷ്ടാനിഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ ചില മക്കളോട് പക്ഷപാതപരമായ അടുപ്പം അഥവാ അകൽച്ച. ക്രിസ്തീയമാതാപിതാക്കൾ ഇവ്വിധമുള്ള പക്ഷപാതപരമായ സമീപനങ്ങൾ നിശ്ചയമായും ഒഴിവാക്കണം. ബലഹീനരായ മക്കൾക്കും നാം നല്ല മനസ്സോടെ അവസരങ്ങൾ നൽകണം.

മാതാപിതാക്കളായ നാം നമ്മുടെ ഭവനങ്ങളിൽ തുടർച്ചയായും ആത്മാവിന്റെ ഫലം വിതെച്ചുകൊണ്ടിരിക്കണം-സ്നേഹം, നന്മ, കരുണ, സന്തോഷം, ക്ഷമ ഇത്യാദി. അനുഗ്രഹത്തിന്റെ മാർഗ്ഗമാണത്. എന്നാൽ നിങ്ങളുടെ ജഡത്തിൽ വിതെച്ചുകൊണ്ടിരുന്നാൽ-അതായത് കോപം, പിണക്കം, ശാപവാക്കുകൾ, ഭീഷണികൾ, പക്ഷപാതം, ദുഷ്ടത, കാഠിന്യം, കാപട്യം തുടങ്ങിയവ-കാലാന്തരത്തിൽ വേദനാജനകമായ ഒരു കൊയ്ത്ത് നിങ്ങൾക്കുണ്ടാകും. മറ്റുപലരും ചെയ്യുന്നതുപോലെ മക്കളെക്കുറിച്ച് നിങ്ങൾക്കും ദുഃഖിക്കേണ്ടിവരും -ഈ ലോകത്തിലും പിന്നെ ദൈവമുമ്പിൽ നിൽക്കുമ്പോഴും!

ആകയാൽ നമുക്കും ഉണരാം;ഉത്തരവാദികളാകാം; മറ്റുള്ളവരുടെ തെറ്റുകൾ ആവർത്തിക്കാതെ അവയിൽനിന്നു യുക്തമായ നല്ല പാഠങ്ങൾ ഉൾക്കൊണ്ട് ദൈവകൃപയിൽ ശരണപ്പെട്ട് മുമ്പോട്ടു പോകാം. നിങ്ങൾക്ക് വിജയാശംസകൾ! **(തുടരും)**

**1.** 1 കൊരി. 10:11; **2.** ഉല്പ. 13:11-13; **3.** ഉല്പ.19:17; **4.** ന്യായാ. 21:25; **5.** 1 ശമൂ. 2:12-17; **6.** 1 ശമൂ. 2:29; **7.** 1 ശമൂ. 3:13-14; **8.** 1 ശമൂ. 12:3-5; **9.** 1 ശമൂ. 8:3; **10.** പ്രവൃ. 13:36; **11.** 1 രാജാ. 1:5-6; **12.** 2 ശമൂ.18:33; **13.** സദൃശ. 13:24; **14.** സദൃശ. 22:15; **15.** ഉല്പ. 25:28; **16.** ഉല്പ. 37:3-4



ഇത്തിരിവെട്ടം

# ആത്മാവുകൊണ്ടും ബുദ്ധികൊണ്ടും ഉള്ള പ്രാർത്ഥന

**ജോൺ ബനിയൻ**

**ആ**ത്മാവുകൊണ്ടും ബുദ്ധികൊണ്ടും പ്രാർത്ഥിക്കുന്നതിൽ വളരെ വ്യത്യാസം ഉണ്ടെന്നു അപ്പോസ്തലനായ പൗലോസ് പറയുന്നു. അതുകൊണ്ടാണ് ആത്മാവ് കൊണ്ട് പ്രാർത്ഥിക്കും എന്ന് പറയുമ്പോൾ തന്നെ അതോട് ചേർത്ത് ബുദ്ധികൊണ്ടും പ്രാർത്ഥിക്കും എന്ന് അദ്ദേഹം പറയുന്നത്. (1 കൊരി 14:15). കൊരിന്ത്യരെ സംബന്ധിച്ചിടത്തോളം ഈ വ്യത്യാസം സന്ദർഭോചിതമായിരുന്നു. അവരിൽ അനേകർക്കും അസാധരണകരമായ കൃപാവരങ്ങൾ ഉണ്ടായിരുന്നു. അസാധാരണമായ കൃപാവരങ്ങൾ ശ്രേഷ്ഠമായതാണെങ്കിലും സഭയുടെ ആത്മീയവർദ്ധനയാണ് ഏറ്റവും ശ്രേഷ്ഠമായത് എന്ന് അവരെ ഗ്രഹിപ്പിക്കുവാൻ വേണ്ടിയാണ് പൗലോസ് കൊരിന്ത്യർ 14-ാം അദ്ധ്യായം എഴുതിയത്. ''ഞാൻ അന്യഭാഷയിൽ പ്രാർത്ഥിക്കുന്നു എങ്കിൽ എന്റെ ആത്മാവ് പ്രാർത്ഥിക്കുന്നു, എന്റെ ബുദ്ധിയോ അഫലമായിരിക്കുന്നു". പ്രാർത്ഥനയിൽ ഹൃദയവും അധരങ്ങളും എന്നപോലെ ബുദ്ധിയും ഉപയോഗപ്പെടുത്തുന്നത് ഉചിതമായ കാര്യമാണ്. ഒരു മനുഷ്യൻ ആത്മീകമോ ഭൗമികമോ ആയ ഏതു കാര്യം ചെയ്യുന്നതിനും അതിനുയോജ്യമായ പരിജ്ഞാനം ആവശ്യമാണ്. ശരിയായി പ്രാർത്ഥിക്കുവാൻ നല്ല ആത്മീയ പരിജ്ഞാനം ഉണ്ടായിരിക്കേണ്ടതാണ്. ഏതെല്ലാം കാര്യങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണം എന്ന് ആത്മാവ് ഉപദേശിച്ചുതരുന്ന അറിവിനൊത്തവണ്ണം പ്രാർത്ഥിക്കുന്നതാണ് ബുദ്ധികൊണ്ടുള്ള അഥവാ പരിജ്ഞാനത്തിലുള്ള പ്രാർത്ഥന. ചിലർ പരിജ്ഞാനമില്ലാതെ മറ്റുള്ളവർ പറയുന്ന അതേ വാക്കുകൾ പ്രാർത്ഥനയിൽ ഉരുവിട്ടു എന്ന് വരാം. അങ്ങനെയുള്ള പ്രാർത്ഥനയുടെ ചട്ടക്കൂടുകളെ ദൈവം വെറുക്കുക തന്നെ ചെയ്യും.

ഏതൊരാവശ്യത്തിനു വേണ്ടി ഹൃദയം കാംക്ഷിക്കുന്നുവോ അത് സാധിച്ചുകൊടുക്കുന്നുവോ അത് സാധിച്ചുകൊടുക്കുവാൻ ദൈവഹൃദയത്തിലുള്ള സന്നദ്ധതയും ഒരുക്കവും ദൂരവേ നിന്ന മനസ്സിലാക്കുവാൻ ആത്മീയ പരിജ്ഞാനത്താൽ സാധിക്കുന്നു. ദൈവം തന്നെക്കുറിച്ച് ചിന്തിക്കുന്നത് എന്താണെന്ന് പോലും ഊഹിക്കുവാൻ ദാവീദിന് സാധിച്ചിരുന്നു. (സങ്കീ. 40:5). കനാന്യസ്ത്രീയുടെ പ്രതികരണവും ഇങ്ങനെ തന്നെ ആയിരുന്നു (മത്തായി 15:22-28). വിശ്വാസത്തിലും ശരിയായ പരിജ്ഞാനത്തിലും അവൾ കാര്യങ്ങൾ വിവേചിച്ച് മനസ്സിലാക്കി ക്രിസ്തുവിന്റെ കർക്കശമായ പെരുമാറ്റത്തിന്റെ പിമ്പിൽ അവന്റെ ഹൃദയത്തിൽ ഉണ്ടായിരുന്ന ആർദ്രതയും തന്നെ രക്ഷിക്കുവാനുള്ള സന്നദ്ധതയും അവൾ കണ്ടു. ആ കാഴ്ചപ്പാട് അവളിൽ ആകാം

ക്ഷയും അഭിനിവേശവും ഉളവാക്കി, ആത്മീയമായി ബുദ്ധി പ്രകാശിപ്പിക്കപ്പെടുന്നത് മൂലം ദൈവത്തിങ്കലേക്ക് വരുന്നതിനുള്ള മാർഗ്ഗം കണ്ടുപിടിക്കുന്നു. ബുദ്ധി പ്രകാശിപ്പിക്കപ്പെടുന്നതു മൂലം പ്രാർത്ഥിക്കുന്നതിന് ഉത്സാഹിപ്പിക്കുന്ന വാഗ്ദാനങ്ങൾ വളരെ വിശാലമായി കാണുവാൻ സാധിക്കുന്നു. യാക്കോബിനെപ്പോലെ മല്ലുപിടിക്കുന്ന മാർഗ്ഗമായിരിക്കാം ചിലപ്പോൾ ഉണ്ടാകുന്നത്. (ഉല്പ. 32:29). ബുദ്ധി നല്ലവണ്ണം പ്രകാശിക്കപ്പെടുമ്പോൾ നന്മയും തിന്മയും തമ്മിൽ വിവേചിച്ചറിയാനുള്ള കഴിവ് ലഭിക്കുന്നു. അങ്ങനെയുള്ളവർക്ക് പ്രാർത്ഥനയുടെ രീതിയേക്കുറിച്ച് മറ്റുള്ളവർ എഴുതി പഠിപ്പിക്കേണ്ടതില്ല. ശക്തിയായ വേദന അനുഭവിക്കുന്ന ഒരുവനെ നിലവിളിക്കുന്നതെങ്ങനെയെന്ന് പഠിപ്പിക്കുവാൻ ആവശ്യമില്ലാത്തതു പോലെ ആത്മാവിനാൽ ബുദ്ധി പ്രകാശിക്കപ്പെട്ട ഒരുവനെ മറ്റുള്ളവർ പഠിപ്പിക്കേണ്ട ആവശ്യമില്ല. ആത്മാവിൽ അവനുള്ള ബോധവും വികാരാവേശവും ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളിൽ അവന്റെ അപേക്ഷകൾ ദൈവ മുമ്പാകെ പകരുവാൻ അവനെ സഹായിക്കുന്നു. പ്രാർത്ഥന എന്ന കർത്തവ്യം അവസാനം വരെ തുടരുന്നതിന് പ്രകാശിപ്പിക്കപ്പെട്ട ബുദ്ധി ആവശ്യമാണ്. പിശാച് തന്ത്രങ്ങൾ പ്രയോഗിക്കും. എത്ര ആത്മാർത്ഥമായി പ്രാർത്ഥിച്ചാലും അത് നടപ്പിലാവുകയില്ല, ഹൃദയം കഠിനപ്പെട്ടിരിക്കയാണ്, നീ ആത്മാവുകൊണ്ടല്ല പ്രാർത്ഥനയ്ക്കിടയിൽ പതറിപ്പോകുന്നു, അതുകൊണ്ട് നീ ഇനി പ്രാർത്ഥിക്കേണ്ടതില്ല എന്നൊക്കെ പിശാച് തന്ത്രപൂർവ്വം നിന്നോട് സംസാരിച്ചെന്നു വരാം. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ പരിജ്ഞാനം പ്രാപിച്ചിട്ടില്ലെങ്കിൽ നിരാശിതരാവുകതന്നെ ചെയ്യും. ദൈവത്തെ ഭയപ്പെടുന്ന എത്രയോ ജനങ്ങൾ ലോകത്തിലുണ്ട്. അവരുടെ ബുദ്ധി വേണ്ട വിധത്തിൽ വചനത്തിൽ അഭ്യസിപ്പിക്കപ്പെട്ട് പ്രകാശിക്കാത്തതുകൊണ്ട് സാത്താന്റെ ഓരോ പരീക്ഷയിലും തന്ത്രങ്ങളിലും കുടുങ്ങി തങ്ങൾക്കുള്ള സകല അനുഗ്രഹങ്ങളും അവർ നഷ്ടപ്പെടുത്തുന്നു. ഇത്തരം സന്ദർഭങ്ങളിൽ "ആത്മാവ് കൊണ്ടും ബുദ്ധികൊണ്ടും പ്രാർത്ഥിക്കുവാൻ" അവർക്കിടയാകട്ടെ! ●

## ദൈവം ജയാളികളെ അന്വേഷിക്കുന്നു

പേജ് 16 ൽ നിന്ന് തുടർച്ച

ത്തിന്റെ യഥാസ്ഥാപനപ്രവൃത്തിയുടെ മുന്നോടികളായിരുന്നു അവർ. അവരുടെ പ്രവൃത്തിയുടെ ഫലം യിസ്രയേൽ മുഴുവൻ അനുഭവിച്ചു.

ഓരോ ജയാളിയും ക്രിസ്തുവിന്റെ നാളിൽ തേജസ്സും ബഹുമാനവും അണിയും. എന്നാൽ അവരെക്കുറിച്ചുള്ള ദൈവികലക്ഷ്യം അതല്ല. തങ്ങൾക്കുവേണ്ടി ഒരു കിരീടവും തേജസ്സും ഉണ്ട് എന്നതല്ല, അവരെ സംബന്ധിച്ച് വിശേഷതയുള്ള കാര്യം. സഭയുടെ വിളി, ദൈവമുമ്പാകെയുള്ള വിശ്വസ്തതയിലും, ഉത്തരവാദിത്വത്തിലും, തങ്കൽഭരമേല്പ്പിച്ചിരിക്കുന്ന പ്രവൃത്തി ചെയ്തുകൊണ്ട് നില്ക്കണമെന്നുള്ളതാണ്. എന്നാൽ ഇവ്വണ്ണം സഭ ഒരിക്കലും നിന്നിട്ടില്ല. ജയാളികളാകട്ടെ, സഭയ്ക്കുവേണ്ടി ഈ വിടവ് നികത്തുന്നവരാണ്. സഭ, ദൈവത്തിനു നിവർത്തിക്കേണ്ടവ ഒക്കെയും ജയാളികൾ നിവർത്തിക്കുന്നു. അവ്വണ്ണം തന്നെ, ദൈവത്തിനു ലോകത്തോടുള്ള സംവാദവും, സാക്ഷ്യവും സഭയ്ക്കുവേണ്ടി നിവർത്തിക്കുന്നതും ജയാളികൾ തന്നെ.

അതുകൊണ്ടുതന്നെ, ദൈവം എന്നും, ജയാളികൾക്കുവേണ്ടിയുള്ള അന്വേഷണത്തിലാണ്. ●



# കുരിശും കഠാരയും

ഡേവിഡ് വിൽക്കേഴ്സൺ

**അദ്ധ്യായം-2**

*കഴിഞ്ഞലക്കത്തിൽ*

*അമേരിക്കയിൽ ഫിൽസ്ബർഗ്ഗിലെ ചെറിയ ഒരു സഭയുടെ ശുശ്രൂഷകനായിരുന്നു ഡേവിഡ് വിൽക്കേഴ്സൺ. അദ്ദേഹം തന്റെ ടി.വി. വിറ്റ് രാത്രിയിൽ ടി.വി. കാണുന്ന സമയം പ്രാർത്ഥനയ്ക്കായി എടുക്കാൻ തുടങ്ങി. അങ്ങനെ പ്രാർത്ഥിക്കുന്ന ഒരു രാത്രി ലൈഫ് മാസികയിലെ ഒരു ചിത്രം കാണാനിടയായി. ന്യൂയോർക്കിലെ കൗമാരക്കാരുടെ അധോലോകസംഘമായ ഡ്രാഗണിലെ അംഗങ്ങളായ ഏഴുകുട്ടികളുടെ ചിത്രമായിരുന്നു അത്. അവർ മറ്റൊരു കുട്ടിയെ മൃഗീയമായി കൊലപ്പെടുത്തിയതിന് ന്യൂയോർക്കിൽ കൊലക്കേസ് വിചാരണയെ നേരിടുകയാണ്. ഈ കുട്ടികളെ സഹായിക്കാൻ ന്യൂയോർക്കിൽ പോകണമെന്ന ഭാരം വിൽക്കേഴ്സണ് അനുഭവപ്പെട്ടു. അദ്ദേഹം അടുത്ത ദിവസം തന്റെ സഭാജനങ്ങളുമായി തന്റെ ഭാരം പങ്കുവച്ചു. പിറ്റേന്ന് അദ്ദേഹം സഭയിലെ യൂത്ത് ഡയറക്ടർ മിൽസ് ഹോവറുമൊന്നിച്ച് കാറിൽ മുന്നൂറ്റമ്പതുകിലോമീറ്റർ അകലെയുള്ള ന്യൂയോർക്കിലേക്ക് യാത്രയായി. തുടർന്നു വായിക്കുക..*

**ന്യൂ**ജേഴ്സി ചുങ്കം റോഡിനെ ജോർജ് വാഷ്ങ്ടൺ പാലവുമായി ബന്ധിപ്പിക്കുന്ന 46-ാം റൂട്ടിലൂടെ ഞങ്ങൾ ന്യൂയോർക്കുനഗരത്തിന്റെ പ്രാന്തപ്രദേശത്ത് എത്തി. ഇനി എന്ത്? പാലം കടന്നു നഗരത്തിൽ പ്രവേശിച്ചാൽ ഞാൻ എന്താണു ചെയ്യാൻ പോകുന്നത്? എനിക്കറിഞ്ഞുകൂടാ.

പെട്രോളടിക്കാനായി ഞങ്ങൾ പാലത്തിന്റെ ഇക്കരെ ഒരു പമ്പിൽ കാറു നിർത്തി. മിൽസിനെ കാറിൽ ഇരുത്തിയിട്ട് ലൈഫ്മാസികയുടെ കീറിയെടുത്ത പേജുമായി ഞാൻ അടുത്തുകണ്ട ടെലിഫോൺബൂത്തിൽ കയറി. അതിൽ പരാമർശിച്ചിരിക്കുന്ന, കുട്ടികളുടെ കേസുകേൾക്കുന്ന, ന്യായാധിപനെ ഫോണിൽ ബന്ധപ്പെടാനായിരുന്നു എന്റെ ശ്രമം. ഒരു വിധത്തിൽ ഞാൻ അദ്ദേഹത്തിന്റെ ഓഫീസുമായി ഫോണിൽ ബന്ധപ്പെട്ടു. ദിവ്യമായ ഒരു നിയോഗവുമായി വന്നിരിക്കുന്ന ബഹുമാന്യനായ ഒരു പാസ്റ്ററാണു ഞാൻ എന്ന ധാരണ നൽകത്തക്കവണ്ണമായിരുന്നു എന്റെ സംസാരം. പക്ഷേ മറുതലയ്ക്കൽ അവർക്ക് വലിയ മതിപ്പുതോന്നിയില്ല.

അവിടെനിന്നുള്ള മറുപടി:"ഈ കേസു സംബന്ധിച്ച് ജഡ്ജി ഒരു വിധത്തിലുള്ള ഇടപെടലിനും തയ്യാറല്ല. ഗുഡ്ഡേ, സർ" ഫോൺ വച്ചുകളഞ്ഞു.

ഫോൺബൂത്തിൽ നിന്നിറങ്ങി,

ഓയിൽ കന്നാസുകൾ പിരമിഡു പോലെ അടുക്കിവച്ചിരിക്കുന്ന പെട്രോൾ പമ്പിന്റെ മൂലയിൽ നില്ക്കുമ്പോൾ ഞാൻ എന്റെ ദൗത്യത്തെക്കുറിച്ചു വീണ്ടും ചിന്തിക്കാൻ തുടങ്ങി. ഞങ്ങൾ വീട്ടിൽ നിന്ന് 350 മൈൽ അകലെയാണ്. നേരം ഇരുട്ടിത്തുടങ്ങി. ക്ഷീണം, നിരാശ, നേരിയഭയം എന്നിവയെല്ലാം എന്റെ മേൽ പിടിമുറുക്കാൻ തുടങ്ങി. എനിക്കു വലിയ ഏകാന്തത തോന്നി. പമ്പിലെ നിയോൺ ലൈറ്റിന്റെ വെളിച്ചത്തിൽ തിരസ്കാരത്തിന്റെ കയ്പുനീർകുടിച്ചിറക്കി തനിയേ നില്ക്കുമ്പോൾ, എന്റെ പർവ്വതപട്ടണത്തിലെ സുരക്ഷിതത്വത്തിൽ വച്ച് എനിക്കു ലഭിച്ച നിയോഗം അത്രത്തോളം തൃപ്തികരമായി തോന്നുന്നില്ല.

'ഹേയ്, ഡേവി'' മിൽസിന്റെ സ്വരം" വണ്ടിയെടുക്ക്. നാം പെട്രോൾ പമ്പിൽ ബ്ലോക്കുണ്ടാക്കുകയാണ്".

ഞങ്ങൾ വീണ്ടും ഹൈവേയിലേക്കിറങ്ങി. ഉടനെ തന്നെ വാഹനങ്ങളുടെ ഒഴുക്കിൽ ഞങ്ങളും പെട്ടു. ഞാനിത്രയേറെ കാറുകൾ കണ്ടിട്ടില്ല. എല്ലാവരും വലിയ തിരക്കിലാണ്. അവയിൽ ചിലർ എന്നെ വലംവച്ചു കടന്നുപോയി. മറ്റു ചില വാഹനങ്ങൾ ഞങ്ങളുടെ നേരേ നിരന്തരം ഹോൺ മുഴക്കി. പടുകൂറ്റൻ ട്രക്കുകളുടെ എയർബ്രേക്കുകൾ ഞങ്ങൾക്കു പിന്നിൽ അലറി.

പാലം–എന്തൊരു കാഴ്ചയായിരുന്നു! ചുവന്ന ലൈറ്റുകളാൽ അലംകൃതമായ നദി വലതുവശത്ത്. കാറുകളുടെ പിൻപിലെ ലൈറ്റുകളുടെ നിര മുൻപിൽ. എതിരേവരുന്ന വാഹനനിരകളുടെ വെളിച്ചവും സന്ധ്യാകാശത്തിന്റെ ശോഭയും മറ്റൊരുവശത്ത്. എല്ലാം കണ്ട് അത്ഭുതപ്പെട്ടപ്പോൾ പൊടുന്നനെ എനിക്കു മനസ്സിലായി നാടും നഗരവും വേണ്ടത്ര കണ്ടിട്ടില്ലാത്ത വെറും ഒരു ഗ്രാമീണനാണു ഞാനെന്ന്.

"ഇപ്പോ നമ്മളെന്താ ചെയ്യുക?" പാലം കഴിഞ്ഞപ്പോൾ കണ്ട വ്യത്യസ്ത ദിശകളിലേക്കുള്ള ഒരു ഡസൻ പച്ച ലൈറ്റുകളുടെ മുൻപിൽ പകച്ച് ഞാൻ മിൽസിനോടു ചോദിച്ചു. പച്ചദിശാസൂചികകൾ ഓരോ ഹൈവേയിലേക്കുള്ളതാണ്. പക്ഷേ അവയുടെ പേരുകളെല്ലാം ഞങ്ങൾക്ക് ഒരുപോലെ അപരിചിതമാണ്.

"സംശയം വരുമ്പോൾ മുൻപേ പോകുന്ന കാറിനെപിന്തുടരുക" മിൽസ് നല്ല ഒരു ഉപദേശം നൽകി.

ഞങ്ങളുടെ മുൻപേ പോയ കാർ അപ്പർ മാൻഹാട്ടിനിലേക്കു തിരിഞ്ഞു;ഞങ്ങളും.

ചുവപ്പുവെളിച്ചം ശ്രദ്ധിക്കാതെ രണ്ടു ട്രാഫിക് പോയിന്റുകൾ മറികടക്കുകയും ഒരു പോലീസ് ഓഫീസറെ ഇടിച്ചിടുന്ന മട്ടിൽ പാഞ്ഞുപോകുകയും ചെയ്ത ഞങ്ങളുടെ കാറു നോക്കി പിന്നിൽ നിന്നു ഖേദത്തോടെ തലയാട്ടുന്ന പൊലീസുകാരൻ. അദ്ദേഹത്തെയും പിന്നിട്ടു ഞങ്ങളുടെ കാർ കുതിച്ചു പാഞ്ഞപ്പോൾ മിൽസ് പെട്ടെന്നു പറഞ്ഞു "നോക്കൂ, എനിക്കറിയാവുന്ന ഒരു പേര്–ബ്രോഡ്വേ"

അപരിചിതമായ ഒരാൾക്കൂട്ടത്തിൽ പരിചയമുള്ള ഒരു മുഖം കാണുന്നതുപോലെയാണ് അപരിചിതമായ നഗരത്തിൽ പരിചിതമായ ഒരു തെരുവിന്റെ പേര്. ബ്രോഡ്വേയിലേക്കുള്ള ദിശാസൂചിക നോക്കി പോകുന്നതിനിടയിൽ ഞങ്ങൾ പൊടുന്നനെ 'ടൈംസ്ക്വയറി'ലെത്തി. അവിടെയെങ്ങും സിനിമകളുടെ ലജ്ജാകരമായ പേരുകളും പോസ്റ്ററുകളും. 'മുതിർന്നവർക്കു മാത്രം' എന്ന അറിയിപ്പു പേറുന്ന ഒരു തിയേറ്ററിനു മുമ്പിൽ തിരക്കുകൂട്ടുന്ന കുട്ടികൾ. ചുവന്നയൂണിഫോമിട്ട ഒരാൾ അവരെ വരിവരിയായി നിർത്തുന്നു! ഞങ്ങൾ ഫിൽസ് ബർഗ്ഗിലെ ശാന്തസുന്ദരങ്ങളായ സായാഹ്നങ്ങൾ ഓർത്തു





പോയി.

ചില കെട്ടിടങ്ങൾ കഴിഞ്ഞപ്പോഴിതാ എനിക്കു പരിചിതമായ പേരുകളോടു കൂടിയ രണ്ടുകടകൾ–'മാകേസ്', 'ജിംബെൽസ്'. ഈ കടകൾ കണ്ടപ്പോൾ എന്റെ ഹൃദയം തുടിച്ചുയർന്നു. ജെൻ ഈ കടകളിൽ നിന്ന് ഓർഡർ ചെയ്തു സാധനങ്ങൾ വരുത്തിയിട്ടുണ്ട്. ഇങ്ങോട്ടു പോരുമ്പോൾ ധരിക്കാമെന്നു ജെന്നിനു ഞാൻ വാഗ്ദാനം നൽകിയ ഉണങ്ങിയ സോക്സുകൾ പോലും 'ജിംബെൽസി'ൽ നിന്നാണെന്നു ഞാൻ ഓർത്തു. പരിചിതനും വിശ്വസ്തനുമായ ഒരാളിനെപ്പോലെയാണ് കട. ഞാൻ ഈ കടകളുടെ സമീപത്ത് എവിടെയെങ്കിലും തങ്ങാൻ ആഗ്രഹിച്ചു.

"ഇവിടെ അടുത്തെങ്ങാനും നമുക്കൊരു ഹോട്ടൽ നോക്കാം" ഞാൻ മിൽസിനോടു നിർദ്ദേശിച്ചു.

നോക്കിയപ്പോൾ അടുത്ത് 'ഹോട്ടൽ മാർട്ടിനിക്യ്യ' എന്നൊരു ബോർഡ്. ഞങ്ങൾ അവിടെത്തന്നെ കൂടാമെന്നു തീരുമാനിച്ചു. പക്ഷേ പാർക്കിങ് ഒരു പ്രശ്നമായി. ഹോട്ടലിന് എതിരേ ഒരു പാർക്കിങ്സ്ഥലമുണ്ട്. "ഒരു രാത്രിക്ക് രണ്ടുഡോളർ" പാർക്കിങ് ഏരിയായിലെ ഗേറ്റുകാവൽക്കാരൻ അങ്ങനെ പറഞ്ഞപ്പോൾ അങ്ങോട്ടു കാർ കടത്താൻ ശ്രമിക്കുകയായിരുന്നു ഞാൻ ഉടൻ തന്നെ കാർ ധൃതിയിൽ പിന്നോട്ടെടുത്തു.

"അത് നമ്മൾ പട്ടണത്തിൽ പട്ടണത്തിൽ പുതുപ്പുള്ളികളായതുകൊണ്ടാ" ഞാൻ മിൽസിനോടു മന്ത്രിച്ചു. "ടൗണിൽ അപരിചിതരാണെങ്കിൽ അവരോട് എന്തുമാകാമെന്നാ വിചാരം".

അരമണിക്കൂർ ചുറ്റിക്കറങ്ങിയ ശേഷം ഞങ്ങൾ അതേ പാർക്കിങ് സ്ഥലത്തിനു മുൻപിൽത്തന്നെ എത്തി. ഞാൻ അങ്ങോട്ടു തന്നെ വണ്ടി പ്രവേശിപ്പിക്കവേ നിസ്സഹായതയോടെ പറഞ്ഞു "ശരി, താങ്കൾതന്നെ ജയിച്ചു."

പക്ഷേ ഗേറ്റുകാവൽക്കാരൻ ചിരിച്ചില്ല.

അല്പനേരത്തിനുശേഷം ഞങ്ങൾ ഹോട്ടൽ മാർട്ടിനിക്യ്യവിന്റെ പന്ത്രണ്ടാമത്തെ നിലയിലെ ഞങ്ങളുടെ മുറിയിൽ നില്ക്കുകയാണ്. ഞാൻ അവിടെ ജനാലയ്ക്കരികിൽ ഏറെ നേരം നിന്നു. താഴെ വാഹനങ്ങളുടെയും ജനങ്ങളുടേയും ഒഴുക്ക്. ഇടയ്ക്കിടെ വീശുന്ന കാറ്റിൽ തെരുവിന്റെ മൂലയിൽ പൊടിയും പഴയപത്രക്കടലാസ്സുകളും വട്ടംചുറ്റുന്നു. അവിടെ ഒരു ചെറിയ തീകൂട്ടി തീ കാഞ്ഞുകൊണ്ട് നൃത്തം വയ്ക്കുകയാണ് കൗമാരക്കാരുടെ ഒരു സംഘം. അവർ അഞ്ചുപേരുണ്ട്. എന്റെ വിരലുകൾ അറിയാതെ പോക്കറ്റിൽ കിടക്കുന്ന ലൈഫ്മാഗസിന്റെ കീറിയെടുത്ത താളിൽ സ്പർശിച്ചു. ചില മാസങ്ങൾക്കു മുമ്പ് ഇതുപോലെയുള്ള ഏഴുകുട്ടികളാണ് ഹൈബ്രിഡ്ജ് പാർക്കിൽ നിരാശയും ബോറടിയും മൂലം കുറ്റകൃത്യത്തിൽ ഏർപ്പെട്ടത്.

"ഞാനൊരിക്കൽകൂടി ജില്ലാജഡ്ജിയുടെ ഓഫീസുമായി ബന്ധപ്പെടാൻ പോകുകയാണ്" ഞാൻ മിൽസിനോടു പറഞ്ഞു.

എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് ജഡ്ജിയുടെ ഓഫീസിൽ ആ സമയത്തും ആളുണ്ടായിരുന്നു. ഞാനവർക്ക് ഒരു ശല്യമാകുകയാണെന്ന് എനിക്കറിയാമായിരുന്നു. പക്ഷേ വിചാരണനേരിടുന്ന കുട്ടികളെ ബന്ധപ്പെടാൻ ന്യായാധിപന്റെ ഓഫീസുവഴിയല്ലാതെ ഒരു മാർഗ്ഗം എനിക്കുണ്ടായിരുന്നില്ല.

എനിക്കു മൂന്നുവട്ടം അങ്ങോട്ടുവിളിക്കേണ്ടിവന്നു. ഒടുവിൽ അല്പം വിവരം നേടിയെടുക്കത്തക്കവണ്ണം ആ ഓഫീസിലെ ആരെയോ ശല്യപ്പെടുത്താൻ എനിക്കു കഴിഞ്ഞു:

"നോക്ക്". എന്നോട് ഒരു സ്വരം ഇങ്ങനെ മറുപടി പറഞ്ഞു "ഈ കുട്ടി

കളെ കാണാൻ അനുവാദം തരാൻ ഒരേ ഒരാൾക്കു മാത്രമേ കഴിയൂ-ജഡ്ജി ഡേവിഡ്സണു മാത്രം".

"എങ്ങനെയാണ് എനിക്കു ജഡ്ജി ഡേവിഡ്സണെ ഒന്നു കാണാൻ കഴിയുക?"

"അദ്ദേഹം നാളെ രാവിലെ വിചാരണ കേൾക്കാൻ നൂറാമതു കോർട്ടുസ്ട്രീറ്റിലുണ്ടാകും. ശരി റവറന്റ് ഗുഡ്ബൈ. ദയവായി ഇനി വിളിക്കല്ലേ. ഞങ്ങൾക്കു താങ്കളെ സഹായിക്കുവാൻ കഴിയുകയില്ല."

എന്നാൽ ഞാൻ ഒരു ടെലിഫോൺ വിളികൂടി നടത്തി. ഇക്കുറി ജഡ്ജി ഡേവിഡ്സണു നേരിട്ട്. പക്ഷേ വനിതാ ഓപ്പറേറ്റർ എന്നോടു പറഞ്ഞു:അദ്ദേഹത്തിന്റെ ലൈൻ ഡിസ്കണക്ടുചെയ്തിരിക്കുകയാണ്. അവൾക്കു വ്യസനമുണ്ട്. പക്ഷേ എന്തു ചെയ്യട്ടെ. ഇല്ല, ഇല്ല ഇനി അദ്ദേഹത്തെ കിട്ടാൻ ഒരു മാർഗ്ഗവുമില്ല.

ഞങ്ങൾ ഒടുവിൽ കിടക്കയിലേക്കു ചാഞ്ഞു. പക്ഷേ എനിക്കു ശരിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. നഗരസ്വരങ്ങൾ പരിചിതമല്ലാത്ത എന്റെ ചെവിക്ക് രാത്രിയിലെ ഓരോ ശബ്ദവും അസാധാരണമായി തോന്നി. രാത്രിയുടെ നീണ്ടമണിക്കൂറുകളെ ഞാൻ തരണം ചെയ്തത് ഇങ്ങനെയാണ്: പാതിനേരം ഞാൻ ഇവിടെ എന്തുചെയ്യുകയാണെന്ന് അത്ഭുതപ്പെട്ടു. രണ്ടായാലും ഇവിടെ എനിക്ക് അധികനേരം ഇനി ചെലവഴിക്കേണ്ടല്ലോ എന്ന നന്ദിയുടെ പ്രാർത്ഥനയാൽ ബാക്കി സമയം തള്ളിവിട്ടു.

പിറ്റേന്നു രാവിലെ മിൽസും ഞാനും എഴുന്നേറ്റു ഡ്രസ്സു ചെയ്ത് ഏഴുമണിയോടെ ഹോട്ടൽ റൂം കാലിയാക്കി. പ്രഭാതഭക്ഷണം വേണ്ടെന്നു വച്ചു. മുന്നിൽ ഏതോ പ്രതിസന്ധിയുണ്ടെന്നും അതിനെ നേരിടാൻ ശാരീരികമായും മാനസികമായും ഈ ഉപവാസം ഞങ്ങളെ സജ്ജരാക്കുമെന്നും ഞങ്ങൾക്കിരുവർക്കും ഒരേപോലെ തോന്നിയിരുന്നു.

പാർക്കിങ് സ്ഥലത്തുനിന്നു വണ്ടിയെടുത്ത് കോർട്ടുസ്ട്രീറ്റിലേക്കുള്ള വഴിയന്വേഷിച്ച് ഞങ്ങൾ ബ്രോഡ്വേയിലെ തിരക്കിലേക്കിറങ്ങി. ന്യൂയോർക്ക് ഞങ്ങൾക്കു നന്നായി അറിയാമായിരുന്നെങ്കിൽ സത്യത്തിൽ സബ്വേ വഴി കോടതിയുടെ മുൻപിൽ ഞങ്ങൾക്ക് എളുപ്പത്തിൽ വരാമായിരുന്നു! പക്ഷേ ഞങ്ങൾക്കു നഗരം പരിചിതമായിരുന്നില്ലല്ലോ.

'വൺഹൺഡ്രഡ് കോർട്ട് സ്ട്രീറ്റ്' ഒരു ഗംഭീര, ഭയാനകമായ കെട്ടിടമാണ്. അന്യോന്യം വെറുക്കുന്ന, പകരം വീട്ടാൻ ആഗ്രഹിക്കുന്ന ധാരാളം പേർ ദിവസവും അവിടെ എത്തുന്നു. കോടതിയിൽ വ്യവഹാരം ഉള്ളവരെ മാത്രമല്ല, വെറുപ്പിൽ പങ്കാളികളാകാൻ-അപകടം ഇല്ലാത്തവിധത്തിൽ-ആഗ്രഹിക്കുന്ന ധാരാളം കാണികളേയും ഈ കോടതിമുറികൾ ആകർഷിക്കുന്നുണ്ട്. മൈക്കൽ ഫാർമർ കൊലക്കേസ് വിചാരണ നടക്കുന്ന കോടതിമുറിയിലേക്ക് അന്ന് അത്തരത്തിൽ വന്ന കാണികളിലൊരാൾ പ്രത്യേകിച്ചും ദേഷ്യത്തോടെ പരസ്യമായി അഭിപ്രായപ്രകടനം നടത്താൻ മടിയില്ലാത്ത ഒരുവനായിരുന്നു.

"വൈദ്യുതകസേരയെക്കാൾ കവിഞ്ഞവല്ലതുമാണ് ഇവന്മാർക്കു കൊടുക്കേണ്ടത്''. അയാൾ ഉച്ചത്തിൽ പൊതുവേ പറഞ്ഞു. എന്നിട്ട് അടഞ്ഞ വാതിലിനു മുമ്പിൽ യൂണിഫോം ധരിച്ചു നിന്ന പൊലീസുകാരനെ നോക്കി "അവന്മാരെ ഒരു നല്ല പാഠം പഠിപ്പിക്ക് പൊലീസേ, ഒരിക്കലും മറക്കാത്ത ഒരു പാഠം" എന്നു നിർദ്ദേശിക്കുകയും ചെയ്തു. അതുകേട്ട് പൊലീസുകാരൻ കൈകൾ ഇടുപ്പിൽ കുത്തി തള്ളവിരലുകൾ ബെൽറ്റിൽ കോർത്ത് അയാൾക്കു പുറം തിരിഞ്ഞ് നിലയുറപ്പിച്ചു-നീതിയുടെ സ്വയം പ്രഖ്യാപിത





കാവലാൾമാരോട് ഇങ്ങനെയാണു പെരുമാറേണ്ടതെന്നു തനിക്കു നേരത്തെ അറിയാമെന്ന മട്ടിൽ.

ഞങ്ങൾ എട്ടരയ്ക്കു അവിടെ എത്തിച്ചേർന്നപ്പോൾ കോടതിമുറിയിൽ കാഴ്ചക്കാരായി പ്രവേശിക്കാനുള്ള വരിയിൽ ഞങ്ങൾക്കു മുമ്പേ 40 പേർ സ്ഥാനം പിടിച്ചുകഴിഞ്ഞു. അവിടെ അന്നു കൃത്യം 42 കസേരകളാണുള്ളതെന്നും അത്രയും പേർക്കു മാത്രമേ കാണികളായി അന്നവിടെ പ്രവേശനം ഉണ്ടായിരുന്നുള്ളുവെന്നും പിന്നീടു ഞാൻ മനസ്സിലാക്കി. ഞങ്ങൾ പ്രഭാതഭക്ഷണം കഴിക്കാൻ നിന്നിരുന്നെങ്കിൽ അന്ന്-1958 ഫെബ്രുവരി 28-എന്റെ ജീവിതത്തിന്റെ ദിശയെ മാറ്റിമറിച്ച സംഭവങ്ങൾ ഏതു നിലയിൽ ചെന്നെത്തുമായിരുന്നെന്നു പിന്നീടു പലപ്പോഴും ഞാൻ ആലോചിച്ചിട്ടുണ്ട്.

ഒന്നരമണിക്കൂറോളം ഞങ്ങൾ ആ ക്യൂവിൽത്തന്നെ നിന്നു. ഞങ്ങൾ അങ്ങോട്ടോ ഇങ്ങോട്ടോ മാറിയാൽ ഞങ്ങളുടെ സ്ഥാനം മറ്റാരെങ്കിലും കൈയടക്കുമെന്നു പേടിച്ച് ഞങ്ങൾ ഒരിക്കലും വരിയിൽ നിന്നു മാറിയില്ല. ഒരിക്കൽ ഒരു കോടതി ഉദ്യോഗസ്ഥൻ ക്യൂവിനു സമീപത്തുകൂടി നടന്നുപോയപ്പോൾ ഞാൻ അദ്ദേഹത്തെ ഇടനാഴിയുടെ അവസാനത്തിൽ കാണുന്ന അടഞ്ഞ വാതിൽ ചൂണ്ടിക്കാട്ടിക്കൊണ്ടു ചോദിച്ചു ''ജഡ്ജി ഡേവിഡ്സൺന്റെ ചേംബർ അതാണോ?"

'അതേ'യെന്ന അർത്ഥത്തിൽ അദ്ദേഹം തലയാട്ടി.

''എനിക്ക് അദ്ദേഹത്തെ ഒന്നു കാണാൻ കഴിയുമോ? എന്താ നിങ്ങൾ കരുതുന്നത്?"

ആ മനുഷ്യൻ എന്നെ നോക്കി ഒന്നു ചിരിച്ചു. മറുപടിയൊന്നും പറയാതെ അയാൾ പകുതി ശകാരവും പകുതി അത്ഭുതവും ദ്യോതിപ്പിക്കുന്ന ഒരു നോട്ടം നോക്കിയശേഷം മിണ്ടാതെ നടന്നുപോയി!


പത്തുമണിയോടടുത്തപ്പോൾ ഒരു ഗാർഡ് കോടതി മുറിയുടെ വാതിൽ തുറന്ന് ഞങ്ങളെ ഒരോരുത്തരെയായി കൈവശം ആയുധങ്ങൾ വല്ലതും ഉണ്ടോയെന്ന പരിശോധനയ്ക്കുശേഷം അകത്തേക്കു പ്രവേശിപ്പിച്ചു.

"അവന്മാര് ജഡ്ജിയുടെ ജീവനെടുക്കുമെന്നു ഭീഷണിപ്പെടുത്തിയിരുന്നു" പരിശോധന നടക്കുന്നതിനിടെയിൽ എന്റെ മുമ്പിലുണ്ടായിരുന്ന ആൾ പകുതി തിരിഞ്ഞ് വിശദീകരിച്ചു:"ആ ഡ്രാഗൺസംഘം കോടതിയിൽ അദ്ദേഹത്തെ നേരിടുമെന്നാ ഭീഷണി".

മിൽസും ഞാനും ഏറ്റവും ഒടുവിലത്തെ രണ്ടു സീറ്റുകളിൽ ഇരുപ്പുറപ്പിച്ചു. നീതി ഉടനെ നടപ്പാക്കണമെന്നു വാദിച്ച ആളായിരുന്നു എന്റെ വലതുവശത്തെ കസേരയിൽ. "അവന്മാരെ ഇതിനകം തന്നെ നല്ല പോലെ ചതച്ചിട്ടുണ്ടാകുമല്ലേ? നിങ്ങളെന്തുപറയുന്നു?" ഞങ്ങൾ നേരേ ചൊവ്വേ ഒന്നിരിക്കുന്നതിനു മുൻപുതന്നെ അയാൾ എന്നോടു ചോദിച്ചു. പക്ഷേ എനിക്കതിനു മറുപടി പറയാൻ കഴിയുന്നതിനു മുൻപുതന്നെ അദ്ദേഹം മറുവശത്തേക്കു തിരിഞ്ഞ് മറ്റേ അയൽക്കാരനുനേരേയും ഇതേ ചോദ്യം തൊടുത്തുവിട്ടു കഴിഞ്ഞു!

കോടതിമുറിക്കു പ്രതീക്ഷിച്ച വലിപ്പമൊന്നും ഇല്ലെന്നു കണ്ടു ഞാൻ തെല്ലൊന്നമ്പരുന്നു. വലിയ ഗാംഭീര്യമുള്ള മുറി. നൂറുകണക്കിനു കസേരകൾ-ഇതെല്ലാമായിരുന്നു എന്റെ ഭാവനയിൽ. ഹോളിവുഡ്ചിത്രങ്ങളിൽ നിന്നു ലഭിച്ചതാവണം ഈ ധാരണ. സത്യത്തിൽ കോടതിമുറിയുടെ പകുതിയോളം സ്ഥലം കോടതിഉദ്യോഗസ്ഥർക്കായി നീക്കിവച്ചിരുന്നു. കാൽഭാഗം പത്രക്കാർക്കും മാധ്യമപ്രതിനിധികൾക്കും. പുറകിൽ അവശേഷിച്ച ഭാഗമായിരുന്നു പൊതുജന

**'ഡ്രാഗണി'ലെ കുട്ടികൾ, മറ്റൊരു കുട്ടിയെ കൊലപ്പെടുത്തുന്നു. ഈ കൊലക്കേസിന്റെ വിചാരണ നേരിടുന്ന കുട്ടികളെ സഹായിക്കാനാണ് വിൽക്കേഴ്സൺ ന്യൂയോർക്കിലേക്കു പോയത്.**



ങ്ങൾക്കുകോടതി നടപടികൾ വീക്ഷിക്കാനുള്ള സ്ഥലം.

എന്റെ വലതുവശത്തെ കസേരയിൽ ഇരുന്നിരുന്ന സ്നേഹിതൻ ഇതിനകം കോടതി നടപടികളെക്കുറിച്ച് ഒരു 'ദൃക്സാക്ഷി വിവരണം' ആരംഭിച്ചിരുന്നു. കോടതിയുടെ പിന്നിലെ വാതിലിലൂടെ കയറിവന്ന ഒരുപറ്റം വക്കീലന്മാർ, കോടതി തന്നെ പ്രതികൾക്കുവേണ്ടി നിയമിച്ചവരാണെന്ന് അദ്ദേഹം അറിയിച്ചു.

"മൊത്തം ഇരുപത്തേഴുവക്കീലന്മാരുണ്ട്. സ്റ്റേറ്റുതന്നെ ആ പെഴപെട്ടവന്മാർക്കുവേണ്ടി ഏർപ്പെടുത്തിയതാ. അല്ലാതാരാ അവന്മാർക്കുവേണ്ടി വാദിക്കാൻ? കൈയിൽ കാശൊണ്ടോ? അതുമില്ല. സ്പാനിഷ്പിള്ളാരാ....അറിയാമല്ലോ."

സത്യത്തിൽ എനിക്കറിഞ്ഞുകൂടായിരുന്നു. എങ്കിലും മിണ്ടിയില്ല.

"കുറ്റക്കാരല്ലെന്ന് അവർ വാദിക്കേണ്ടിവരും. രാജ്യത്തിന്റെ നിയമമനുസരിച്ചാണെങ്കിൽ ഒന്നാന്തരം കൊലപാതകം. സത്യത്തിൽ അവന്മാർക്കെല്ലാം വൈദ്യുതകസേരയാകിട്ടണ്ടത്. എല്ലാ അവനും"

ഇതിനിടയിൽ പ്രതികളായ കുട്ടികൾ കോടതിമുറിയിലേക്ക് ആനയിക്കപ്പെട്ടു.

ഞാൻ എന്തായിരുന്നു പ്രതീക്ഷിച്ചത്? കുറച്ചുകൂടി പ്രായമുള്ള പുരുഷന്മാരെയാണോ ഞാൻ പ്രതികളായി സങ്കല്പിച്ചിരുന്നത്? എന്തെല്ലാം പറഞ്ഞാലും ഇതൊരു കൊലക്കുറ്റവിചാരണയാണ്. കുട്ടികൾക്ക് ഇങ്ങനെ കൊലപാതകം ചെയ്യാൻ കഴിയുമെന്ന് ഒരിക്കലും എന്റെ മനസ്സിൽ പതിഞ്ഞിരുന്നില്ല. പക്ഷേ ഇവർ വെറും കുഞ്ഞുങ്ങളാണ്. കൂനിയ, പേടിച്ചരണ്ട, വിളറിയ, മെലിഞ്ഞ ഏഴുകുട്ടികൾ കരുണയില്ലാത്ത കൊലപാതകത്തിന്റെ പേരിൽ തങ്ങളുടെ ജീവൻ രക്ഷിക്കാനായി വിചാരണയെ അഭിമുഖീകരിക്കുന്നു! അവർ ഒരോരുത്തരേയും ഒരോ ഗാർഡിനോടു ചേർത്തുവിലങ്ങുവച്ചാണ് കോടതിയിൽ കൊണ്ടുവന്നത്. ആ ഗാർഡുകളെല്ലാം അസാധാരണമാം വിധം തടിയുള്ളവരായിരുന്നു. തടിയന്മാരായ ഗാർഡുമാരെ പ്രത്യേകം തിരഞ്ഞെടുത്തു കുട്ടികളോടു ചേർത്തു വിലങ്ങുവച്ചത് ഒരു വൈരുദ്ധ്യത്തിനു വേണ്ടിയാണെന്ന് എനിക്കു തോന്നിപ്പോയി.

ഏഴുകുട്ടികളെയും കോടതിമുറിയുടെ ഇടതുഭാഗത്തുപ്രത്യേകം വേർതി





രിച്ചിരിക്കുന്ന സ്ഥലത്തിരുത്തി. അവരുടെ വിലങ്ങുകളും നീക്കം ചെയ്തു.

"ഇവന്മാരെ ഇങ്ങനെ തന്നെയാ കൈകാര്യം ചെയ്യേണ്ടത്" എന്റെ അയൽക്കാരന്റെ ഉച്ചത്തിലുള്ള ആത്മഗതം" ദൈവമേ, ഞാൻ ഇവരെ വെറുക്കുന്നു"

"ദൈവം മാത്രമേ അങ്ങനെ ചെയ്യാതുള്ളൂവെന്നു തോന്നുന്നു" ഞാൻ പറഞ്ഞു.

"എന്ത....?"

പെട്ടെന്ന് ആരോ തടിയിൽ അടിച്ച് 'ഓർഡർ' വിളിച്ചു. ജഡ്ജി തിടുക്കത്തിൽ സീറ്റിലേക്കു വന്നപ്പോൾ കോടതിയിലുണ്ടായിരുന്നവർ ഒന്നടങ്കം എഴുന്നേറ്റുനിന്നു.

കോടതിനടപടികൾ ആരംഭിക്കുകയായി.

ഞാൻ തികഞ്ഞ നിശ്ശബ്ദതയോടെ നടപടികളെല്ലാം വീക്ഷിച്ചുകൊണ്ടിരുന്നു. പക്ഷേ എന്റെ അയൽക്കാരൻ അങ്ങനെയായിരുന്നില്ല. അദ്ദേഹം തന്റെ അഭിപ്രായങ്ങളും നിരീക്ഷണങ്ങളും ഉറച്ചുപറയുന്നതു കേട്ട് പലപ്രാവശ്യം മുൻപിലിരുന്ന പലരും ഞങ്ങളെ തിരിഞ്ഞു നോക്കി.

അന്നു രാവിലെ ഒരു പെൺകുട്ടിയായിരുന്നു സാക്ഷിക്കൂട്ടിൽ.

"അവള് ആ സംഘത്തിന്റെ പാവക്കുട്ടിയാ. പാവയെന്നുവച്ചാൽ അറിയാമല്ലോ?". എന്റെ അയൽക്കാരന്റെ വിശദീകരണം.

വിസ്താരത്തിൽ ആകെ നടന്നത് ആ പെൺകുട്ടിയെ ഒരു കത്തികാണിച്ച് അത് അവൾക്കു തിരിച്ചറിയാമോ എന്നു ചോദിക്കുകയായിരുന്നു. കൊലപാതകം നടന്ന രാത്രി താൻ അതിലെ രക്തം തുടച്ചുവൃത്തിയാക്കിയ കഠാരയാണതെന്ന് അവൾ സമ്മതിച്ചു. ഈ ലളിതമായ പ്രസ്താവന അവളിൽ നിന്നു കിട്ടുവാനാണ് അന്നത്തെ പ്രഭാതം മുഴുവൻ കോടതി ചെലവഴിച്ചത്.

പിന്നീട്, പൊടുന്നനെ കോടതി നടപടികൾ അവസാനിച്ചു.

എനിക്കത്ഭുതമായി- ഒരുപക്ഷേ പിന്നീടു സംഭവിച്ച കാര്യങ്ങളുടെ കാരണം ഭാഗികമായി ഇതായിരിക്കാം. എന്തുചെയ്യണം എന്നതിനെക്കുറിച്ചു ചിന്തിക്കാൻ തന്നെ സമയം ഉണ്ടായിരുന്നില്ല.

ജഡ്ജി ഡേവിഡ്സൺ എഴുന്നേറ്റ് കോടതി പിരിയുകയാണെന്നു പ്രഖ്യാപിക്കുന്നു. എന്റെ മനക്കണ്ണിൽ അദ്ദേഹം മുറിവിട്ട് ആ വാതിലിലൂടെ കടന്ന് എന്നെന്നേക്കുമായി അപ്രത്യക്ഷനാകുന്നതിന്റെ ചിത്രമാണു തെളിഞ്ഞത്. അതിന്റെ അർത്ഥം ഞാനിപ്പോൾ അദ്ദേഹത്തെ കണ്ടില്ലെങ്കിൽ ഇനി ഒരിക്കലും കാണാൻ പോകുന്നില്ലെന്നാണ്.

"ഞാനവിടെച്ചെന്ന് അദ്ദേഹവുമായി സംസാരിക്കുവാൻ പോകുകയാണ്" ഞാൻ മിൽസിനോടു മന്ത്രിച്ചു.

"സമനിലതെറ്റല്ലേ"

"അല്ല, ഞാനിപ്പോൾ ചെയ്തില്ലെങ്കിൽ..." ജഡ്ജി തന്റെ ഗൗൺ വാരിപ്പിടിച്ച് പോകാനൊരുങ്ങുകയാണ്.

ഞാൻ വേഗത്തിൽ ഒരു കൊച്ചു മൗനപ്രാർത്ഥനനടത്തി. എന്റെ ബൈബിൾ വലത്തെ കൈയിൽ ഏന്തി. ഞാനൊരു ശുശ്രൂഷകനാണെന്നു തിരിച്ചറിയാൻ അതു സഹായിക്കുമെന്നു ഞാൻ കരുതി. മിൽസിനെ മറികടന്ന് ഞാൻ ജഡ്ജിയുടെ സമീപത്തേക്ക് ഓടിച്ചെന്നു.

"യുവറോണർ" ഞാൻ ഉച്ചത്തിൽ വിളിച്ചു.

ജഡ്ജി ഡേവിഡ്സൺ വെട്ടിത്തിരിഞ്ഞു- കോടതി നടപടിക്രമങ്ങളെ ലംഘിച്ചതിലുള്ള അസ്വാരസ്യവും ക്ഷോഭവും അദ്ദേഹത്തിൽ പ്രകടമായിരുന്നു.

"യുവറോണർ, ഒരു ക്രിസ്തീയശുശ്രൂഷകനെന്ന നിലയിൽ എന്നെ കണക്കിലെടുത്ത് അങ്ങയോടു സംസാരി

ക്കാൻ എനിക്കവസരം തരുമോ?" എന്റെ ചോദ്യം.

പക്ഷേ അപ്പോഴേക്കും കോടതി ഗാർഡുകൾ ഓടിയെത്തിയിരുന്നു. തുടർന്നുണ്ടായ അവരുടെ പരുഷമായ പെരുമാറ്റത്തിനു കാരണം ജഡ്ജിയുടെ ജീവനുനേരെ നേരത്തെ ഭീഷണി ഉണ്ടായിരുന്നു എന്നതാകാം. ഏതായാലും അവരിൽ രണ്ടുപേർ എന്റെ ഓരോ കൈമുട്ടിലും പിടിമുറുക്കി എന്നെ ഒരു മൂലയിലേക്കു തള്ളിക്കൊണ്ടുപോയി. ഇതിനിടെ പത്രക്കാരുടെ ഭാഗത്തുനിന്ന് വലിയ വിളിയും ബഹളവും പടം എടുക്കാൻ ഫോട്ടോഗ്രാഫർമാർ മത്സരിച്ചോടുന്നതിന്റെ ഒച്ചയുമെല്ലാമായി അന്തരീക്ഷമാകെ കലങ്ങിമറിഞ്ഞു.

ഗാർഡുകൾ എന്നെ നീലയൂണിഫോമിട്ട രണ്ടു സെക്യൂരിറ്റിക്കാർക്കു കൈമാറി.

"വാതിലുകൾ എല്ലാം അടയ്ക്കുക. ആരേയും പുറത്തേക്കുവിടരുത്" ഒരു ഓഫീസർ ഉച്ചത്തിൽ ആജ്ഞാപിച്ചു. എന്നിട്ട് അദ്ദേഹം എന്റെ നേരേ തിരിഞ്ഞു:

"ആട്ടെ, മിസ്റ്റർ. തോക്കെവിടെ?"

എന്റെ കൈവശം തോക്കൊന്നുമില്ലെന്ന് ഉറപ്പിച്ചു പറഞ്ഞെങ്കിലും അവരെന്നെ ഒരുവട്ടം കൂടി പരിശോധിച്ചു.

"നിങ്ങൾകൂടെക്കൊണ്ടുവന്നവരാരാണ്? ഇതിലുൾപ്പെട്ടമറ്റാളുകൾ ആരാണ്?".

"മിൽസ് ഹോവർ. ഞങ്ങളുടെ യൂത്തുഡയറക്ടറാണ്"

അവർ ഉടനെ മിൽസിനേയും പിടികൂടി കൊണ്ടുവന്നു. അദ്ദേഹം വിറയ്ക്കുകയായിരുന്നു. ഭയത്തേക്കാൾ നാണക്കേടും ദേഷ്യവും കൊണ്ട്, എന്നു ഞാൻ കരുതുന്നു.

പൊലീസുകാർ ഞങ്ങളെ ബലമായി അടുത്ത മുറിയിൽ ചോദ്യം ചെയ്യുമ്പോൾ പത്രക്കാരിൽ ചിലരും അവിടെ കടന്നുകൂടി. എന്നെ ശുശ്രൂഷകനായി ഓർഡയിൻ ചെയ്തുകൊണ്ടു നൽകിയ കടലാസുകൾ ഞാൻ ഒരു അംഗീകൃത ശുശ്രൂഷകനാണെന്നു തെളിയിക്കാനായി പൊലീസിനെ കാണിച്ചുകൊടുത്തു. ഇതിനിടയിൽ എന്റെ പേരിൽ എന്തെല്ലാം കുറ്റങ്ങളാണു ചാർജ്ജുചെയ്യേണ്ടതെന്നതിനെപ്പറ്റി അവർ അന്യോന്യം വാദിക്കാൻ തുടങ്ങി. ഒടുവിൽ ഇക്കാര്യത്തിൽ ജഡ്ജി ഡേവിഡ്സന്റെ ഇംഗിതം എന്തെന്നറിഞ്ഞിട്ടു നടപടികൾ മതിയെന്നു പറഞ്ഞ് സർജന്റ് അദ്ദേഹത്തോടു ചോദിക്കാൻ പോയി. ഈ തക്കത്തിനു പത്രക്കാർ എന്നോടും മിൽസിനോടും തുരുതുരാ ചോദ്യങ്ങൾ ഉന്നയിക്കാൻ തുടങ്ങി: ഞങ്ങൾ എവിടെനിന്നാണു വന്നത്? എന്തിനിതു ചെയ്തു? ഞങ്ങൾ 'ഡ്രാഗണിന്റെ' ആൾക്കാരാണോ? സഭയുടെ രേഖകൾ ഞങ്ങൾ വ്യാജമായി നിർമ്മിച്ചതോ മോഷ്ടിച്ചതോ?

ഇതിനിടെ സർജന്റ് മടങ്ങിവന്നു. എന്റെ പേരിൽ കേസൊന്നും എടുക്കേണ്ടെന്നാണു ജഡ്ജി പറഞ്ഞതെന്ന് അറിയിച്ചു. അതുകൊണ്ട് ഈപ്രാവശ്യത്തേക്കു പൊലീസ് എന്നെ വെറുതെ വിടാൻ തയ്യാറാണ്. എന്നാൽ ഒരു വ്യവസ്ഥ-ഇനി തിരിച്ചിങ്ങോട്ടു വരികയേ ഇല്ലെന്ന് ഉറപ്പുനൽകണം.

"അതിനെക്കുറിച്ചു പേടിക്കണ്ട". മിൽസു പറഞ്ഞു" ഇനി ഇദ്ദേഹം ഇങ്ങോട്ടുവരികയേ ഇല്ല".

അവർ ഒടുവിൽ എന്നെ ഇടനാഴിയിലൂടെ പുറത്തേക്കു കൊണ്ടുവന്നു. അവിടെ നിന്നു പുറത്തേക്കുള്ള വാതിൽ തുറന്നിറങ്ങിയപ്പോൾ പുറത്തു വാതില്ക്കൽ ഫോട്ടോഗ്രാഫർമാരും റിപ്പോർട്ടർമാരും അർദ്ധവൃത്താകൃതിയിൽ കാത്തുനില്ക്കുകയായിരുന്നു. അവരിലൊരാൾ ഉറക്കെ ചോദിച്ചു.

"ഹായ്, റവറന്റ്, അവിടെ നിങ്ങളുടെ കൈയിൽ എന്തോ പുസ്തകം ഉണ്ടായിരുന്നല്ലോ".

"എന്റെ ബൈബിൾ"





"നിങ്ങൾക്കതിനെക്കുറിച്ചു ലജ്ജയാണോ?"

"തീർച്ചയായും അല്ല"

"അല്ലെന്നോ?. എങ്കിൽ പിന്നെ എന്തിനാ അത് ഒളിച്ചുപിടിക്കുന്നെ? ഉയർത്തിപ്പിടിക്ക്. ഞങ്ങൾക്കെല്ലാം കാണാവുന്നതുപോലെ."

അതുകേട്ട പാടേ ഞാൻ ബൈബിളെടുത്തു പൊക്കിപ്പിടിച്ചു. പൊടുന്നനെ ഫ്ളാഷ്ബൾബുകൾ കത്തിപ്പൊലിഞ്ഞു. അപ്പോഴാണ് പിറ്റേന്ന് ഇതു പത്രത്തിലെങ്ങനെയാണു വരുന്നതിനെക്കുറിച്ച് എനിക്കു ബോധോദയം ഉണ്ടായത്. ബൈബിൾ ഉയർത്തിവീശി തലമുടികൾ എഴുന്ന് ഒരു നാടൻ ഉപദേശി കൊലക്കേസ് വിചാരണയെ തടസ്സപ്പെടുത്തുന്നു!

റിപ്പോർട്ടർമാരിൽ ഒരാൾ, ഒരാൾ മാത്രം കുറച്ചു നിഷ്പക്ഷമായ ചോദ്യങ്ങൾ ചോദിച്ചു. എൻ.ബി. സി ന്യൂസിന്റെ റിപ്പോർട്ടറായിരുന്നു അദ്ദേഹം. ഇത്രഹീനമായ കുറ്റം ചെയ്ത കുട്ടികളിൽ എനിക്കെന്തുകൊണ്ടാണു താത്പര്യം ഉണ്ടായതെന്ന് അദ്ദേഹം ചോദിച്ചു.

"നിങ്ങളെപ്പോഴെങ്കിലും ആ കുട്ടികളുടെ മുഖത്തുസൂക്ഷിച്ചുനോക്കിയിട്ടുണ്ടോ?" എന്റെ മറുചോദ്യം

"ഉവ്വ്, തീർച്ചയായും"

"എങ്കിൽ നിങ്ങൾക്കെങ്ങനെ ആ ചോദ്യം ചോദിക്കാൻ കഴിഞ്ഞു"?

റിപ്പോർട്ടർ ചെറുതായി പുഞ്ചിരിച്ചു "നിങ്ങൾ എന്താ അർത്ഥമാക്കിയതെന്ന് എനിക്കു മനസ്സിലായി. റവറന്റ്, ഏതായാലും നിങ്ങൾ കാഴ്ചകാണാൻ വന്ന മറ്റുള്ളവരിൽനിന്ന് വ്യത്യസ്തനാണ്".

ശരിയാണ്. ഞാൻ വ്യത്യസ്തനാണ്. എന്തോ ദിവ്യമായ നിയോഗം ഉണ്ടെന്നു കരുതി വിഡ്ഢിവേഷം കെട്ടുന്നതിൽ ഞാൻ വ്യത്യസ്തനാണ്. എന്റെ സഭയ്ക്കും എന്റെ പട്ടണത്തിനും എന്റെ കുടുംബത്തിനും നാണക്കേടുവരുത്തിവയ്ക്കുന്നതിലും ഞാൻ വ്യത്യസ്തനാണ്!

ഒടുവിൽ അവർ ഞങ്ങളെ വിട്ടയച്ചപ്പോൾ ഞങ്ങൾ ധൃതിയിൽ കാർ തേടി പാർക്കിങ് സ്ഥലത്തേക്കു ചെന്നു. ഇതിനിടെ അവിടെ വീണ്ടും രണ്ടു ഡോളർ കൂടി കാറിനു ചാർജ്ജു വന്നിരുന്നു. മിൽസ് എന്നോട് ഒരു വാക്കുപോലും മിണ്ടിയില്ല. കാറിനുള്ളിൽ കയറി ഡോറടച്ചനിമിഷം ഞാൻ സ്റ്റിയറിങ്വീലിലേക്കു തലകുനിച്ച് ഇരുപതുമിനിറ്റോളം കരഞ്ഞു.

"നമുക്കുവീട്ടിൽ പോകാം മിൽസ്. നമുക്കിവിടുന്നു പുറത്തുകടക്കാം"

ജോർജ് വാഷിങ്ടൺ പാലത്തിലൂടെ മടങ്ങുമ്പോൾ ഞാൻ ഒരിക്കൽകൂടി തലതിരിച്ച് ന്യൂയോർക്ക് നഗരത്തിലെ ചക്രവാളസീമയിലേക്കു നോക്കി. പൊടുന്നനെ എന്റെ മനസ്സിലേക്ക് ഞങ്ങളെ നേരത്തേ വളരെ ധൈര്യപ്പെടുത്തിയ ആ സങ്കീർത്തനത്തിന്റെ വരികൾ കടന്നുവന്നു:"കണ്ണീരിൽ വിതയ്ക്കുന്നവർ ആർപ്പോടെ കൊയ്യും. വിത്തുചുമന്നു കരഞ്ഞും വിതെച്ചുംകൊണ്ടു നടക്കുന്നു. കറ്റചുമന്നും ആർത്തും കൊണ്ടുവരുന്നു".

അത് എന്തു തരത്തിലുള്ള നിയോഗമായിരുന്നു? ദൈവത്തിൽ നിന്ന് വളരെ കൃത്യവും സൂക്ഷ്മവുമായ നിർദ്ദേശം ലഭിക്കുമെന്ന കാര്യത്തിൽ എനിക്കിപ്പോൾ സംശയം തോന്നാൻ തുടങ്ങി.

ഞാൻ എങ്ങനെ എന്റെ ഭാര്യയെ അഭിമുഖീകരിക്കും? മാതാപിതാക്കളെ? സഭയെ? ദൈവം പ്രത്യേകമായ വിധത്തിൽ എന്റെ ഹൃദയത്തിൽ പ്രവർത്തിച്ചതാണെന്ന് ഞാൻ സഭാജനങ്ങളുടെ മുൻപിൽനിന്നു പറഞ്ഞതാണ് എന്നിട്ട് ഇപ്പോൾ തിരിച്ചുപോയി അവരോടു പറയണം: എനിക്കൊരു തെറ്റുപറ്റി, ദൈവത്തിന്റെ ഹൃദയത്തെ ഒട്ടും മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞില്ല!

**(തുടരും)**

## ദൈവസാന്നിധ്യബോധം എങ്ങനെ നിലനിർത്താം

*പേജ് 28 ൽ നിന്ന്*

ങ്കിലും ദൈവസാന്നിധ്യത്തിന്റെ അനുഗ്രഹം എന്നിലേക്കു കവിഞ്ഞൊഴുകിയ നാളുകൾ. എനിക്കറിയാം, ഞാനത് ഊന്നിപ്പറയുകയും ചെയ്യട്ടേ സുഹൃത്തേ, ഈ അനുഗ്രഹം തീർത്തും മുഴുവനായും ദൈവത്തിന്റെ കരുണയും നന്മയും മാത്രമാണ്. എന്തെങ്കിലും രീതികൾക്കോ, പദ്ധതികൾക്കോ സൂത്രപ്പണികൾക്കോ-അത് എന്തേതായാലും ശരി, പുസ്തകങ്ങളിൽ കണ്ടതായാലും ശരി-അവിടുത്തെ കൂടാതെ അതു നേടിയെടുക്കുവാൻ കഴിയുകയില്ല. അവിടുത്തെ കൂടാതെ ആർക്കും ഒന്നും ആകുവാൻ സാധ്യമല്ലല്ലോ.

തന്റെ സാന്നിധ്യത്തിൽ നമ്മെത്തന്നെ സൂക്ഷിക്കുന്നതിൽ നാം വിശ്വസ്തരാണെങ്കിൽ, തന്നെ 'എപ്പോഴും നമ്മുടെ കണ്ണിനു മുൻപിൽ' നാം വയ്ക്കുമെങ്കിൽ, തന്നെ മുറിപ്പെടുത്തുന്ന പാപം ബോധപൂർവ്വം ചെയ്യുകയില്ല എന്നതാണ് എന്റെ അനുഭവം. അപ്പോൾതന്റെ കൃപയും ശക്തിയും നമ്മുടെ ജീവിതത്തിലേക്കു നിരന്തരം ഒഴുകമല്ലോ.

ഇതിനും അപ്പുറത്തുള്ള ഒന്നുണ്ട്: ദൈവത്തോടൊപ്പം എപ്പോഴും ആയിരിക്കുമ്പോൾ നമ്മുടെ ഹൃദയത്തിൽ ഒരു 'വിശുദ്ധസ്വാതന്ത്ര്യം' (അങ്ങനെ പറയാമെങ്കിൽ) നൽകും. ദൈവത്തോട് കൂടുതൽ പരിചയവും അടുപ്പവും. അവിടുത്തെ സന്നിധിയിൽ പേടിച്ചോ, മടിച്ചോ, മിണ്ടാൻ വയ്യാതെ സ്തംഭിച്ചോ നിൽക്കാനുള്ളവരല്ല നാം. 'പുത്രൻ വന്നതു നമുക്കു സ്വാതന്ത്ര്യം വരുത്താനാണ്'.

തന്നെ നിരന്തരം ഓർക്കുന്നതുമൂലം ദൈവസാന്നിധ്യബോധം നമ്മെ സംബന്ധിച്ചിടത്തോളം ഒരു ശീലവും പിന്നീട് ഒരു സ്വഭാവവും ആയിത്തീരും എന്നാണു ഞാൻ കരുതുന്നത്.

നമ്മോടുള്ള അവിടുത്തെ വലിയ നന്മ-അവയ്ക്കു നാം ഒരിക്കലും അർഹരല്ലല്ലോ-ഓർത്തു ദൈവത്തിനു നന്ദി പറയാം.

ക്രിസ്തുവിൽ സഹോദരൻ.

●

---

## എഡിറ്റോറിയൽ തുടർച്ച *പേജ് 4 ൽ നിന്ന്*

പുറമേയുള്ള മനുഷ്യൻ നാൾക്കുനാൾ ക്ഷയിക്കുന്നു. എന്നാൽ അകമേയുള്ളവൻ അനുദിനം പുഷ്ടിപ്പെടുകയാണ്. ബാഹ്യമനുഷ്യന്റെ ശോഷണം മൂലം അധൈര്യം ഉണ്ടാകാൻ സാധ്യതയുണ്ട്. എന്നാൽ ആന്തരികമനുഷ്യൻ നവീകരിക്കപ്പെടുന്നതു വിശ്വാസത്താൽ കാണുന്നതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെടുന്നില്ല എന്നാണ് പൗലൊസിന്റെ സാക്ഷ്യം.

യേശുവിന്റെ ഉയിർത്തെഴുന്നേല്പ് പൗലൊസിന് കേവലം ഒരു ചരിത്രസംഭവം ആയിരുന്നില്ല. ജീവിതത്തിലെ മരണസാഹചര്യങ്ങളെ അധൈര്യപ്പെടാതെ അതിജീവിക്കുവാൻ ആ പുനരുത്ഥാനജീവനിലുള്ള പങ്കാളിത്തം പൗലൊസിനെ ശക്തിപ്പെടുത്തി.

യേശുവിന്റെ ഉയിർപ്പിന് നമ്മുടെ ജീവിതത്തിലുള്ള പ്രസക്തി എന്താണ്? നാം ദൈനംദിന ജീവിതത്തിൽ അവിടുത്തെ പുനരുത്ഥാനത്തിനു ജീവിതം കൊണ്ടു സാക്ഷിയായിത്തീരുന്നുണ്ടോ? (പ്രവൃ.1:22) എങ്കിൽ മാത്രമേ, ക്രിസ്തു 'നമ്മെ സംബന്ധിച്ചിടത്തോളം' ഉയിർത്തെഴുന്നേറ്റിട്ടുള്ളൂ. 'ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ....പ്രസംഗം വ്യർത്ഥം....വിശ്വാസവും വ്യർത്ഥം'.

●